പ്രദേശങ്ങളിലെ ആരോഗ്യ സേവനം മെച്ചപ്പെടുത്താൻ തീരുമാനിച്ചത്. പക്ഷേ ദൗർഭാഗ്യവശാൽ ഡോക്ടർമാരെ പി.എസ്.സി. മുഖേന നിയമിച്ചിട്ടും അവർ വന്ന് ജോയിൻ ചെയ്തിട്ടില്ല. ഏതാണ്ട് 620 ഡോക്ടർമാരെ നിയമിച്ചതിൽ ആകെ 213 പേർ മാത്രമാണ് വന്ന് ജോയിൻ ചെയ്തത്. അതുകൊണ്ട് ഡോക്ടർമാരുടെ അഭാവം വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. ഇവിടെ ബാക്കിയുള്ള ഒഴിവുകൾ മുഴുവൻ നികത്തുന്നതിന് ആവശ്യമായ സത്വര നടപടികൾ പി.എസ്.സി.-യുമായി ബന്ധപ്പെട്ട് എടുത്തുകൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ Hospital Attendant Grade-II, JPHN എന്നിവരെ ട്രാൻസ്ഫർ മുഖേന നിയമിച്ച് ഒഴിവു നികത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. Health Inspector, Junior Health Inspector Grade-II എന്നിവരുടെ പോസ്റ്റിംഗ് പ്രൊമോഷൻ വഴിയാണ്. അത് ഇപ്പോൾ വളരെ താമസിയാതെയാകും. അവരെ അടുത്തുതന്നെ നിയമിക്കും. അതുപോലെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പറുമായി ഇക്കാര്യത്തിൽ ചർച്ച നടത്തി വളരെവേഗത്തിൽ തന്നെ പരിഹാരം കാണുന്നതാണ്.

ധനകാര്യം

IV 2005-2006 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

[ചെയറിൽ ശ്രീ. എം. എം. ഹസ്സൻ]

ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായ നികുതിയും വില്പന നികുതിയും

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടേയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2005-2006 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. പ്രസ്തുത ധനാഭ്യർത്ഥനകൾ സംബന്ധിച്ച ഒരു നയരേഖയും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2005-2006 സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ (രൂപ)
		റവന്യൂ (രൂപ)	മൂലധനം (രൂപ)	
(1)	(2)	(3)	(4)	(5)
V	കാർഷികാദായനികുതിയും വില്പനനികുതിയും	61,79,87,000	..	61,79,87,000
VIII	എക്സൈസ്	50,24,12,000	..	50,24,12,000

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ

ധനാഭ്യർത്ഥന നമ്പർ V-കാർഷികാദായ നികുതിയും വില്പന നികുതിയും

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 61,79,87,000

ശ്രീ. എ. സി. മൊയ്തീൻ: സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,79,87,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നത് വഴി നികുതി വരുമാനം കൂട്ടുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ചചെയ്യുന്നതിന്.)

ശ്രീ. സാജു പോൾ: സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,79,87,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ വില്പന നികുതി വകുപ്പിലെ ചില ഉദ്യോഗസ്ഥർ വ്യാപാരികളെ അനാവശ്യമായി പീഡിപ്പിക്കുന്നതായി പറയപ്പെടുന്നതിനെ കുറിച്ച് ചർച്ച ചെയ്യുന്നതിന്).

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,79,87,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സംസ്ഥാനത്തെ വില്പന നികുതി വകുപ്പിലെ ചില ഉദ്യോഗസ്ഥർ വ്യാപാരികളെ അനാവശ്യമായി പീഡിപ്പിക്കുന്നതായി പറയപ്പെടുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്).

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,79,87,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വില്പന നികുതി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്).

ശ്രീ. രാജു എബ്രഹാം: സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,79,87,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

('വാറ്റ്' നടപ്പിലാക്കുന്നതിനെതിരെ വ്യാപാരികൾ പ്രഖ്യാപിച്ചിരിക്കുന്ന സമരം ജനങ്ങൾക്കുണ്ടാക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്).

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,79,87,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ വില്പന നികുതി ചെക്ക് പോസ്റ്റുകളിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതിയും ക്രമക്കേടും ചർച്ച ചെയ്യുന്നതിന്).

ഡോ. തോമസ് ഐസക്: സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,79,87,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ലോട്ടറി വ്യാപാരികളിൽ നിന്നും അനധികൃതമായി വില്പന നികുതി വകുപ്പ് നികുതി ഈടാക്കുന്നതായും അതുമൂലം അന്യസംസ്ഥാന ലോട്ടറികൾക്ക് ടിക്കറ്റു വില്പന നടത്താൻ കോടതി അനുമതി നല്കാൻ ഇടയായതായും പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്).

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,79,87,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഓൺലൈൻ ലോട്ടറികളുടെ വില്പന നികുതി കുടിശ്ശിക ഈടാക്കുന്നതിൽ കാണിക്കുന്നതായി പറയപ്പെടുന്ന അനാസ്ഥ ചർച്ച ചെയ്യുന്നതിന്.)

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. എം. വി. ജയരാജൻ: സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,79,87,000 ക.-യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എ. എ. അസീസ്: സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,79,87,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എം. കുമാരൻ: സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,79,87,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എൻ. രാജൻ: സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,79,87,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്.)

ധനാഭ്യർത്ഥന നമ്പർ VIII-എക്സൈസ്

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 50,24,12,000

ശ്രീ. എ. സി. മൊയ്തീൻ: സർ, (1) എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,24,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കൊച്ചി തുറമുഖം വഴി നടന്നതായി പറയപ്പെടുന്ന വ്യാജസ്പിരിറ്റ് ഇറക്കുമതി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,24,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(എക്സൈസ് വകുപ്പ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ യഥാസമയം സർക്കാരിലേക്ക് മുതൽക്കൂട്ടാതെ നശിക്കുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എം. കുമാരൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,24,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(അനധികൃത കെട്ടിടങ്ങളിലും ദൂരപരിധി ലംഘിച്ചും നിയമാനുസൃതമല്ലാതെയും പ്രവർത്തിക്കുന്ന മദ്യവില്പനശാലകൾ അടച്ചുപൂട്ടുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,24,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തേക്ക് നടക്കുന്നതായി പറയപ്പെടുന്ന അനധികൃത സ്പിരിറ്റ് കടത്ത് തടയുന്നതിൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് വരുത്തുന്നതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്.)

ശ്രീ. രാജു എബ്രഹാം: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,24,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തേക്ക് നടക്കുന്നതായി പറയപ്പെടുന്ന അനധികൃത സ്പിരിറ്റ് കടത്ത് തടയുന്നതിൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് വരുത്തുന്നതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,24,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സ്പിരിറ്റ് കടത്ത് മാഫിയായും എക്സൈസ് ഉദ്യോഗസ്ഥരും തമ്മിലുള്ളതായി പറയപ്പെടുന്ന കൂട്ടുകെട്ടുമൂലം സംസ്ഥാനത്തിനുണ്ടാകുന്നതായി പറയപ്പെടുന്ന റവന്യൂ ചോർച്ച സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,24,12,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വ്യാജമദ്യം കണ്ടെത്താൻ എക്സൈസ് വകുപ്പിൽ രൂപീകരിച്ച എക്സൈസ് ഇന്റലിജൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. സാജു പോൾ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,24,12,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഗവൺമെന്റിന്റെ എക്സൈസ് നയം ചർച്ച ചെയ്യുന്നതിന്.)

ഡോ. തോമസ് ഐസക്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,24,12,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(എക്സൈസ് ഡിപ്പാർട്ട്മെന്റിലുള്ളതായി പറയപ്പെടുന്ന അഴിമതി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. എം. വി. ജയരാജൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,24,12,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കാണിക്കുന്നതായി പറയപ്പെടുന്ന അനാസ്ഥ ചർച്ച ചെയ്യുന്നതിന്.)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,24,12,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഗവൺമെന്റിന്റെ എക്സൈസ് നയം ചർച്ച ചെയ്യുന്നതിന്.)

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. എ. അസീസ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,24,12,000 രൂ.യിൽ നിന്ന് ഒരു നൂറ് ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇന്ന് പ്രവർത്തനരേഖ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയിട്ടുണ്ട്. അതിൽ ഒന്നാമത് പറഞ്ഞിരിക്കുന്നത് ഈ മേഖലയിൽ പരമ്പരാഗതമായി പ്രവർത്തിക്കുന്ന തൊഴിലാളികളുടെ തൊഴിലും സേവനവേതന വ്യവസ്ഥകളും പരിരക്ഷിക്കുന്നതിനുതകുന്ന ഒരു നയമാണ് സർക്കാർ സ്വീകരിച്ച് നടപ്പിലാക്കിവരുന്നത് എന്നാണ്. ഇത് പൂർണ്ണമായി തെറ്റാണ്. 1610 കള്ളുഷാപ്പുകൾ ഇവിടെ പുനഃസ്ഥാപിച്ചിട്ടില്ല; അവ അടഞ്ഞുകിടക്കുകയാണ്. ചാരായത്തൊഴിലാളികളെ ഒരു ഷാപ്പിൽ ഒരാളെ വീതം വയ്ക്കണമെന്നുള്ള നിർദ്ദേശം ഇവിടെ കള്ളുചെത്തു തൊഴിലാളികൾ അംഗീകരിക്കുന്നില്ല. അതിന്റെ പേരിൽ 14 ഷാപ്പുകൾ പൂട്ടിയിട്ടിരിക്കുകയാണ്. ഇന്ന് എക്സൈസ് പോളിസി ഇവിടെ പ്രഖ്യാപിച്ചു. പൂട്ടിയിട്ടിരിക്കുന്ന കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കുന്നതു സംബന്ധിച്ച് ഒരക്ഷരംപോലും പറഞ്ഞിട്ടില്ല. ഇവിടെ വളരെ വർഷങ്ങളായി വയ്ക്കുന്ന പ്രധാനപ്പെട്ട ഒരു ഡിമാന്റ്, മദ്യഷാപ്പുകൾക്കുള്ള ദൂരപരിധി 200 മീറ്റർ മാത്രമാണ്. പക്ഷേ കള്ളുഷാപ്പിന്റെ ദൂരപരിധി 400 മീറ്ററാണ്. ഈ ദൂരപരിധിയെ സംബന്ധിച്ചിടത്തോളം ഒരക്ഷരംപോലും എക്സൈസ് പോളിസിയിൽ സൂചിപ്പിച്ചില്ല. അതുപോലെതന്നെ കള്ളുഷാപ്പിന്റെ വാടക പുതുക്കി നിശ്ചയിച്ചിരിക്കുന്നകാര്യം ഇവിടെ സൂചിപ്പിച്ചു. ശാസ്ത്രീയ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ഇത്തരത്തിലുള്ള ഒരു വ്യാഖ്യാനം ഇവിടെ നടത്തിയിരിക്കുന്നത്. ഇവിടെ ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള കാര്യമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഐക്യജനാധിപത്യമുന്നണിയുടെ തെരഞ്ഞെടുപ്പുനയം തന്നെ ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുമെന്നുള്ളതാണ്. ഇവിടെ ഉദയഭാനു കമ്മീഷൻ പറഞ്ഞിരിക്കുന്നത് വീര്യം കൂടിയ മദ്യത്തിൽ നിന്നും വീര്യം കുറഞ്ഞ മദ്യത്തിലേക്ക് ആളുകളെ കൊണ്ടുവരണമെന്നാണ്. ഇതായിരുന്നു ഏറ്റവും പ്രധാനപ്പെട്ട ഒരു ശുപാർശ. ഇക്കാര്യത്തിൽ എന്തെങ്കിലും ഒരു നടപടി, വ്യത്തിയുള്ള കള്ളുഷാപ്പുകൾ ഉണ്ടാക്കിക്കൊടുക്കാൻ അല്ലെങ്കിൽ കള്ളു വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും ഒരു താത്പര്യം ഈ ഗവൺമെന്റ് കാണിച്ചിട്ടില്ല എന്നുള്ളത് വളരെ വിമർശനത്തോടുകൂടിത്തന്നെ ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ചാരായ തൊഴിലാളികളുടെ കാര്യം ഇവിടെ പറഞ്ഞു. ചാരായ തൊഴിലാളികളെ പുനഃസ്ഥാപിക്കേണ്ടതാണ്. അവർക്ക് എത്രയോ മുമ്പുതന്നെ തൊഴിൽ കൊടുക്കേണ്ടതാണ്. ഇവിടെ ബിവറേജസ് കോർപ്പറേഷന്റെ 300-ൽപ്പരം ഷാപ്പുകളുണ്ട്. കൺസ്യൂമർ ഫെഡിന്റെ 46-ലധികം ഷാപ്പുകളുണ്ട്. ഇതിൽ ഒരു തൊഴിലാളിയെ എങ്കിലും ഒരു ഷാപ്പിൽപ്പോലും നിയോഗിക്കാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടില്ല എന്നുള്ളത് വളരെ ഖേദകരമാണ്. അവരെ കള്ളുഷാപ്പിൽ തന്നെയെടുക്കണമെന്നുള്ള ഒരു നിർബന്ധബുദ്ധിയിലാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും

എത്തിനിൽക്കുന്നത്. ബാർ ലൈസൻസുകൾ പുതുക്കുമ്പോൾ ഒരു ബാറിൽ ഒരു തൊഴിലാളി എന്നുള്ള നിർദ്ദേശം ബാറുകാർ കേൾക്കില്ലേ? ആ രൂപത്തിലുള്ള ഒരു സമീപനത്തിലേക്ക് ഗവൺമെന്റ് മാറണമെന്നുള്ള ഒരു അഭ്യർത്ഥനകൂടി ഞങ്ങൾക്ക് ഇക്കാര്യത്തിൽ വയ്ക്കാനുണ്ട്. അതോടൊപ്പംതന്നെ ഷാപ്പുകൾ ലേലം ചെയ്യുന്നതു സംബന്ധിച്ച് ഒരു consortium ഉണ്ടാക്കിയാൽ എല്ലാ ഷാപ്പുകളും ലേലത്തിൽ പോകും. ഇപ്പോൾ വില്പന കൂടുതലുള്ള ഷാപ്പുകൾ മാത്രമാണ് ലേലത്തിൽ പോകുന്നത്. വില്പന കുറഞ്ഞ ഷാപ്പുകൾ ലേലത്തിൽ പോകുന്നില്ല. അതുകൊണ്ട് അവരുമായി നടത്തിയ ചർച്ചയിലുണ്ടാക്കിയ ധാരണയനുസരിച്ചുള്ള ഒരു consortium എത്രയും പെട്ടെന്ന് രൂപീകരിച്ചുകൊണ്ട് ഈ രംഗത്ത് ഒരു തൊഴിൽസ്ഥിരത ഉറപ്പുവരുത്താൻ വേണ്ടിയുള്ള സമീപനം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇന്ന് വിദേശികൾപോലും കള്ളുഷാപ്പുകൾ തേടിയെത്തുന്ന ഒരു കാലഘട്ടമാണ്. ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ ഇവിടെ 'പാംലെഹർ' എന്ന ആരോഗ്യപാനീയം കെൽപാം എന്ന സ്ഥാപനം കണ്ടുപിടിച്ചിട്ടുണ്ട്. അത് വ്യാപിപ്പിക്കാൻ ഒരു നടപടിയുമുണ്ടായിട്ടില്ല. അതോടൊപ്പംതന്നെ ഇവിടെ കാർഷിക സർവ്വകലാശാല കണ്ടെത്തിയിട്ടുള്ള ഒരു ഉല്പന്നമാണ് 'കേരസുധ' എന്ന ആരോഗ്യപാനീയം. അത് വികസിപ്പിക്കാൻ വേണ്ടി നടപടി സ്വീകരിക്കണ്ടേ? അതിനെപ്പറ്റിയുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. കപ്പയും മീനും ചേർത്താൽ വിദേശത്തുപോലും വൻവിപണന സാധ്യതയുള്ള ഭക്ഷണമാണ്. നമ്മുടെ രുചികൾ ചിറകുവിടർത്തി പറക്കട്ടെ എന്നാണ് ഇപ്പോൾ നമ്മുടെ പരസ്യംതന്നെ. ഈ രൂപത്തിലുള്ള കയറ്റുമതി പോലെ എത്രയോ സാധ്യതകളാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ തുറന്നുകിടക്കുന്നത്. അന്തിക്കള്ള് ഗർഭകാലത്ത് സ്ത്രീകൾക്ക് കൊടുക്കുന്നത് നല്ലതാണെന്ന് പുരാണങ്ങളിൽപ്പോലും പറഞ്ഞിരിക്കുന്നു. അതിന് എത്രയോ വിപുലമായ, അനന്തമായ സാധ്യതകൾ തുറന്നുകിടക്കുമ്പോഴാണ് കള്ളുവ്യവസായത്തെ ഞെക്കിക്കൊല്ലാൻ ഈ ഗവൺമെന്റ് ശ്രമിക്കുന്നതെന്നുള്ള ഒരു ആക്ഷേപം ഞങ്ങൾക്കുണ്ട്. ഐക്യജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യമെങ്കിലും നടപ്പാക്കണ്ടേ? ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പാക്കുമെന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ പുതിയ ഗവൺമെന്റ് വന്നപ്പോൾ ഷാപ്പിൽ ഇരുന്നുകുടിക്കാൻ വേണ്ടി മാത്രമല്ല, റോഡിൽ കൂടി നടന്നുകുടിക്കാനുള്ള അനുവാദംകൂടി കൊടുത്തുകൊണ്ടുള്ള പ്രഖ്യാപനമാണ് വന്നത്. കാറിൽ ഇരുന്നുമാത്രമല്ല, കാറിൽ ഓടിനടന്ന് കുടിക്കാം. വധുവിനും വരനുമുൾപ്പെടെ കല്യാണപന്തലിൽ പോയി ഇരുന്നുകുടിക്കാം. എന്തായാലും പ്രഖ്യാപനം പിൻവലിച്ചതു കാര്യമായി. ഈ രൂപത്തിലുള്ള സമീപനം മുന്നുവർഷക്കാലംമുമ്പ് നമ്മുടെ മേലധ്യക്ഷന്മാർ, ഞങ്ങളൊക്കെ വളരെ ബഹുമാനിക്കുന്ന ആളുകളാണ്, ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചപ്പോൾ എത്രയോ ബഹളംവച്ച ആളുകളാണ്. പല ആളുകളുടേയും തലപോലും ഇപ്പോൾ കാണാനില്ല. ഇവിടെ നാലു വർഷമായി

LIBRARY ARCHIVES Kerala Legislative Assembly

വിദേശ മദ്യഷാപ്പുകളുടെ എണ്ണവും, ബാറുകളുടെ എണ്ണവും, എല്ലാം കൂടിയിട്ടും സൈബീരിയായിലെ കരടികളെപ്പോലെ മദ്യനിരോധനക്കാർ ഐസ് പാക്കറ്റിനുള്ളിൽ തല പൂഴ്ത്തിയിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നാൽ ഇവരെല്ലാം ഉയർത്തെഴുന്നേൽക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സാക്ഷരതയുടെയും ആരോഗ്യ പരിപാലനത്തിന്റേയും കാര്യത്തിൽ ഒന്നാം സ്ഥാനത്തു നിന്ന കേരളം ഇപ്പോൾ ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് മദ്യപന്മാരുടെ എണ്ണത്തിൽ ഒന്നാം സ്ഥാനത്തെത്തിനിൽക്കുന്നു. മദ്യപന്മാരുടെ എണ്ണത്തിൽ ഒന്നാമതായി എത്തിയ സംസ്ഥാനം ഇപ്പോൾ കഞ്ചാവ് ഉല്പാദനത്തിലും ഒന്നാം സ്ഥാനത്തു നിൽക്കുന്നു. ഇതു ചർച്ച ചെയ്യപ്പെടേണ്ട പ്രാധാന്യമുള്ള ഒരു വിഷയമാണ്. ഇന്നത്തെ നമ്മുടെ സിനിമകളും സീരിയലുകളുമൊക്കെ എന്താണ് പറയുന്നത്? വീര്യത്തിനുവേണ്ടി മദ്യം സേവിക്കണമെന്നാണ് പുതിയ തലമുറയെ പഠിപ്പിക്കുന്നത്. വീര്യത്തിനും വിനോദത്തിനും മദ്യമാണ് ഉത്തമമെന്നു പഠിപ്പിക്കുന്ന തരത്തിലേക്കു കാര്യങ്ങൾ എത്തി നിൽക്കുന്നതുകൊണ്ട് എന്താണ് സംഭവിച്ചിരിക്കുന്നത്? മദ്യത്തിന്റെ കാര്യത്തിൽ, ദേശീയ ശതമാനം 15 ആണെങ്കിൽ കേരളത്തിന്റേത് 16 ശതമാനമായി വർദ്ധിച്ചിരിക്കുന്ന ഒരു കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. മദ്യത്തിന്റെ ഗുണം ബഹുമാനപ്പെട്ട മന്ത്രിക്കുപോലും മനസ്സിലായി, ഡൽഹിയിൽ പത്രക്കാരെ സൽക്കരിച്ചത് മദ്യം വിളമ്പിക്കൊണ്ടായിരുന്നല്ലോ. അപ്പോൾ മുഖ്യമന്ത്രി തന്നെ ഇത്തരത്തിലുള്ള ഒരു സമീപനമാണ് സ്വീകരിക്കുന്നതെന്നാണ് കാണാൻ കഴിഞ്ഞത്. 14-3-2005-ൽ ഇത് സംബന്ധിച്ച് ഇവിടെ ഒരു കണക്കു വച്ചിട്ടുണ്ട്. മദ്യം കൊണ്ടുള്ള വരുമാനം 2003-ൽ 656 കോടി രൂപ. 2003-04-ൽ 663 കോടി രൂപ, 2004-05-ൽ 555 കോടി രൂപ. എന്താണ് പ്രശ്നം? ഇവിടെ വ്യാജമദ്യത്തിൽ ജനങ്ങളെ മുക്കിക്കൊല്ലുകയാണ്. കുടിയന്മാരുടെ എണ്ണം കൂടിയിട്ടും ബാറുകളുടെ എണ്ണം കൂടിയിട്ടും ഡിസ്റ്റിലറികളുടെ എണ്ണം കൂടിയിട്ടും വിദേശ മദ്യ ഷാപ്പുകളുടെ എണ്ണം കൂടിയിട്ടും എന്താണ് കേരളത്തിൽ കാണാൻ കഴിയുന്നത്? മദ്യവിൽപ്പനയിൽ സർക്കാരിന് വരുമാനമുണ്ടാക്കാൻ കഴിയുന്നില്ല. വളരെ ഗൗരവമായ പ്രശ്നമല്ലേ? ഇവിടെ ഗവൺമെന്റിന്റെ വരുമാനം കുറഞ്ഞുവരുന്നു. കേരളത്തിലെ എല്ലാ സാമൂഹ്യ സംഘടനകളും, കേരളത്തിൽ അനധികൃത മദ്യം കടന്നുവരുന്നതിനെ സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ പറയുകയുണ്ടായിട്ടുണ്ട്. അതു അടിവരയിട്ടു കൊണ്ടു ശരിവയ്ക്കുന്നതാണ്, ഇവിടെ ഗവൺമെന്റ് മുന്നോട്ടു വച്ചിട്ടുള്ള കണക്കുകൾ. വളരെ ഗൗരവമായി ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം എന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. അതുപോലെ തന്നെ അൻപതിലധികം ഡിസ്റ്റിലറികളിൽ നിന്നും അനധികൃതമായി ബാറുകളിലേക്ക്, ഗവൺമെന്റിൽ നികുതി അടയ്ക്കാതെ, മദ്യം ഒഴുകുന്നു എന്നുള്ള വാർത്തകളും പുറത്തു വന്നുകൊണ്ടിരിക്കുകയാണ്. അത്രമാത്രം ഗൗരവമുള്ള ഒരു പ്രശ്നം ഇന്നു കേരളത്തിലെ മദ്യമേഖലയിൽ കടന്നു

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുകയാണ്. പാൻ മസാലയടക്കമുള്ള ലഹരി പദാർത്ഥങ്ങൾ ഇന്നു എക്സൈസിന്റെ പരിധിയിൽ വരുന്നില്ല. സ്കൂളുകളിലും പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്ന കടകളിലും പാൻ പരാഗ്, പാൻ മസാല ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങൾ യഥേഷ്ടം വിറ്റഴിച്ചുകൊണ്ടിരിക്കുകയാണ്. പാരമ്പര്യ വൈദ്യന്മാരുടെ തലയിൽ കയറുന്ന എക്സൈസ് ഡിപ്പാർട്ടുമെന്റ് ഈ പാൻ മസാല, പാൻ പരാഗ് മുതലായ ലഹരി പദാർഥങ്ങൾ ആരോഗ്യ വകുപ്പിന്റെ കീഴിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇതിന്റെ രഹസ്യമെന്താണ്? അതോടൊപ്പം തന്നെ ഈ വകുപ്പിലുള്ള ചില ആക്ഷേപങ്ങൾ ഒഴിവാക്കണം. എക്സൈസ് ഗാർഡുമാരുടെ സ്ഥലംമാറ്റത്തിന്റെ കാര്യത്തിൽ, പാലക്കാട് ജില്ലയിൽ നിന്നും കടുത്ത ആക്ഷേപങ്ങൾ വരുന്നുണ്ട്, ഇടനിലക്കാരുടെ എണ്ണം പെരുകുന്നു തുടങ്ങിയ ആക്ഷേപങ്ങൾ നിലനിൽക്കുകയാണ്. എക്സൈസ് ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന സ്പിരിറ്റുകളെ സംബന്ധിച്ചിടത്തോളം, സ്പിരിറ്റ് ഡിസ്പോസൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ എത്രയും പെട്ടെന്ന് നടപ്പിലാക്കണം. നമ്മുടെ പല എക്സൈസ് ഓഫീസുകളും പോലീസ് സ്റ്റേഷനുകളും ഇന്ന് ഒരു പൊട്ടിത്തെറിയുടെ വക്കിലാണ്. ഏതു സമയത്തും ഒരു ദുരന്തം സംഭവിക്കുന്ന രൂപത്തിലാണ് നിൽക്കുന്നത്. ചില എക്സൈസ് ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന സ്പിരിറ്റുകൾ ലിറ്ററിന് 10 രൂപ വച്ചു കേസ്സുകൾ തീർപ്പാക്കുന്ന നടപടി, അതൊരു രഹസ്യ ഉടമ്പടിയാണ്. ഇക്കാര്യത്തിൽ സുതാര്യമായ സമീപനം സ്വീകരിക്കണം. പിടിച്ചെടുക്കുന്ന വാഹനങ്ങൾ ഉൾപ്പെടെ തുരുമ്പെടുത്തു പോകാതെ അതു വിൽക്കുന്ന കാര്യത്തിൽ ക്രിയാത്മകമായ ഒരു സമീപനം ഉണ്ടാകണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അന്തർ ജില്ലാ കള്ള് കടത്തലിന് ഒരു രൂപയാണ് കടത്തു കൂലി. പെർമിറ്റിന്റെ പാസ്സിന്റെ മറവിൽ എത്രയോ ലോഡുകളാണ് പാലക്കാട് അടക്കമുള്ള ജില്ലകളിൽ നിന്നും ദക്ഷിണ ജില്ലകളിലേക്കു കടന്നുവരുന്നത്. വൃക്ഷക്കരം അടയ്ക്കാതെ മറ്റു കരങ്ങൾ അടയ്ക്കാതെ തെങ്ങു ചെത്തുന്ന സമ്പ്രദായം കേരളത്തിലെ ചില ജില്ലകളിൽ നിലനിൽക്കുന്നു എന്നുള്ള ആക്ഷേപം പത്രമാധ്യമങ്ങളിൽ പലതവണ കടന്നുവന്നിരിക്കുന്നു. എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുള്ളത് പോലീസുകാരെ മദ്യമേഖലയിൽ നിന്നും ഒഴിവാക്കണം. എക്സൈസ് ഡിപ്പാർട്ടുമെന്റിന് ആയുധങ്ങൾ കൊടുക്കണം. അവർക്ക് മനഃകരുത്തുണ്ടാക്കണം. ഇന്നത്തെ അവസ്ഥ എന്താണ്? രണ്ടു ചാരായഷാപ്പും രണ്ടു പാറമടയും മൂന്നു മണൽ വാരൽ കടവുകളുമുള്ള ജില്ലയിൽ മാത്രമേ ചില പോലീസുദ്യോഗസ്ഥന്മാർ പോകൂ എന്നുള്ള നില വന്നാൽ, നാം എവിടെയാണ് കടന്നുചെല്ലുന്നത്? എത്രയോ ഗുരുതരമായ പ്രശ്നമാണ്. എനിക്കു സൂചിപ്പിക്കാനുള്ളത് എക്സൈസ് ഡിപ്പാർട്ടുമെന്റിനെ ശക്തിപ്പെടുത്തണമെന്നാണ്. നമ്മുടെ കസ്റ്റംസ് ഡിപ്പാർട്ടുമെന്റിൽ വലിയ കേസ്സുകൾ പിടിച്ചാൽ അവർക്ക് അതിന്റെ വിലയുടെ ഒരു ശതമാനം ഡിപ്പാർട്ടുമെന്റ് തന്നെ കൊടുക്കുന്നുണ്ട്. അതുപോലെ സ്പിരിറ്റ് പിടിച്ചാൽ അതിന്റെ പേർസെന്റേജു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നുണ്ടെങ്കിൽ അതിന്റെ റേറ്റ് വർദ്ധിപ്പിക്കണം. നല്ല റിവാർഡുകൾ കൊടുത്തുകൊണ്ടുള്ള നടപടികൾ വരണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്. ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് ഡിമാന്റ് ചർച്ചയ്ക്കു മുമ്പ് അസംബ്ളിയുടെ മേശപ്പുറത്തു വയ്ക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. പക്ഷേ നിർഭാഗ്യവശാൽ റിപ്പോർട്ട് വച്ചില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു അഭ്യർത്ഥന മാത്രമേയുള്ളൂ. അങ്ങ് പ്രഖ്യാപനങ്ങളുടെ എണ്ണം കുറയ്ക്കണം. ബാർ ഹോട്ടലുകൾക്ക് സ്റ്റാബു സമ്പ്രാദായം ഏർപ്പെടുത്തുമെന്ന് ഒരു പ്രഖ്യാപനം. ബാറുകാരെല്ലാം ഓട്ടം തുടങ്ങി. ഇവിടെ ബ്ളേഡു കമ്പനികൾക്ക് 12 ശതമാനം നികുതി ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്നലേയും മിനിഞ്ഞാന്നുമായി മുഴുവൻ ബ്ളേഡു കമ്പനിക്കാരും തലസ്ഥാനത്തെത്തി. നടപ്പാക്കാൻ കഴിയുന്ന പ്രഖ്യാപനങ്ങൾ നടത്തണം എന്നുള്ള ഒരു വിനീതമായ അഭ്യർത്ഥനകൂടി വച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> നിയമസഭാംഗം ശ്രീ. കെ. ബി. ഗണേഷ് കുമാറിന് ഇത്തവണത്തെ ടി.വി. അവാർഡ് ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹത്തെ ഈ സഭ ഒന്ന് അഭിനന്ദിക്കണം.

<u>മി. ചെയർമാൻ:</u> സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്താം.

<u>ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ:</u> സർ, ശ്രീ. വക്കം പുരുഷോത്തമൻ ഇവിടെ അവതരിപ്പിച്ച V-ാം നമ്പർ ധനാഭ്യർത്ഥനയേയും VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഞാൻ പിന്താങ്ങുകയാണ്. "ശരീരമാദ്യം കലുധർമ്മസാധനം" എന്നാണ് കാളിദാസൻ പറഞ്ഞിട്ടുള്ളത്. അതായത് ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ എന്നാണ്. നമ്മുടെ ധനകാര്യമന്ത്രിയും ഇതുപോലെ തന്നെയാണ്. നല്ല ആരോഗ്യമുള്ള ശരീരത്തിൽ നല്ല ആരോഗ്യമുള്ള ഒരു മനസ്സുള്ള മന്ത്രിയാണ് നമ്മുടെ ധനകാര്യവകുപ്പ്മന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ. അതുകൊണ്ടാണ് അദ്ദേഹം ഇത്രയും ശക്തമായ നിലപാടുകളുമായി മുന്നോട്ടു പൊയിക്കൊണ്ടിരിക്കുന്നത്. ഈ ധനാഭ്യർത്ഥനകൾ മന്ത്രി ഇവിടെ അവതരിപ്പിക്കുമ്പോൾ, സി.പി.എം. ആകെ പരിഭ്രാന്തിയിലാണ്. അവരുടെ കർമ്മശേഷിയുടെ വൃക്കയും ചിന്താശേഷിയുടെ തലച്ചോറുമൊക്കെ നശിച്ചു കഴിഞ്ഞു. സ്നേഹത്തിന്റെ ഹൃദയം അവർക്കു ജന്മനാൽ തന്നെ ഇല്ല. വന്നു വന്ന് ഉല്പാദന പ്രക്രിയയും തകരാറിലായി. ഷണ്ഡത്വം ഗ്രസിച്ച, ഹൃദയ ശൂന്യമായ മസ്തിഷ്ക്കവും വൃക്കയും നഷ്ടപ്പെട്ട് ദയനീയമായ ഒരു പ്രസ്ഥാനമായി മാറിയ സി.പി.എം. ഈ ഡിമാന്റുകളെ എതിർത്തില്ലെങ്കിലേ അത്ഭുതമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: അങ്ങിവിടെ വളരെ സാഹിത്യത്തിൽ ചാലിച്ചുകൊണ്ട് സി.പി.എം. നെ വിമർശിച്ചുകൊണ്ട് സംസാരിക്കുമ്പോൾ, ഇന്നലെ രാത്രിയിലെ ടി.വി. ചാനൽ വല്ലതും കണ്ടായിരുന്നോ? നെഞ്ചത്തടിച്ച് നിലവിളിച്ച് ശ്രീ. എ. കെ. ആന്റണി തെക്കു വടക്കു കിടക്കുന്നു. ഓടാൻ വയ്യെങ്കിലും വല്യച്ഛൻ ഇടതുവലതു കിടന്ന് ഓടുന്നതു കണ്ടായിരുന്നോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ശ്രീ. എ. കെ. ആന്റണി നടത്തിക്കൊണ്ടിരിക്കുന്നതു ഭഗവത് ദൂതാണ്. അതു ദുശ്ശാസനൻമാർക്കും ദുര്യോദനന്മാർക്കുമൊന്നും മനസ്സിലാകില്ല. നിങ്ങൾ ഇപ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദനോടു ചെയ്തുകൊണ്ടിരിക്കുന്നത് ആലോചിക്കുമ്പോൾ ഞങ്ങളൊക്കെ വളരെ ലിമിറ്റഡായിട്ടല്ലേ ചെയ്യുന്നത്. അതുപോലെ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് മെച്ചപ്പെട്ട ഭരണം കാഴ്ച വയ്ക്കാൻ യു.ഡി.എഫ്. സർക്കാരിനു കഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള, ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവർക്കുള്ള 300/400 രൂപയുടെ ചെക്കുകൾ കൊടുത്തതുപോലും മാറാൻ കഴിയാതിരുന്ന ഒരു കാലത്താണ് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നത്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ട്രഷറികൾ തുറന്നിരുന്നത് എന്തെങ്കിലും കിട്ടുമെങ്കിൽ അതു വാങ്ങാൻ വേണ്ടി മാത്രമായിരുന്നു. അല്ലാതെ ഒരു ദിവസവും ട്രഷറിയുടെ പ്രവർത്തനം മാന്യമായി നടന്നിട്ടില്ല. അതുപോലെ അവർ എന്തൊക്കെയാണ് ചെയ്തത്? ചെയ്തു കൂടാത്ത സാമ്പത്തിക തിരിമറികൾ നിർബ്ബാധം അവർ നടത്തിയില്ലേ? ഭവന നിർമ്മാണ പദ്ധതികൾക്കും മറ്റും ലഭിച്ച തുകകൾ പോലും വക മാറ്റി ചെലവഴിച്ചില്ലേ? സഹകരണ ബാങ്കുകളിൽ നിന്നും വെൽഫെയർ ബോർഡുകളിൽ നിന്നും നിർബാധം കോടികൾ കടമെടുത്തല്ലേ മാസം തോറും സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകിയത്. മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് റവന്യൂ കമ്മിയും ധന കമ്മിയും അടിക്കടി കൂടി വന്നു. Gross State Domestic Product 1995-96-ൽ 1.47 ശതമാനവും ധനക്കമ്മി 3.36 ശതമാനവും ആയിരുന്നു. 2000-ാമാണ്ട് ആയപ്പോഴേയ്ക്കും 5.80 ശതമാനവും ധനക്കമ്മി 7.25 ശതമാനവുമായി മാറി. പക്ഷേ 2003-04-ൽ 3.54 ശതമാനവും ധനക്കമ്മി 5.41 ശതമാനവുമായി കുറയ്ക്കാൻ കഴിഞ്ഞു. മുൻ ഗവൺമെന്റിന്റെ കാലത്താണ് പ്ലസ് ടു അദ്ധ്യാപകരെ നിയമിച്ചത്. ആ അദ്ധ്യാപകർക്ക് അന്ന് ശമ്പളം കൊടുത്തില്ല. അതുപോലെ ക്ഷേമനിധികൾ, സാമൂഹ്യ സുരക്ഷിത പെൻഷനുകൾ ഇവയിലെല്ലാം പതിനാറും പതിനെട്ടും ഇരുപത്തിനാലും തവണകൾ വരെ കുടിശ്ശിക വരുത്തിയിട്ടാണ് റവന്യൂ കമ്മി ഇത്രയും വർദ്ധിച്ചു വന്നത്. ഇതൊക്കെ കൊടുത്തിരുന്നുവെങ്കിൽ ഇതിന്റെയളവ് വളരെക്കൂടുമായിരുന്നു. 1999-ൽ GSDP-യുടെ 5.80 ശതമാനമായിരുന്നു റവന്യൂ കമ്മി. 2003-04-ൽ 3.59-ലേക്ക് പരിമിതപ്പെടുത്താൻ കഴിഞ്ഞത് അച്ചടക്കം പാലിച്ച ഒരു സാമ്പത്തിക മാനേജുമെന്റിന്റെ ഫലമായിട്ടാണ്. അതുപോലെതന്നെ ധനകമ്മി. 1999-2000-ൽ 7.25

LIBRARY ARCHIVES Kerala Legislative Assembly

ശതമാനമായിരുന്നുവെങ്കിൽ 2003-04-ൽ അത് 5.41 ആയി കുറയ്ക്കാൻ കഴിഞ്ഞു. ഈ അസാധാരണമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞത് കാര്യക്ഷമമായി നികുതി പിരിവ് നടത്തിയതുകൊണ്ടു മാത്രമാണ്. എപ്പോഴൊക്കെ എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നുവോ അപ്പോഴെല്ലാം നികുതി പിരിവ് വളരെ മോശമായിരുന്നുയെന്ന് കാണാം. അതുപോലെ നികുതിയേതര വരുമാനത്തിന്റെ കാര്യത്തിൽ കുറവ് അവരുടെ ഭരണകാലത്തുണ്ടായിട്ടുണ്ടെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. 1996-97-ൽ അവർ അധികാരത്തിലിരിക്കുമ്പോൾ നികുതി വരവ് 3898.50 കോടി രൂപയും നികുതിയേതര വരുമാനം 513.80 കോടി രൂപയുമായിരുന്നു. എന്നാൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന 2001-2002 കാലഘട്ടത്തിൽ നികുതി വരവ് 5923.42 കോടി രൂപ. നികുതിയേതര വരുമാനം 543.38 കോടി രൂപ. അത് 2003-2004 ആയപ്പോഴേയ്ക്കും 8022.27 കോടി രൂപയും നികുതിയേതര വരുമാനം 806.98 കോടി രൂപയുമായി വർദ്ധിച്ചു. നികുതിപിരിവിൽ ഭീമമായ കുതിച്ചുചാട്ടം നടത്തുകയും നികുതിയേതര വരുമാനത്തിൽ മെച്ചപ്പെട്ട പുരോഗതിയുണ്ടാക്കുകയും ചെയ്തതിന് മുൻ ധനകാര്യവകുപ്പു മന്ത്രിയായിരുന്ന ശ്രീ. കെ. ശങ്കരനാരായണനും ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമനും അഭിനന്ദനം അർഹിക്കുന്നവരാണ്. വിൽപ്പന നികുതിയിൽ മാത്രമല്ല ഭൂനികുതി, രജിസ്ട്രേഷൻ, എക്സൈസ്, വാഹന നികുതി എല്ലാത്തിനും മെച്ചപ്പെട്ട പുരോഗതി കൈവരിക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ശ്രീ. ശക്തൻ നാടാരെ ഇക്കാര്യത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ സർക്കാരിന് ഒരു ജനകീയമുഖം സംഭാവന ചെയ്യുന്നതിൽ ഏറ്റവും വലിയ പങ്ക് വഹിച്ചിട്ടുള്ള മന്ത്രി ശ്രീ. ശക്തൻ നാടാരാണെന്ന കാര്യത്തിൽ തർക്കമില്ല. അദ്ദേഹം വളരെ ഊർജ്ജിതമായിട്ട് മോട്ടോർ വാഹന നികുതി പിരിച്ചെടുക്കുന്നത് വളരെ ആശ്വാസകരമായിട്ടുള്ള ഒരു കാര്യമാണ്. അതുപോലെ 1999-2000-ൽ 34.67 കോടി രൂപ മാത്രം പിരിക്കാൻ കഴിഞ്ഞ ഭൂനികുതി 2003-2004-ൽ 40.58 കോടി രൂപയായി ഉയർന്നു. 1999-2000-ൽ 449 കോടി രൂപയായിരുന്ന എക്സൈസ് നികുതി 2003-2004-ൽ 655.9 കോടി രൂപയായി വർദ്ധിച്ചു. അതുപോലെ സെയിൽസ് ടാക്സ് പിരിവ് 1999-2000-ൽ 3843 കോടി രൂപയായിരുന്നുവെങ്കിൽ ഇപ്പോൾ അത് സർവ്വകാല റിക്കാർഡായി മാറി; 5991.43 കോടി രൂപയിലേക്ക് കുതിച്ചുചാടി. അതുപോലെതന്നെ മോട്ടോർ വാഹന നികുതി 2000-ൽ 350 കോടി രൂപയിൽ നിന്നും ഇപ്പോൾ 585.77 കോടി രൂപയായി വർദ്ധിച്ചു. മെച്ചപ്പെട്ട നികുതി പിരിവ്, മെച്ചപ്പെട്ട മാനേജുമെന്റ്, നികുതി നൽകേണ്ടവരോടുള്ള മാന്യമായ പെരുമാറ്റം ഇത്രയും മുഖമുദ്രയാക്കി മുന്നോട്ടുപോയതുകൊണ്ടാണ് യു.ഡി.എഫ്. സർക്കാരിന് സാമ്പത്തികമായി ഇത്രയും മുന്നേറ്റം നടത്താൻ കഴിഞ്ഞത്. അടുത്ത സാമ്പത്തിക വർഷത്തിന്റെ പ്രാരംഭത്തിൽ അതായത് within 14 days നമ്മൾ വാറ്റ് നടപ്പിലാക്കാൻ പോകുകയാണ്. എനിക്ക് അതുസംബന്ധിച്ച് ഒരു ചെറിയ ഭേദഗതിയുണ്ട്. വാറ്റ് (വാല്യൂ ആഡഡ് ടാക്സ്)-ന്റെ

LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസിലേഷൻ 'മൂല്യവർദ്ധിത നികുതി' എന്നാണ് പറഞ്ഞിരിക്കുന്നത്. അത് അങ്ങനെയല്ല തർജ്ജിമ ചെയ്യേണ്ടത്, അതിന് 'മൂല്യസംയോജിത നികുതി' എന്നാക്കി മാറ്റണം. ഞാൻ ഈ അടുത്ത ദിവസം ടെലിവിഷനിൽ ഒരു വ്യാപാരി പറയുന്നത് കേട്ടു. പത്ത് രൂപയുടെ ബ്രിട്ടാണിയ ബിസ്കറ്റ് ഒരു കടയിൽ വിൽക്കുമ്പോൾ 11 രൂപ, വേറൊരു കടയിൽ വിൽക്കുമ്പോൾ 12 രൂപ, മറ്റൊരു കടയിൽ വിൽക്കുമ്പോൾ 13 രൂപ. അങ്ങനെ അവസാനം വാങ്ങുമ്പോൾ 15 രൂപയാകും. അങ്ങനെ ഓരോ സ്ഥലത്തും നികുതി കൂടുന്നുയെന്നാണ് പ്രചരണം. മൂല്യവർദ്ധിതമെന്ന് കേൾക്കുമ്പോൾ തന്നെ ആളുകൾ തെറ്റിദ്ധരിച്ചുപോകും. അതുകൊണ്ട് മൂല്യസംയോജിത നികുതിയെന്നാക്കി മാറ്റണം. വാറ്റ്-നെ വ്യാപാരികൾ കൂട്ടത്തോടെ എതിർക്കാൻ വട്ടംകൂട്ടുകയാണ്. നികുതിദായകരിൽ നിന്നും പിരിക്കുന്ന നികുതി അവിഹിതമായി കയ്യിൽ വയ്ക്കുന്ന പ്രവണതയ്ക്ക് അന്ത്യം കുറിക്കുന്ന ഒരേർപ്പാടാണ് വാറ്റ്. അതാണ് അവരെ പ്രകോപിപ്പിക്കപ്പെടുന്നത്. അതുകൊണ്ടാണ് വ്യാപാരികൾ ഇതിനെ എതിർക്കുന്നത്. എന്നാൽ വാറ്റ് നടപ്പിലാക്കുന്നതോടുകൂടി വ്യാപാരികൾക്ക് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുണ്ടാകുന്ന പക്ഷം ആ ബുദ്ധിമുട്ടില്ലാതാക്കാൻ സൗജന്യ മനോഭാവം കാണിക്കാൻ ഗവൺമെന്റ് മടിക്കരുത് എന്നാണ് എനിക്ക് പറയുവാനുള്ളത്. ഒരു ചെറിയ പ്രശ്നമുള്ളത് 2004-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീ. കെ. ശങ്കരനാരായണൻ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് യൂണിറ്റുകൾ ഉണ്ടാക്കുന്ന 25 ലക്ഷത്തിന് മുകളിൽ ടേൺ ഓവർ ഉള്ളവരെ ഷെഡ്യൂൾ ഒന്നിൽ നിന്ന് ഷെഡ്യൂൾ മൂന്നിലേയ്ക്ക് മാറ്റിയത് അദ്ദേഹംതന്നെ അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പിന്നീട് പിൻവലിച്ച് ഷെഡ്യൂൾ ഒന്നിൽ ഉൾപ്പെടുത്തിയിരുന്നു. അത് വീണ്ടും ഈ വർഷം ഷെഡ്യൂൾ ഒന്നിൽ നിന്ന് ഷെഡ്യൂൾ മൂന്നിലേക്ക് മാറ്റിയത് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ അത് ചെയിഞ്ച് ചെയ്തുകൊണ്ട് സഭയിൽ പറഞ്ഞാലും ഇപ്പോൾ അതിനകത്ത് ഒരു സ്റ്റാർ ഇട്ടിട്ട് 49 products notified by the Khadi and Village Industries Commission to the point of sale by the manufacturing units those annual turnover does not exceed 25 lakhs എന്നു പറയുമ്പോൾ hand made matches, fire works, agarbathies, hand made soaps ഇതൊക്കെ വരും. ഇത് സത്യത്തിൽ ഒരു കടുംകൈയാണ്. ഏതോ ഉദ്യോഗസ്ഥ കിങ്കരൻമാർ എന്നുവേണം പറയാൻ. കാരണം ഇതിനുമുൻപ് സഭയുടെ മുൻപാകെ വരുകയും സബ്ജക്ട് കമ്മിറ്റിയിൽ പോയപ്പോൾ രഹസ്യമായി അതിനകത്ത് കടത്തിക്കൊണ്ടു വരുകയും സഭയിൽവന്ന് പിൻവലിക്കപ്പെട്ടത് വീണ്ടും പുറംവാതിലിൽക്കൂടി തട്ടിക്കയറ്റാൻ ശ്രമിക്കുകയും ചെയ്യുന്നത് ഏതോ കുത്സിതനായ ഉദ്യോഗസ്ഥന്റെ കരങ്ങളാണെന്ന് ന്യായമായി സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അത് ശ്രദ്ധിക്കണം. വ്യാപാരികൾക്ക് പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാകുന്നുവെങ്കിൽ അങ്ങ് സൗജന്യ മനോഭാവം കാണിക്കണം. വിൽപ്പന നികുതി പിരിവിന്റെ കാര്യത്തിൽ കിട്ടാവുന്ന മുഴുവൻ നികുതികളും

LIBRARY ARCHIVES Kerala Legislative Assembly

പിരിച്ചെടുക്കുന്നില്ലെന്നുള്ള പരാതി എനിക്കുണ്ട്. 2005 ഫെബ്രുവരി മാസം 1-ാം തീയതി തന്ന മറുപടിയിൽ അങ്ങ് പറഞ്ഞിട്ടുണ്ട് 2004 ഡിസംബർ 31-വരെ 2702.31 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന്. അതുപോലെ 2004 ഡിസംബർ 31-വരെ 184.71 കോടി രൂപയ്ക്ക് സർക്കാർ സ്റ്റേയും അനുവദിച്ചിട്ടുണ്ട്. ഈ സ്റ്റേ പത്ത് ശതമാനത്തിൽ താഴെയാണ്. പക്ഷെ പിരിച്ചെടുക്കാനുള്ള തുക പിരിച്ചെടുക്കുന്നതിനു വേണ്ടിയുള്ള സെറ്റിൽമെന്റ് കമ്മീഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി ഈ രംഗത്ത് വൻപിച്ച മാറ്റങ്ങളുണ്ടാക്കണം. ഇപ്പോൾ ഈ രംഗത്ത് വൻപിച്ച അഴിമതിയാണ് നടക്കുന്നത്. അതിൽ ഒരു സംശയവുമില്ല. ചെക്ക് പോസ്റ്റുകളെല്ലാം അഴിമതിയുടെ കൂത്തരങ്ങുകളായി മാറിയിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഗവേഷണം നടത്തിയിട്ടുള്ള ആളുകളാണ് ചെക്കുപോസ്റ്റുകളിൽ ഇരിക്കുന്നത്. ഈവക കാര്യങ്ങളിൽ ആർക്കും ഒരു ട്രെയിനിംഗും ഇല്ല. ഞാൻ ചോദിക്കട്ടെ, വണ്ടികളിൽ വരുന്ന ചരക്കുകൾ എന്താണെന്നറിയാൻ സെയിൽസ് ടാക്സിലിരിക്കുന്ന ഉദ്യോഗസ്ഥൻമാർ കണിയാൻമാരാണോ? അവർ ആറ്റുകാൽ രാധാകൃഷ്ണന്റെ ശിക്ഷ്യൻമാർ വല്ലവരുമാണോ? അല്ലല്ലോ. ഇവർ ചെയ്യുന്നത് ഒരു കമ്പിപ്പാരവെച്ച് കുത്തിനോക്കും. എന്നിട്ട് താഴെയിറങ്ങും. ഞാൻ എപ്പോഴും ശ്രദ്ധിച്ചിട്ടുള്ളതാണ്. ഈ വണ്ടിയിലുള്ള സാധനമെന്താണെന്നുള്ള യഥാർത്ഥ വിവരം അറിയണമെങ്കിൽ നമ്മൾ കൂലിക്കാരനെ കയറ്റി ലോറിയിൽ നിന്നും ചാക്ക് താഴെയെടുത്ത് അഴിച്ച് നോക്കണം അതുകൊണ്ട് ചെക്ക്പോസ്റ്റ് പരിശോധനയിൽ മാറ്റം വരുത്തണം. ഐ.ടി-യുടേയും ബി.ടി-യുടേയും കാലമാണല്ലോ. ഇക്കാര്യത്തിൽ മാത്രമെന്തേ ടെക്നോളജി ഇല്ലാത്തത്. ഇക്കാര്യത്തിൽ മാത്രമെന്തേ ടെക്നോളജി അഡോപ്റ്റ് ചെയ്യാൻ കഴിയാത്തത്. അതുകൊണ്ട് എക്സ്റേ പോലുള്ള സാധനങ്ങളുപയോഗിച്ച് പരിശോധിക്കണം. മന്ത്രിമാർ വിദേശ രാജ്യങ്ങളിൽ പോകുന്നുണ്ടല്ലോ. ഇതുകൂടി പഠിക്കാൻ മന്ത്രി പോകണം. ഏതെങ്കിലും വിദേശ രാജ്യങ്ങളിൽപോയി അവരുടെ ചെക്ക് പോസ്റ്റുകളിലെ പരിശോധന എന്തൊക്കെരീതിയിൽ

11.00 A.M.] അത്യാധുനികവൽക്കരിച്ചിട്ടുണ്ടെന്ന് പഠിച്ച് അത് കേരളത്തിലും ചെയ്യണം. കാരണം കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. അമരവിള ചെക്ക്പോസ്റ്റായാലും ആര്യങ്കാവ് ചെക്ക്പോസ്റ്റായാലും വാളയാർ ചെക്ക്പോസ്റ്റായാലും തലപ്പാടി ചെക്ക്പോസ്റ്റായാലും ഈ ചെക്ക്പോസ്റ്റുകൾ വഴി കടന്നുവരുന്ന മുഴുവൻ ഉൽപ്പന്നങ്ങളും നല്ല ഉൽപ്പന്നങ്ങളാണോയെന്ന് പരിശോധിക്കാൻ ശാസ്ത്രീയ പരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ തയ്യാറാകണം. എങ്കിൽ മാത്രമെ കള്ളക്കടത്ത് ഫലപ്രദമായി തടയാൻ കഴിയുകയുള്ളൂ. കോടിക്കണക്കിന് രൂപയുടെ കേസുകൾ കോടതിയുടെ മുൻപാകെ കെട്ടിക്കിടക്കുകയാണ്. നികുതിദായകരിൽ നിന്നും പിരിച്ചെടുത്ത തുകയാണ്. ഇത് വർഷങ്ങളോളം കയ്യിൽവച്ച്, ഗവൺമെന്റിന് ലഭിക്കേണ്ടതായിട്ടുള്ള തുകയിട്ട് വ്യാപാരികൾ കളിക്കുകയാണ്. അവരുടെ ക്യാപ്പിറ്റലായി ഉപയോഗിച്ചിരിക്കുന്നത് ജനങ്ങളുടെ കൈയിൽ നിന്നും പിരിച്ചെടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പണംതന്നെയാണ്. അതുകൊണ്ട് ആര് കേസിനുപോയാലും ഈ തുക മുഴുവൻ ഗവൺമെന്റിന് അടച്ചാൽ മാത്രമേ അങ്ങനെ പാടുള്ളുയെന്ന് വ്യവസ്ഥ ചെയ്യണം, ഗവൺമെന്റ് കേസിൽ തോറ്റാൽ പൈസ മടക്കിക്കൊടുക്കാം. ആ പണം അടച്ചിട്ട് കേസിന് പോകണമെന്നുള്ള വ്യവസ്ഥ വച്ചാൽ ഈ സ്റ്റേറ്റിന്റെ വരുമാനം വർദ്ധിക്കും. മറ്റൊരു നികുതിയും പിരിച്ചില്ലെങ്കിൽപോലും വിൽപ്പനനികുതി കൊണ്ടുതന്നെ സംസ്ഥാനത്തിന്റെ ചെലവ് മുഴുവൻ വഹിക്കാൻ കഴിയും, പഴുതില്ലാത്ത നികുതി പിരിവ് നടത്തണമെന്നുമാത്രം. ഈ കാര്യത്തിൽ പഴുതുണ്ടാകാൻ പാടില്ല. കാർഷികാദായ നികുതിയെപ്പറ്റി പറയാനുണ്ട്. മാതൃഭൂമി അടക്കം മനോരമ അടക്കം, പത്രത്തിൽ എഡിറ്റോറിയൽ ഉണ്ട്. 2001-ൽ 1.87 കോടി രൂപ മാത്രമായിട്ടാണ് നമ്മൾ കാർഷികാദായ നികുതി ആരംഭിച്ചത്. 2004-2005-ൽ അത് 9.71 കോടി രൂപയായി ഉയർന്നിട്ടുണ്ട്. എത്ര ചെറിയ വരവ് ആണെങ്കിലും അത് വേണ്ടെന്ന് വയ്ക്കാൻ ഒക്കാത്ത പതനത്തിലേക്ക് ധനകാര്യ മന്ത്രിമാർ എത്തിച്ചേർന്നിട്ടുണ്ട് എന്ന് സമ്മതിച്ചേ മതിയാകൂ. അത് സത്യം തന്നെയാണ്. പക്ഷേ ഈ നികുതിയുടെ കാര്യത്തിൽ അങ്ങ് ഒരു ഉദാരമന:സ്ഥിതി കാട്ടിയിട്ടുണ്ട്. അതായത് നികുതി ഇളവിന്റെ പകുതി അങ്ങ് വർദ്ധിപ്പിച്ച കാര്യം ഞാൻ ഓർക്കുന്നു. ഈ നികുതി പിരിക്കാനുള്ള ചെലവും അതിൽനിന്നുള്ള വരവുംകൂടി തട്ടിച്ചുനോക്കുമ്പോൾ ഈ നികുതി വേണ്ടെന്ന് വയ്ക്കുന്നതല്ലേ നല്ലത്? കേരളത്തിലെ കർഷകർ രാജ്യാന്തര മത്സരത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്. നമ്മൾ മത്സരിക്കുന്നത് മറ്റു രാജ്യങ്ങളുമായിട്ടാണ്. ഇവിടെ കാർഷിക വിളകൾ ഉൽപ്പാദിപ്പിക്കാനുള്ള ചെലവ് വളരെ കൂടുതലാണ്. ഉൽപ്പാദനക്ഷമത വളരെ കുറവുമാണ്. ആ നിലയിൽ ഉയർന്ന ഉൽപ്പാദനക്ഷമതയും കുറഞ്ഞ ഉൽപ്പാദന ചെലവുമുള്ള രാജ്യത്തിലെ കർഷക രാക്ഷസൻമാരുമായി നമ്മുടെ കർഷകർ നടത്തുന്ന സമരം സമ്പന്നൻമാരുടെ മത്സരമല്ല. അത് ചൂതാട്ടംപോലെ നടത്തുന്ന മത്സരമാണ്. ഈ ഭീമൻമാരോട് എങ്ങനെ മത്സരിക്കും? ഏലം, ചുക്ക്, കുരുമുളക്, കശുവണ്ടി, കാപ്പി അങ്ങനെ എല്ലാ രംഗങ്ങളിലും നമ്മളോട് കോംപീറ്റ് ചെയ്യുവാൻ വിവിധ രാജ്യങ്ങൾ തയ്യാറെടുത്തിരിക്കുകയാണ്. അവിടെ തൊഴിലാളികളുടെ കൂലി വളരെ കുറവാണ്. ഉൽപ്പാദനച്ചെലവ് കുറവാണ്. ഉൽപ്പാദനക്ഷമത കൂടുതലാണ്. നമുക്ക് ആ കാര്യത്തിൽ ഗൗരവമായ ചിന്തയുണ്ടാകണം. അതുകൊണ്ട് ഈ കാർഷികാദായ നികുതി എടുത്തു കളയുന്ന കാര്യം അങ്ങ് പരിഗണിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുപോലെ സംസ്ഥാനത്തിന്റെ വരവിനത്തിൽ സ്ഥാനമുള്ള ഒരു വകുപ്പാണ് എക്സൈസ്. ഒരുകാലത്ത് മദ്യനിരോധനം ഭരണത്തിന്റെ മുഖമുദ്രയായിരുന്നു. അന്ന് മദ്യനിരോധനംകൊണ്ട് ഉണ്ടാകുന്ന നികുതി നഷ്ടം ഒഴിവാക്കാൻ ശ്രീ. രാജഗോപാലാചാരി കണ്ടെത്തിയ മാർഗ്ഗമാണ് വിൽപ്പന നികുതി. മദ്യനിരോധനംമൂലം ഉണ്ടാകുന്ന നഷ്ടം തട്ടിക്കഴിച്ചു കിട്ടുന്നതിനുവേണ്ടി കണ്ടെത്തിയ സെയിൽസ് ടാക്സ്. അതായിരുന്നു ഇന്ന് സെയിൽസ് ടാക്സ് ഉണ്ട്. മദ്യവും ഉണ്ട്. ഇന്ന് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതി എന്താണ്? ഇന്ന് നമ്മുടെ സംസ്ഥാനത്ത് മദ്യം ഒരു പ്രധാന ഉപഭോക്തൃ വസ്തുവായി തീർന്നു. പണ്ട് ഒളിച്ചും പതുങ്ങിയുമാണ് മദ്യം ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്ന് മദ്യം ഉപയോഗിക്കാത്തവരാണ് ഒളിച്ചും പതുങ്ങിയും നടക്കുന്നത്. മദ്യപിച്ചവൻ കൈവീശി കൂസലില്ലാതെ നടക്കുമ്പോൾ മദ്യപിക്കാത്തവർ ഒളിച്ചും പതുങ്ങിയും നടക്കുന്ന ഒരു കാലഘട്ടമാണ്. ഇന്ന് പെൺകുട്ടികളുടെ ഇടയിൽപോലും ആൺകുട്ടികളെക്കുറിച്ച് ഒരു മതിപ്പ് ഉണ്ടാകണമെങ്കിൽ ഒരു പെഗ് എങ്കിലും അടിക്കുന്നവനായിരിക്കണം പയ്യൻ എന്നുള്ള സ്ഥിതി ആയിരിക്കുന്നു. മദ്യം ഒരു ഹരമായി തീർന്നിരിക്കുകയാണ്. അതിന്റെ വിപത്തിനെക്കുറിച്ച് അറിയുമ്പോഴേയ്ക്കും കാലം കടന്നിരിക്കും.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട പ്രതാപവർമ്മ തമ്പാൻ പറഞ്ഞല്ലോ പെൺകുട്ടികൾക്ക് ആണുങ്ങളോട് മതിപ്പ് ഉണ്ടാകണമെങ്കിൽ അൽപ്പമെങ്കിലും മദ്യം ഉപയോഗിക്കണമെന്ന്. ശ്രീ. തമ്പാന്റെ ശ്രീമതി അങ്ങയെ കണ്ടെത്തിയത് ഈ വിധത്തിലാണോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ശ്രീ. ബാബു സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ പറഞ്ഞതാണെന്ന് എനിക്കറിയാം. പിന്നെ കൂടുതൽ കിക്ക് കിട്ടുന്ന സാധനം തന്നെ കുറച്ച് കഴിയുമ്പോൾ വേണം. മീതൈൽ ആൽക്കഹോളും മനുഷ്യന്റെ മൃതശരീരം ദ്രവിക്കാതെ സൂക്ഷിച്ചശേഷം ഒഴുക്കിക്കളയുന്ന ഫോർമാലിനും ഒക്കെ ചേർത്ത സ്പിരിറ്റ് കഴിച്ചാലേ ശരിയാവൂ എന്ന അവസ്ഥയിൽ അവസാനം എത്തും. നമ്മുടെ നാളത്തെ തലമുറയെ അധഃപതനത്തിന്റെ നെല്ലിപ്പലകയിൽ എത്തിക്കണോ എന്ന കാര്യം നാം ചിന്തിക്കണം. അതുകൊണ്ട് മദ്യം കഴിക്കുന്നവർ കഴിക്കട്ടെ. നല്ലത് കൊടുക്കൂ. കുറഞ്ഞ വിലയ്ക്ക് കൊടുക്കൂ. കരൾ കത്തുന്ന സ്പിരിറ്റ് വേണോ, ആമാശയവും കുടലും തകരുന്ന ജീർണ്ണിച്ച ശവശരീരം കിടന്ന ഫോർമാലിൻ ചേർത്ത മദ്യം വേണോ, ഡൈസിഫാമും കഞ്ചാവുംകൂടി ചേർത്തു കൊടുത്ത വിഷം കലർന്ന കള്ളുവേണോ, അതോ വിഷം ചേർക്കാത്ത നല്ല പരിശുദ്ധമായ കള്ള് വേണോ എന്ന് ഭരണാധികാരികൾ തീരുമാനിച്ചാൽ മതി. തടിയൻകായിൽ നവസാരം കുത്തിനിറച്ച് അതിൽനിന്നും രാസപദാർത്ഥം ചേർത്ത് കോൺസൻട്രേറ്റ് ചെയ്ത് ഉണ്ടാക്കുന്ന കള്ളുണ്ട്. ഇപ്പോൾ ഇവിടത്തെ സകല തെങ്ങും പനയും കമുകും മാവും എല്ലാംകൂടി ചെത്തിയാലും ഇപ്പോൾ കള്ളുഷാപ്പിൽനിന്നും കിട്ടുന്ന കള്ള് കിട്ടുകയില്ല. ഇന്ന് അത്രയും കള്ള് ഇവിടെ കൺസംപ്ഷനുണ്ട്. പക്ഷേ കള്ളുഷാപ്പ് നിറയെ കള്ളുമാണ്. ഈ കാണുന്ന മരങ്ങൾ മുഴുവനും പിടിച്ചിട്ട് ചെത്തിയാലും കുടിച്ചുതള്ളുന്ന കള്ളിന്റെ അളവ് വരില്ല. അപ്പോൾ എവിടെനിന്നാണ് ഇത്രയും കള്ള് ഉണ്ടാകുന്നത്? ഈ കോൺസൻട്രേറ്റിനകത്ത് സ്പിരിറ്റ്കൂടി ചേർത്ത് കൊടുക്കുന്ന കള്ളാണ് കള്ള്ഷാപ്പിൽനിന്നും കിട്ടുന്നത്. കല്ലുവാതുക്കലിൽനിന്നും കഴിഞ്ഞയാഴ്ച പിടിച്ചെടുത്തത് 900 ലിറ്റർ ചാരായമാണ്. ഇപ്പോൾ കള്ളുഷാപ്പുകൾവഴി

LIBRARY ARCHIVES Kerala Legislative Assembly

സ്പിരിറ്റ് കലർത്തിയ കള്ളാണ് കിട്ടുന്നത്. ഇത് സംബന്ധിച്ച് പരാതി കൊടുത്താൽ എങ്ങനെയിരിക്കും? പതിനായിരങ്ങളും ലക്ഷങ്ങളും മറിയുന്ന ബിസിനസാണിത്. പോലീസിനും എക്സൈസിനും മാസപ്പടിയും വിശേഷപ്പടിയും കിട്ടുന്നതുകൊണ്ട് അവർ കണ്ണടയ്ക്കുകയാണ്. ഇത് തടയുന്നതിനുള്ള സംവിധാനം ഇല്ല. പണ്ട് കുടിയാൻമാർ ജന്മിക്ക് കൊടുക്കുന്ന മാമൂൽ ഉണ്ട്. പാട്ടച്ചീട്ട് എഴുതുമ്പോൾ ജൻമി ഒപ്പിടുന്നതിന് ഒപ്പുതുശി എന്ന പേരിൽ പണം കൊടുക്കും. ഇവിടെ കള്ളുഷാപ്പോ സ്റ്റാർ ഹോട്ടലോ അനുവദിക്കുന്നതിന് കാണിയ്ക്ക. അത് കഴിഞ്ഞിട്ട് ഉന്നതതലത്തിൽ ഒപ്പിടുന്നതിന് ഒപ്പുതുശി. പിന്നെ ലൈൻസിൽ മുദ്രവയ്ക്കുന്നതിന് പടി കൊടുക്കണം. പിന്നെ മാസപ്പടി, പിന്നെ അഞ്ചടി കൊടുക്കണം. അതായത് വിഷു, ഓണം, പ്രസവം, കല്യാണം, പുലകുളി ഇവയ്ക്കെല്ലാം കുടിയാൻ നെല്ലും കുലയും വാഴയും ചേനയും ഒക്കെ കൊടുക്കണമെന്ന് പറയുന്നതുപോലെ ഇത് കൊടുക്കണം. പിന്നെ സംഘടന ഉദ്യോഗസ്ഥൻമാർക്ക് മുതൽ സ്റ്റേറ്റ് കമ്മിറ്റിക്കുവരെ കൊടുക്കണം. മദ്യനിരോധനം വേണമെന്ന് ആവശ്യപ്പെടാൻ എന്നെ പ്രേരിപ്പിച്ച ഘടകം ഇതൊക്കെ തന്നെയാണ്. അത്രയ്ക്കും ഈ രംഗം അഴിമതി നിറഞ്ഞിരിക്കുകയാണ്. ഇത് സംബന്ധിച്ച കൂടുതൽ കണ്ടെത്തൽ ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് പിറകേവരാൻ ഇരിക്കുന്നതുകൊണ്ട് ഞാൻ കൂടുതലായി പറയുന്നില്ല. അതുകൊണ്ട് തന്റെ ഇച്ഛാശക്തികൊണ്ട് അസംഭവ്യം എന്ന് കരുതപ്പെട്ട സംഭവത്തെ യാഥാർത്ഥ്യമാക്കി ഒരു ചാരായവിമുക്ത കേരളം, കേരളത്തിൽ കാട്ടിതന്ന, പടിപടിയായി കേരളത്തെ മദ്യവിമുക്തമാക്കുന്ന വലിയ സ്വപ്നത്തിന്റെ ഭാഗമായി സാക്ഷാത്ക്കരിക്കാൻ ശ്രമിച്ച ശ്രീ. എ. കെ. ആന്റണിയെ ചരിത്രം എന്നും ആദരവോടെ ഓർക്കും എന്ന് ഇത്തരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ പിന്നീടുവന്ന ഭരണം അന്നത്തെ മദ്യനയത്തെ രക്തത്തിൽ മുക്കിക്കൊന്നത് എന്തിനുവേണ്ടിയായിരുന്നു? അതെല്ലാം കുട്ടിസഖാക്കളുടെ കീശ വീർപ്പിക്കാനുള്ള ഉപാധിയാക്കി മാറ്റുന്നതിനുവേണ്ടിയായിരുന്നു. എന്നാൽ ഈ മദ്യനയത്തിന്റെ പാളിച്ചകൾ തിരിച്ചറിയുകയും അത് തിരുത്തുവാൻ ഇപ്പോഴത്തെ യു.ഡി.എഫ്. സർക്കാർ ശ്രമിക്കുകയും ചെയ്യണം എന്നാണ് എനിക്ക് പറയാനുള്ളത്. 1-ാം തീയതി മദ്യഷാപ്പുകൾക്ക് അവധി നൽകുന്ന നയം എത്ര അർത്ഥശൂന്യമാണെന്ന് കരുതിക്കൊണ്ട് പിൻവലിച്ചു. എന്നാൽ വ്യാജമദ്യവിൽപ്പനക്കാരുടെ ഏജന്റുമാർ ആണോ എന്ന് സംശയിക്കുന്ന പ്രകടനത്തിലൂടെയുള്ള ആ ശ്രമത്തെ അട്ടിമറിക്കാനാണ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിൽ പ്രതിപക്ഷം ഇവിടെ ശ്രമിച്ചത്. വിഷച്ചാരായം കഴിച്ച് കേരളത്തിലെ ജനങ്ങൾ കൂട്ടമായി മരിച്ചാൽ ആ ശവകൂമ്പാരത്തിൽ ഒരു ഭരണസൗധം കെട്ടിപ്പൊക്കാൻ കഴിയുമോ എന്നാണ് അവർ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. അത് മനസ്സിലാക്കിക്കൊണ്ടാണ് ഗുണനിലവാരമുള്ള മദ്യം ന്യായമായ വിലയ്ക്ക് വിതരണം ചെയ്യണമെന്ന് തീരുമാനിക്കുന്നത്. അതുപോലെ എനിക്ക് പറയാനുള്ളത്. വെട്ടിനിരത്തലിന്റേയും കൊന്നൊടുക്കലിന്റേയും മലപ്പുറം കത്തിയുടേയും പണം കാട്ടി ചേരിമാറ്റലിന്റേയും

LIBRARY ARCHIVES Kerala Legislative Assembly

ലഹരി ഞങ്ങൾക്ക് ആവോളമുണ്ടല്ലോ എന്നാണ് സി.പി.എം. പറയുന്നത്. അവർക്ക് ഇത് വിഷയമല്ല. പക്ഷേ നമുക്ക് കേരളത്തിന്റെ സാമൂഹ്യജീവിതത്തിൽ മദ്യപാനത്തിന് മാന്യത ഉണ്ടാക്കിക്കൊടുക്കുന്ന ഇതിനെ എതിർത്തേ മതിയാവൂ. മദ്യവ്യവസായികൾക്ക് അന്തസ്സ് ഉണ്ടാക്കിക്കൊടുത്ത് കള്ളച്ചാരായ കച്ചവടക്കാരുടെ പണംകൊണ്ട് ചാനലും സെന്ററുകളും അക്കാദമികളും തീർത്ത മാർക്സിസ്റ്റ് പാർട്ടിക്ക് ഇതിനെ പിൻതുണയ്ക്കാൻ കഴിയില്ലെങ്കിലും നമ്മെ അധികാരത്തിലേറ്റിയ ജനതയോട് ഒരു ഭരണകൂടം കാട്ടുന്ന പ്രതിബദ്ധതയാണ് നമ്മൾ ഇന്ന് പ്രതീക്ഷിക്കുന്നത്. 'നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായി' എന്ന് കടമ്മനിട്ട പാടിയതുപോലെ കേരളീയസമൂഹം ഓരോ നിമിഷത്തിലും പറഞ്ഞുകൊണ്ടിരിക്കുന്നത് നമ്മൾ അറിയുന്നു. ഞാൻ ഈ സംസാരിച്ചുകൊണ്ടിരിക്കുന്ന നിമിഷങ്ങളിൽപോലും എത്രയോ പേരാണ് ഈ മദ്യം ഉപയോഗിക്കുന്നതിന്റെ പേരിൽ കണ്ണീർ ഒഴിക്കുന്നത്. അതുപോലെ എത്രയോപേർ ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഈ തിരിച്ചറിവാണ് ഈ ഡിമാന്റിനെ പിൻതാങ്ങാൻ എന്നെ പ്രേരിപ്പിക്കുന്നത് എനിക്ക് പറയാനുള്ളത് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തെ നല്ല ദിശയിലേക്ക് നയിച്ചുകൊണ്ട് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന, നമ്മുടെ ഈ വകുപ്പിലെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക്, കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും ഗുരുതരമായ സാമൂഹ്യ വിപത്തുകളിൽകൂടി കടന്നുപോയിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ശക്തമായ നേതൃത്വം നൽകുവാൻ അവതരിപ്പിച്ചിരിക്കുന്ന ഈ ഡിമാന്റുകളെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എൻ രാജൻ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇന്നലെ ലോട്ടറിക്ക് നികുതി ഏർപ്പെടുത്തണം, ഗെയ്മിംഗ് ആക്ട് ഭേദഗതി ചെയ്യണം എന്നുള്ള രണ്ട് ബില്ലുകൾ ഈ സഭ ചർച്ച ചെയ്യപ്പെട്ടപ്പോൾ ഭരണ പ്രതിപക്ഷാംഗങ്ങൾ ഒരേ സ്വരത്തിൽ പ്രസംഗിച്ചത് ഞാൻ കേൾക്കുകയുണ്ടായി. ഓൺലൈൻ ലോട്ടറി 'പ്ലേവിൻ' എന്ന് പറയുന്ന സ്ഥാപനത്തിന് 895 കോടി രൂപയുടെ ടാക്സ് അടയ്ക്കാതിരിക്കുന്നതിനുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു. അതിൽ സമയോചിതമായി ഇടപെടാതിരിക്കുന്നതിനും എല്ലാ അംഗങ്ങളും ടാക്സസ് കമ്മീഷണറുടെ പേര് എടുത്തു പറഞ്ഞില്ലെങ്കിൽപോലും അതിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടാണ് ഇവിടെ എല്ലാവരും സംസാരിച്ചത്. കുറേക്കൂടി ആഴത്തിലേക്ക് ചെന്ന് നമ്മൾ പറയുമ്പോൾ ഇതൊക്കെ ചെയ്തത് ഇവിടത്തെ പൊളിറ്റിക്കൽ ഹെഡിനുവേണ്ടി മാത്രമായിരുന്നു. ഈ നിയമം പാസായി കഴിയുമ്പോൾ കോടിക്കണക്കിന് രൂപ തിരിച്ചുപിടിക്കുന്നതിനുള്ള സാഹചര്യം ഇല്ലാതാകും. നമ്മുടെ ആരോഗ്യകരമായ ഒരു സാമ്പത്തികരംഗം ഉണ്ടാക്കിയെടുക്കുന്ന ഒരു വകുപ്പാണ് ടാക്സസ് ഡിപ്പാർട്ടുമെന്റ്. അത് എത്രത്തോളം മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയുമെന്ന് ഓരോ കാര്യങ്ങളും പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയും. വിൽപ്പന നികുതിയിൽ വലിയ വെട്ടിപ്പ് നടക്കുന്നു എന്ന് ഇതിന്റെ ഉന്നത

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാർ തന്നെ പറയുന്നു. ഇന്നലെ ഇവിടെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. വിൽപ്പന നികുതി വെട്ടിപ്പുമൂലം സംസ്ഥാനത്തിന്റെ പ്രതിവർഷ വരുമാനനഷ്ടം 1000 കോടി രൂപയാണ്. വെട്ടിപ്പുകാരെ ശുഷ്കാന്തിയോടെ പിടികൂടിയാൽ മൊത്തം നികുതി വരുമാനത്തിൽ 20 ശതമാനം വർദ്ധനവ് വരുമെന്ന് കണ്ടെത്തിയിരിക്കുന്നത് വിൽപ്പനനികുതി വകുപ്പിലെ ഉന്നതർ തന്നെയാണ്. അവർക്ക് എല്ലാ കാര്യങ്ങളും അറിയാം. അവർക്ക് വേണമെന്ന് തോന്നുകയാണെങ്കിൽ അവരെ അതിന് പ്രേരിപ്പിക്കുകയാണെങ്കിൽ നമുക്ക് 20 ശതമാനംകൂടി വിൽപ്പന നികുതി പിരിക്കാൻ കഴിയും. അതിനുള്ള ഇച്ഛാശക്തി ഈ വകുപ്പിന്റെ പൊളിറ്റിക്കൽ ഹെഡ്ഡിന് ഉണ്ടാകണം; ഉദ്യോഗസ്ഥൻമാരുടെ ഹെഡ്ഡിൽ ഉണ്ടാകണം; ഉണ്ടായേ മതിയാകൂ. സ്വർണ്ണവിൽപ്പന രംഗത്ത് വെറും 38 കോടി രൂപമാത്രമാണ് നികുതി കിട്ടുന്നത്. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ ബിസിനസ്സ് നടക്കുന്ന ഒരു ആഡംബര വസ്തുവാണ് സ്വർണ്ണം. സ്വർണ്ണ വ്യാപാര രംഗത്ത് ലൈസൻസ് ഉള്ളതും ലൈസൻസ് ഇല്ലാത്തതുമായ ധാരാളം കടകൾ നമ്മുടെ നാട്ടിൽ തഴച്ചുവളർന്നു വരികയാണ്. കോടിക്കണക്കിന് രൂപ പത്രം, ടി. വി. മാധ്യമങ്ങളിൽക്കൂടി അവരുടെ പരസ്യത്തിനു വേണ്ടി മാത്രം ആ വ്യാപാരികൾ മുടക്കിക്കൊണ്ടിരിക്കുന്നു. എന്നിട്ട് അതിന്റെ പകുതിപോലും തുക നമുക്ക് ടാക്സ് ഇനത്തിൽ നമ്മുടെ ഖജനാവിലേക്ക് കിട്ടുന്നില്ല. അവർക്ക് 4 ശതമാനം ടാക്സാണ് ഏർപ്പെടുത്തിയിരിക്കുന്നത്. അത് കിട്ടാത്ത സ്ഥിതിക്ക് ഇപ്പോൾ ഒരു ശതമാനമാക്കി കുറച്ചിരിക്കുകയാണ്. ആരെ സഹായിക്കാൻ വേണ്ടിയാണ് ആ തീരുമാനം ഉണ്ടായത്. അതൊന്ന് പുനഃപരിശോധിക്കണം. ഇവിടെ ഇപ്പോൾ എല്ലാവരും ചർച്ച ചെയ്യുന്ന വാറ്റ് ഏപ്രിൽ ഒന്നാം തീയതി മുതൽ നടപ്പാക്കാൻ പോകുന്നു. ഇപ്പോൾ മൂല്യവർദ്ധിത നികുതി വിരുദ്ധ പ്രക്ഷോഭണത്തിന്റെ ഭാഗമായി മൊത്തവ്യാപാരികൾ ചരക്ക് എടുക്കുന്നത് നിർത്തിയതോടെ ഇവിടെ വിലക്കയറ്റത്തിന്റേയും പൂഴ്ത്തിവയ്പ്പിന്റേയും സൂചന കണ്ടുതുടങ്ങി എന്ന് പത്രവാർത്തയുണ്ട്. അരിക്കും, ഭക്ഷ്യധാന്യങ്ങൾക്കും, പഞ്ചസാരയ്ക്കും നേരിയ തോതിൽ വിലകയറി. കിലോയ്ക്ക് ഒരു രൂപ വില വർദ്ധിച്ചു തുടങ്ങി കഴിഞ്ഞിരിക്കുകയാണ്. വലിയ അപകടങ്ങൾ നമുക്ക് സംഭവിക്കാൻ പോകുകയാണ്. ഈ വാറ്റ് നടപ്പിലാക്കുമ്പോൾ നമ്മൾ അതിന്റെ എല്ലാ കാര്യങ്ങളും പരിശോധിച്ചുകൊണ്ടു തന്നെ വികസനത്തിന്റേതായ രീതിയിൽ ആ നിയമം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണം. ഇവിടെ എല്ലാവരും സൂചിപ്പിച്ച ഒരു കാര്യം നമ്മുടെ മദ്യനയത്തെ സംബന്ധിച്ചാണ്. നമ്മൾ മദ്യനയത്തെ സംബന്ധിച്ചും മദ്യപാനത്തെക്കുറിച്ചുമൊക്കെ ഒരുപാട് കേട്ടറിഞ്ഞിട്ടുള്ളതാണ്. നമ്മുടെ എക്സൈസ് വകുപ്പ് ഒരു അഴിമതി വകുപ്പാണെന്ന് ഞാൻ പറയുന്നതിനേക്കാൾ വളരെ ഭംഗിയായി തന്നെ നമ്മുടെ വകുപ്പുമന്ത്രി സഭയിൽ സൂചിപ്പിച്ചതാണ്. എക്സൈസ് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധീകരിക്കാൻ ആരു വിചാരിച്ചാലും എളുപ്പമല്ല. അത് അഴിമതി വകുപ്പാണെന്ന് ഞാൻ പറയുന്നില്ല. അതിൽ ചെക്ക്പോസ്റ്റിന്റെ സ്ഥിതിയൊക്കെ ദിവസവും പത്രങ്ങളിൽ വരുന്നതാണ്. ചെക്ക്പോസ്റ്റുകളിൽ നമ്മുടെ ചീഫ് സെക്രട്ടറിക്കുവരെ ഉണ്ടായ അനുഭവങ്ങൾ ഒക്കെ പത്രദ്വാരാ നമ്മൾ വായിച്ചിട്ടുള്ളതാണ്. ചെക്ക്പോസ്റ്റു വഴി 100 കണക്കിന് ലിറ്റർ വ്യാജ സ്പിരിറ്റ് കടന്നുവരുന്നു എന്ന് ഇന്ന് രാവിലെ ഇവിടെ പറഞ്ഞതാണ്. ഈ മദ്യനയത്തിന്റെ പേരിൽ എല്ലാ കള്ളുഷാപ്പിലും നല്ല ശുദ്ധമായ കള്ള് കിട്ടും എന്നുപറയുന്നില്ല. ശുദ്ധമായ ചാരായ കള്ള് ലഭിക്കുന്നുണ്ട്. അതിനെ സംബന്ധിച്ചൊക്കെ ചില റിപ്പോർട്ടുകൾ പത്രങ്ങളിൽ വരുന്നതാണ്. ദക്ഷിണ കേരളത്തിലെ വിവിധ ജില്ലകളിൽ വർദ്ധിച്ചുവരുന്ന വ്യാജ മദ്യവ്യാപാരം കല്ലുവാതുക്കൽ, കുപ്പണ മാതൃകയിലുള്ള മദ്യദുരന്തം ആവർത്തിക്കാൻ ഇടയാകുമെന്ന് എക്സൈസ് വിജിലൻസ് വിഭാഗം സംസ്ഥാന സർക്കാരിന് റിപ്പോർട്ട് നൽകി. ഇതൊക്കെ വളരെ അപകടം ചെയ്യുന്ന കാര്യങ്ങളാണ്. നമുക്ക് ഒരുപാട് അനുഭവമുള്ളതാണ്. ഇതിന്റെ വിപത്തുകൊണ്ട് ഈ സംസ്ഥാനത്ത് വരുത്തിവച്ചിട്ടുള്ള അപകടങ്ങൾ നമ്മൾ നിരവധി കണ്ടറിഞ്ഞിട്ടുള്ളതാണ്. ജില്ലാ പോലീസ് എക്സൈസ് അധികൃതരുടെ അറിവോടെയാണ് സ്പിരിറ്റ് കള്ളക്കടത്ത് നടക്കുന്നത് എന്ന് റിപ്പോർട്ടിൽ സൂചനയുണ്ട്. ഈ വകുപ്പു തന്നെ ഒരു അഴിമതി വകുപ്പാണെന്നും കുറേയധികം അഴിമതികൾ ഈ വകുപ്പിൽ നടക്കുന്നുണ്ടെന്നും മന്ത്രി തന്നെ പ്രഖ്യാപിച്ച സ്ഥിതിക്ക് തീർച്ചയായിട്ടും ഈ വകുപ്പ് ഗൗരവമായി എടുക്കേണ്ടതാണ്. നാലു വർഷം മുമ്പ് ഈ സംസ്ഥാനത്ത് ഘട്ടം ഘട്ടമായി മദ്യനിരോധനം നടപ്പാക്കുമെന്ന് പറഞ്ഞ് ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽ വന്നതാണ്. ഇന്ന് അത് എവിടെ എത്തിച്ചേർന്നിരിക്കുന്നു? വ്യാജ സ്പിരിറ്റല്ലേ? ദിവസവും പത്രങ്ങളിലെ വാർത്തകൾ ശ്രദ്ധിച്ചാൽ നമുക്ക് അറിയാൻ സാധിക്കും. പതിനായിരക്കണക്കിന് ലിറ്റർ സ്പിരിറ്റ് കേരളത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇതിനൊക്കെ നേതൃത്വം കൊടുക്കുന്നത് ആരാണ്? ഇതിനൊക്കെ അവരെ സഹായിക്കുന്ന തരത്തിൽ എക്സൈസ് വകുപ്പിനും, ടാക്സസ് വകുപ്പിനുമൊക്കെ പങ്കുണ്ട്. അതുകൊണ്ടാണ് ഇന്നലെ ചർച്ചയിൽ പൊന്തിവന്ന ഒരേ ഒരു വികാരത്തോടുകൂടി തന്നെ ഈ വകുപ്പിനെ വിരൽ ചൂണ്ടിക്കൊണ്ട് എല്ലാവരും സംസാരിച്ചത്. അതുകൊണ്ട് ഇതിന്റെയൊക്കെ പിന്നിൽ നമുക്ക് നേരത്തെ അറിയാവുന്ന കാര്യങ്ങളാണ്. ഈ കാര്യത്തെപ്പോലും നിയന്ത്രിക്കാൻ കഴിയുന്ന അല്ലെങ്കിൽ നമ്മുടെ ഇൻഡ്യൻ രാഷ്ട്രീയത്തെപ്പോലും നിയന്ത്രിക്കാൻ കഴിവുള്ള കർണ്ണാടക ലോബി ഇതിന്റെ പിന്നിലുണ്ട് എന്ന് ഞാൻ സംശയിക്കുകയാണ്. അത് നമ്മുടെ രാജ്യത്തെ വലിയ അപകടത്തിലേക്ക് ചെന്നെത്തിക്കും. മദ്യ ദുരന്തത്തിനുപോലും അത് വളരെ സ്പെസിഫിക്കായിട്ട് ഏതൊക്കെ ജില്ലകളിൽ മദ്യ ദുരന്തം ഉണ്ടാകാൻ സാദ്ധ്യതയുണ്ട് എന്നാണ് പത്രങ്ങളിൽ വരുന്ന വാർത്തകൾ.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ഉടനെ മദ്യദുരന്തം ഉണ്ടാകാൻ സാദ്ധ്യതയുണ്ട് എന്ന് സംസ്ഥാന എക്സൈസ് വകുപ്പുമന്ത്രി സർക്കാരിന് റിപ്പോർട്ട് നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലാണ് മദ്യദുരന്ത സാദ്ധ്യത ഏറെയുള്ളത് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതാക്കെയൊന്ന് പരിശോധിക്കണ്ടേ? എക്സൈസ് വകുപ്പിന്റെ ജോലി എന്താണ്, വെറും കള്ളക്കടത്തും, കള്ളച്ചാരായവും സ്പിരിറ്റും ഒക്കെ കടത്തിവിടുന്നതിന് സഹായിക്കുക മാത്രമാണ് അവർ ചെയ്യുന്നത്. നാട്ടിൽ വമ്പിച്ച ദുരന്തം ഉണ്ടാകാൻ പോകുന്നു എന്ന് ഇതിന്റെ ഉദ്യോഗസ്ഥൻമാർ തന്നെ വിജിലൻസിന് റിപ്പോർട്ട് നൽകിയിട്ട് ഈ സർക്കാർ എന്തുചെയ്യുന്നു? ഇതൊക്കെ സർക്കാർ മൂടിവച്ചുകൊണ്ട്, 'മദ്യ ലോബിക്കുവേണ്ടി കേരളത്തെ ഇങ്ങനെ നശിപ്പിക്കരുത്' എന്ന് ഈ മദ്യനയം പ്രഖ്യാപിച്ച അന്നുമുതൽ ഒരുപാട് സന്നദ്ധ സംഘടനകളും മിഷണറി മാരുമൊക്കെ ഇതിനെ എതിർത്തുകൊണ്ടുള്ള പ്രസ്താവനകൾ നിരന്തരം നടത്തികൊണ്ടിരിക്കുകയാണ്. ഇതൊന്നും കാര്യമായി എടുക്കാതെ, ഇതൊന്നും പരിശോധിക്കാതെ ഈ വകുപ്പ് ഇങ്ങനെ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഇതിനെ തടഞ്ഞുനിർത്തിയേ പറ്റൂ. ഇതിനെ തടയുന്നതിനു വേണ്ടി, കേരളത്തിലെ ജനങ്ങൾ ഒന്നടങ്കം ഈ മദ്യനയം തിരുത്തുന്നതിനുവേണ്ടിയുള്ള പ്രക്ഷോഭ പരിപാടികൾ ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ സർക്കാരിന്റെ വികലമായ നയങ്ങളുൾകൊള്ളുന്ന ഈ ബജറ്റിനെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. അതേസമയം ഈ ഗവൺമെന്റ് വിൽപ്പന നികുതി പിരിച്ചെടുക്കുന്നതിലും മറ്റു കാര്യങ്ങളിലും കാണിച്ച ഊർജ്ജസ്വലതയെ അഭിനന്ദിക്കുകയാണ്. പക്ഷെ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം ഈ ചെക്ക്പോസ്റ്റുകളിലെ അഴിമതികളാണ്. വളരെ വ്യാപകമായ തോതിൽ അഴിമതി നടക്കുകയാണ്. ഒരു ഉദ്യോഗസ്ഥൻ മൂന്നു മാസക്കാലം മാത്രം അവിടെ ഇരുന്നാൽ മതി അതുകഴിഞ്ഞാൽ മാറ്റണം എന്ന് അടുത്തകാലത്ത് ഒരു നിബന്ധന ഉണ്ടായിരുന്നു എന്ന് തോന്നുന്നു. അത് ചില സ്ഥലത്തൊക്കെ ഗുണം ചെയ്തു എങ്കിലും മറ്റു ചില സ്ഥലത്ത് ആ മൂന്നു മാസം കൊണ്ട് എങ്ങനെ പരമാവധി സമ്പാദിക്കാം എന്ന രീതിയിലാണ് ആ ഉദ്യോഗസ്ഥർ ആ സമയം പ്രയോജനപ്പെടുത്തിയത്. ഇവിടെ പലരും പറഞ്ഞതുപോലെ ചെക്ക്പോസ്റ്റുകളിൽ പരിശോധനയ്ക്ക് Scanning യന്ത്രങ്ങളെപ്പോലെ ആധുനികമായ യന്ത്രങ്ങൾ ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയാണ്. ചെക്ക് പോസ്റ്റുകളിലൂടെ കടന്നുവരുന്നതിൽ നിന്ന് ഒഴിവാക്കുന്നതിനുവേണ്ടി ഊടുവഴികളും, പോക്കറ്റ് റോഡുകളുമെല്ലാം ചെക്ക്പോസ്റ്റിന്റെ പരിസരത്തും ഇഷ്ടംപോലെ നിർമ്മിക്കപ്പെട്ടിരിക്കുകയാണ്. വാറ്റ്-മൂല്യ സംയോജിത നികുതി നടപ്പിലാക്കാൻ പോകുന്നത് നല്ല കാര്യമാണ്. സുതാര്യതയാണ്, ലാളിത്യമാണ് അതിന്റെ പ്രത്യേകത.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ നമ്മുടെ വ്യപാരികളിലേക്ക് അത് വേണ്ടത്ര ബോദ്ധ്യപ്പെടുത്തുവാൻ നമുക്ക് സാധിച്ചില്ല. ജനങ്ങളെ ബോദ്ധ്യപ്പെടുത്താതെ നടപ്പിലാക്കുന്ന ഒരു പരിഷ്കാരങ്ങളും പ്രയോജനം ചെയ്യില്ല. അതുകൊണ്ട് അവരെ ബോദ്ധ്യപ്പെടുത്താൻ ഗവൺമെന്റ് മുൻകൈയെടുക്കണം. പണ്ട് ഒരു മിഷണറി നടത്തുന്ന സ്കൂളിലെ കുട്ടികളോട് അധ്യാപകൻ പറഞ്ഞു നിങ്ങൾ സാധിക്കുമെങ്കിൽ ഓരോ ആഴ്ചയും ഒരു നല്ല സേവനം നാട്ടുകാർക്ക് ചെയ്തുകൊടുക്കണം എന്ന്. അങ്ങനെ ഒരാഴ്ച കഴിഞ്ഞപ്പോൾ അധ്യാപകൻ കുട്ടികളോട് ചോദിച്ചു ആരൊക്കെ സേവനങ്ങൾ ചെയ്തു എന്ന്. മൂന്നു കുട്ടികൾ എഴുന്നേറ്റു നിന്നു. എന്താ നിങ്ങൾ ചെയ്ത സേവനം എന്ന് ചോദിച്ചപ്പോൾ ഒരു കുട്ടി പറഞ്ഞു റോഡു മുറിച്ചുകടക്കാൻ തിരക്കുള്ള ഒരു പ്രദേശത്ത് ബുദ്ധിമുട്ടിയ ഒരു വൃദ്ധ സ്ത്രീയെ അക്കരെയ്ക്ക് കടത്തിക്കൊടുത്തു എന്ന്. മറ്റേ കുട്ടിയോട് ചോദിച്ചപ്പോഴും അതുതന്നെ പറഞ്ഞു, മൂന്നാമത്തെ കുട്ടിയോട് ചോദിച്ചപ്പോഴും അതുതന്നെ പറഞ്ഞു. അപ്പോൾ അധ്യാപകൻ അത്ഭുതപ്പെട്ടു. നിങ്ങൾക്ക് എല്ലാപേർക്കും ഇതിനുമാത്രം വൃദ്ധകളെ എവിടെ നിന്ന് കിട്ടിയെന്ന് ചോദിച്ചു. അപ്പോൾ ആ കുട്ടികൾ പറഞ്ഞു, ഞങ്ങൾ മൂന്നുപേരും റോഡു മുറിച്ചുകടക്കാൻ സഹായിച്ചത് ഒരേ വൃദ്ധയെയായിരുന്നു എന്ന്. അപ്പോൾ അതിനെന്തിനാണ് മൂന്നുപേർ എന്നു ചോദിച്ചു. ആ വൃദ്ധയ്ക്ക് അപ്പുറത്ത് പോകേണ്ട ആവശ്യമുണ്ടായിരുന്നില്ല. വളരെ നിർബന്ധിച്ചിട്ടാണ് അവരെ അപ്പുറത്ത് കടത്തിയതെന്ന് പറഞ്ഞു. അതുപോലെ മൂല്യവർദ്ധിത നികുതി ആവശ്യമാണ്. എന്നൊരു വിഭാഗത്തിന് ബോദ്ധ്യമാകാത്ത പക്ഷം ഒരു സേവനത്തിന്റെ പേരിൽ മാത്രം അത് നടപ്പിലാക്കുന്നതിൽ വലിയ കാര്യമില്ലെന്ന് അവരെ ബോദ്ധ്യപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം. ഇവിടെ മറ്റൊരു പ്രധാനപ്പെട്ട സംഗതി ഈ വിൽപ്പനനികുതി വകുപ്പിലും ടാക്സസ് വകുപ്പിലും ഉള്ള എല്ലാ ഉദ്യോഗസ്ഥരും മോശക്കാരല്ല. കുറേ നല്ല ആളുകളുണ്ട്. ബുദ്ധൻ ഒന്നേയുണ്ടാകൂ. ബുദ്ധൂസുകൾ ഒരുപാടുണ്ടാകും. അതിന് ഉദ്യോഗസ്ഥൻമാരുടെ സ്വഭാവത്തിൽ ഒരു മാറ്റം വരുത്തേണ്ട സമയമായി. ഇവിടെ ഇപ്പോൾ ധനകാര്യമന്ത്രിയുടെ കാർക്കശ്യവും അതുപോലെ വ്യാപാരികളുടെ സമ്പാദ്യവും ഒത്തിണങ്ങിയ ഉദ്യോസ്ഥൻമാരാണ് അധികമുള്ളത്. ബർണാഡ്ഷായോടു പണ്ടൊരു യുവസുന്ദരി എനിക്ക് ബർണാഡ്ഷായെപ്പോലുള്ള ഒരു കുട്ടി എന്നിൽ ഉണ്ടാക്കിത്തരണമെന്നു പറഞ്ഞപ്പോൾ ബർണാഡ്ഷാ പറഞ്ഞു, തന്റെ ബുദ്ധിയും എന്റെ സൗന്ദര്യവും ആണെങ്കിൽ എന്തു ചെയ്യും എന്ന് പറഞ്ഞമാതിരി ആ അവസ്ഥയിലാണ് പല ഉദ്യോഗസ്ഥൻമാരും. പക്ഷെ അർജ്ജുനൻ ഒരു വർഷം ബ്രഹ്മചര്യം അനുഷ്ഠിച്ചപ്പോൾ ഇത് പോലുള്ള ഒരു യുവസുന്ദരി വന്ന കഥയുണ്ട്. അർജ്ജുനൻ ആ സ്ത്രീയോട് പറഞ്ഞത് നിങ്ങൾക്ക് എന്നിൽ ഒരു മകൻ വേണമെന്ന് ആഗ്രഹമുണ്ടെങ്കിൽ എന്നെത്തന്നെ മകനായി കണക്കാക്കിക്കൊള്ളൂ എന്നാണ്. ആ ഒരു സമീപനമാണ് വാസ്തവത്തിൽ നമ്മളെടുക്കേണ്ടത്. എക്സൈസ് ഡിപ്പാർട്ടുമെന്റിനെപ്പറ്റി എനിക്ക് ഒരുപാട് പറയാനില്ല. പക്ഷെ ഒരു സംഗതിയുള്ളത് ഈ മദ്യവും ചൂതാട്ടവും നമ്മുടെ പ്രധാന വരുമാന മാർഗ്ഗമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് എത്ര ശ്രമിച്ചാലും അതിനുള്ള കുഴപ്പങ്ങൾ പൂർണ്ണമായും തടയാൻ സാധിക്കുമെന്ന് ഞാൻ കരുതുന്നില്ല. ലോട്ടറി നമ്മൾ നിറുത്തിയിരുന്നു. വീണ്ടും തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അതുപോലെതന്നെയാണ് ഈ മദ്യത്തിന്റെ കാര്യവും. അപ്പോൾ മദ്യവും ചൂതാട്ടവും വളരെ തെറ്റായ രണ്ട് വരുമാന മാർഗ്ഗങ്ങളാണ്. പറ്റുമെങ്കിൽ ഇതുരണ്ടും നിരോധിച്ചിട്ട്, ഗവൺമെന്റ് ആളുകൾക്ക് പുനരധിവാസത്തിനുവേണ്ടി ലാഭകരമായ മറ്റ് എന്തെങ്കിലും ബിസിനസ് ആരംഭിക്കണമെന്നാണ് എന്റെ വിനീതമായ അപേക്ഷ. അതല്ലാത്തിടത്തോളം കാലം ഈ അക്രമങ്ങളും കൊലപാതകങ്ങളും മർദ്ദനങ്ങളും പെൺവാണിഭങ്ങളും ക്രിമിനൽ കുറ്റങ്ങളും പെരുകുന്നതിന്റെ പിന്നിൽ മദ്യവും ചൂതാട്ടവും ഒരു പ്രധാനഘടകമായിരിക്കുമെന്നുള്ള കാര്യം വിസ്മരിക്കാൻ പാടില്ല. ഈ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥൻമാർ ആയുർവേദ വൈദ്യൻമാരുടെ നേരെ വല്ലാതെ മെക്കിട്ട് കേറുന്നുണ്ട്. അത് ശരിയായ സമീപനമല്ല. ഈ ആയുർവേദ മരുന്നിന്റെ ഉൽപ്പാദനവും വിപണനവും പരിശോധിക്കാനുള്ള അധികാരം എക്സൈസ് വകുപ്പിൽനിന്ന് മാറ്റിയിട്ട് ആരോഗ്യവകുപ്പിലേയ്ക്ക് കൊടുക്കണം. ഡ്രഗ്സ് കൺട്രോളറുടെ ഭാഗമായിട്ട് വേറൊരു ആയുർവ്വേദ കൺട്രോളിംഗ് സിസ്റ്റം അതിന് ഏർപ്പെടുത്തിയാൽ ഈ മരുന്ന് ഉൽപ്പാദനം നടത്താനും അവർക്കത് പരിശോധിക്കാനും സാധിക്കും. അതുകൊണ്ട് എക്സൈസ് വകുപ്പിൽ നിന്ന് അത് മാറ്റണമെന്നാണ് എന്റെ വിനീതമായി മറ്റൊരു അഭിപ്രായം. വേറൊരു സംഗതി ഇവിടെ അടുത്ത കാലത്തായി നല്ല മന്ത്രിമാരെയൊക്കെത്തന്നെ ആക്ഷേപിച്ച് നിരാശപ്പെടുത്തിയ സംഭവം നാം ഇന്നലെ കണ്ടു. ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിനെ, ഞാൻ അത് വിശദീകരിക്കുകയല്ല. അടൂർ പ്രകാശിനെപ്പോലുള്ള നല്ല ഒരു മന്ത്രി പുതുതായിട്ട് മന്ത്രിയായിവരുമ്പോൾ നാട് നന്നാക്കണമെന്ന് ആഗ്രഹിച്ചുപോകും. ആരും അങ്ങനെയാണ്. പക്ഷെ അവരെ എസ്റ്റാബിളിഷ്മെന്റിന്റെ ഭാഗമാക്കുന്നതിനുവേണ്ടി ആ വകുപ്പിൽ കിടന്ന് ലാഭമുണ്ടാക്കിയിരുന്ന, അതുകൊണ്ട് ഗുണമുണ്ടാക്കിയിരുന്ന, അഴിമതിക്കാരായ, ഉദ്യോഗസ്ഥൻമാരും മറ്റും ചേർന്ന് രാഷ്ട്രീയക്കാരായ നമ്മെ ഉപയോഗപ്പെടുത്തി അവരെ നിരാശപ്പെടുത്തുന്ന ഒരു സംഭവമുണ്ടായത് ശരിയല്ല. ബോംബെയിലൊക്കെ 'ഹിജഡ' എന്നുപറയുന്ന ഒരുവിഭാഗമുണ്ട്. ആ ഹിജഡകൾ സാധാരണ ഹിജഡയല്ലാത്ത ഒരു മനുഷ്യൻ അവരുടെ കൂട്ടത്തിൽ കിട്ടിയാൽ അവരുടെ ലിംഗം ഛേദിച്ചുകളഞ്ഞിട്ട് ഹിജഡയാക്കുന്ന ഒരു സ്വഭാവമുണ്ട്. അപ്പോൾ അത്തരക്കാരല്ലാത്ത നല്ല മന്ത്രിമാർ നാട് നന്നാക്കാൻ ശ്രമിച്ചാൽ അവരെ തേജോവധം ചെയ്യുകയെന്നുള്ളത് ഇന്നൊരു സ്വഭാവമായി മാറിയിരിക്കുകയാണ്. ഈ ദേശീയ സമ്പാദ്യ പദ്ധതിയിൽ പലിശ വർദ്ധിപ്പിക്കണമെന്ന് ഒരു അഭിപ്രായമെനിക്കുണ്ട്. അതുപോലെ കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്. മറ്റൊരു സംഗതി എനിക്കുപറയാനുള്ളത് ഇതുമായി ബന്ധപ്പെടുന്നതല്ലെങ്കിലും രണ്ടുമൂന്നു ദിവസം മുൻപ് നരേന്ദ്രൻ കമ്മീഷൻ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് നടപ്പിലാക്കുന്നതിനെക്കുറിച്ച് ചർച്ച നടന്നു. ആ ചർച്ചയുടെ എല്ലാ കാര്യവും കേട്ടു, ഞാൻ സഭയുടെ മുൻപാകെ അത് വിശദീകരിക്കുന്നില്ല. ശാസ്ത്രീയമായി ഈ ബാദ്ധ്യതകളിൽ നിന്ന് എങ്ങനെ ഒഴിഞ്ഞുമാറാമെന്നതിന്റെ ഗവേഷണമാണ് വാസ്തവത്തിൽ അന്ന് നടന്നത്. ആ ചർച്ചയ്ക്കുവേണ്ടി അനുവദിച്ച രണ്ടുമൂന്നു മണിക്കൂറുകൾപോലും പിന്നോക്ക സമുദായക്കാർക്ക് സംവരണം നൽകുന്നതിനുവേണ്ടിയല്ല ഉപയോഗിച്ചത്. പിന്നോക്ക സമുദായക്കാർക്ക് അർഹതപ്പെട്ട ഭരണഘടനാപരമായ സംവരണം മാത്രമല്ല അട്ടിമറിക്കപ്പെട്ടത്. ചർച്ചപോലും അട്ടിമറിക്കപ്പെട്ട സാഹചര്യമുണ്ടായി. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റ് വേറെയാർക്കും ദ്രോഹകരമായിട്ടൊന്നുമല്ല, ഇതൊരു ന്യൂനപക്ഷത്തിന്റെ പ്രശ്നമല്ല. ഇതൊരു സമുദായത്തിന്റെ പ്രശ്നമല്ല, this is only a constitutional obligation ഭരണഘടനാപരമായ ഒരു ബാദ്ധ്യതയാണ്. ആ സാമൂഹിക നീതി ഉറപ്പുവരുത്താനുള്ള ഭരണഘടനാപരമായ ബാദ്ധ്യതയാണ്. ഇന്ന് അതിനകത്ത് കുറച്ച് മുസ്ലീങ്ങളും കുറച്ച്

[ചെയറിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ലത്തീൻ കത്തോലിക്കരും പെട്ടു എന്നുമാത്രം, നാളെ അത് ഈഴവരാകാം. വേറൊരു ദിവസം വേറൊരു വിഭാഗമാകാം. ഏതായാലും നമ്മുടെ പബ്ളിക് സർവീസ് കമ്മീഷന്റെ തെറ്റായ പ്രവർത്തികൾ കൊണ്ടാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. അതുകൊണ്ട് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെയുള്ള സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ഇവിടെ സ്ഥലത്തില്ല. ബഹുമാനപ്പെട്ട ഗവൺമെന്റ് ഇതിന്റെ എല്ലാ സാധ്യതകളും പരിശോധിച്ചിട്ട് സമയബന്ധിതമായി ഒരു തീരുമാനമെടുക്കണം. വാറ്റ് നികുതിയൊക്കെ നടപ്പിലാക്കാൻ വേണ്ടി എന്തൊരു സ്പീഡാണ് കാണിക്കുന്നത്. ലോട്ടറി എട്ടു ദിവസം നിന്നുപോയാൽ എത്ര പെട്ടെന്നാണ് നമ്മൾ നിയമം കൊണ്ടുവരുന്നത്. അതുപോലെ ഈ നരേന്ദ്രൻ കമ്മീഷനെക്കുറിച്ച് ധാരാളം ചർച്ച ഒരുപാടു കാലംകൊണ്ട് നടന്നുവരികയാണല്ലോ, വാറ്റ്വേണമെങ്കിലും ഇനി ഒരുപാടു ചർച്ച നടത്തിയിട്ട് ഒരു സമവായം ഉണ്ടാക്കിയിട്ട് നടപ്പിലാക്കിയാൽ മതിയല്ലോ. ഞാൻ പറയുന്നു അതുകൊണ്ട് അനിശ്ചിതമായി ഇതൊന്നും നീട്ടികൊണ്ടുപോകരുത്. അത് ആത്മാർത്ഥമായി നടപ്പിലാക്കുന്നതിന് വേണ്ടി ഈ ഗവൺമെന്റ് വളരെ പെട്ടെന്നുതന്നെ സമയബന്ധിതമായി ഒരു തീരുമാനമെടുക്കുകയും സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെ ഇനി അതല്ല വേറെ വല്ല പോംവഴിയുണ്ടെങ്കിൽ ആ പോംവഴിയുപയോഗിച്ച് ഈ പ്രശ്നം അവസാനിപ്പിക്കണമെന്നാണ് എനിക്ക് വിനീതമായി പറയാനുള്ളത്. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ളവർ അന്ന് സംസാരിച്ചു, ഞാൻ അവർ പറഞ്ഞതിനെക്കുറിച്ച് ഒന്നും പറയുകയല്ല. അവർ ഒരുപാട് ആളുകൾ നല്ല കാര്യങ്ങൾ പറഞ്ഞു. നമുക്ക് യോജിപ്പില്ലാത്ത കാര്യങ്ങളും പറഞ്ഞു, പക്ഷെ ഇടതുമുന്നണി ഗവൺമെന്റ് ഭരിക്കുന്ന കാലത്ത് ജസ്റ്റിസ് നരേന്ദ്രനേയും വേറെ രണ്ടുപേരെയും കമ്മീഷനായി നിയമിച്ചത് ഒരു വിവരം അറിയാൻ വേണ്ടിയല്ല പരീക്ഷയ്ക്ക് എഴുതാൻ ഒരു വിവരം

LIBRARY ARCHIVES Kerala Legislative Assembly

ശേഖരിക്കാൻവേണ്ടിയിട്ടല്ല, there was an intention. ഒരു ഉദ്ദേശ്യമുണ്ടായിരുന്നു. ആ കമ്മീഷനെ ഒരു തമാശയ്ക്കുവേണ്ടി വച്ചതല്ല. അതൊരു വസ്തുത നമ്മൾ സമാഹരിച്ച്, ആ വസ്തുതകൾ കണ്ടു പഠിച്ച് പരീക്ഷ എഴുതാൻ വേണ്ടിയുള്ളതല്ല. ഒരു ഉദ്ദേശ്യം അന്ന് ഉണ്ടാകണം. ആ ഉദ്ദേശ്യം നടപ്പിലാക്കുന്നതിന് സാധിക്കണമെങ്കിൽ അതിന് അനുയോജ്യമായ തരത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കണം. ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഈ അൻപതു ശതമാനത്തിന്റെ കാര്യം പലരും പറഞ്ഞു, ഭരണഘടനയുടെ 81-ാം ഭേദഗതിപ്രകാരം ഭരണഘടനാ അനുച്ഛേദം 16-2001-ലെ 81-ാം ഭേദഗതി പ്രകാരം 16(4-ബി) എന്നുപറയുന്ന ഒരു വകുപ്പുണ്ട്. 16(4-ബി)-യിൽ പറയുന്നത് ബാക്ക്‌ലോഗ് ഉണ്ടെങ്കിൽ സംവരണം അർഹതപ്പെട്ട സമുദായങ്ങൾക്ക് തക്ക സമയത്ത് കിട്ടിയില്ലെങ്കിൽ ആ ബാക്ക്‌ലോഗ് നികത്തുമ്പോൾ 50 ശതമാനത്തിൽ കവിഞ്ഞാലും വിരോധമില്ല എന്നുള്ളതാണ്. അതനുസരിച്ച് ഈ വിഷയത്തിൽ വളരെ പെട്ടെന്ന്, സമയം വൈകാതെ ആവശ്യമായ ചർച്ച പൂർത്തിയാക്കി എല്ലാ വിഭാഗത്തിന്റേയും അഭിപ്രായം ആരായുന്നതിൽ തെറ്റില്ല. അഭിപ്രായം അറിയാനാണ് നമ്മൾ ചർച്ച വയ്ക്കുന്നത്. അഭിപ്രായങ്ങൾ വ്യക്തമാകാതെ എങ്ങനെ അഭിപ്രായം പറയാമെന്നാണ് വാസ്തവത്തിൽ അന്ന് തെളിഞ്ഞത്. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റ് ആ കാര്യത്തിൽ താൽപ്പര്യമെടുക്കണമെന്ന് മാത്രമാണ് ഞാൻ പറയുന്നത്. അല്ലെങ്കിൽ കുഞ്ഞുണ്ണിമാഷ് പറഞ്ഞമാതിരി "നേതാക്കൻമാരേ നിങ്ങൾ ആത്മഹത്യ ചെയ്യുവിൻ എന്തെന്നാൽ നിങ്ങളെ കൊല്ലുവാൻ എനിക്ക് കഴിവില്ല" എന്നുപറഞ്ഞ ഒരു അവസ്ഥ വരും. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. വി. സി. കബീർ: സർ, രണ്ടു ധനാഭ്യർത്ഥനകളേയും ഞാൻ എതിർക്കുന്നു. സർ, ഉമ്മൻ ചാണ്ടി ഗവൺമെന്റ് പറഞ്ഞതൊന്നും ചെയ്യില്ല; ചെയ്യുന്നതൊന്നും പറയില്ല. ഇതാണവരുടെ മുദ്രാവാക്യം. സമ്പൂർണ്ണ മദ്യനിരോധനമെന്നാണ് നിങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞത്. സമ്പൂർണ്ണ മദ്യ നിരോധനം എന്നത് മാറ്റി കൈയെത്തുംദൂരത്ത് മദ്യം, എന്നതാണ് ഈ ഗവൺമെന്റിന്റെ മുദ്രാവാക്യം. ആർക്കു വേണമെങ്കിലും കുടിക്കാനുള്ള പ്രലോഭനം ഉണ്ടാകത്തക്കവിധത്തിൽ മദ്യശാലകൾ ഇങ്ങനെ തുറക്കുകയാണ്. കൊച്ചുപിള്ളേർ പോലും മദ്യപിച്ചു തുടങ്ങിയ ഒരു സാഹചര്യത്തിലാണ് ഇപ്പോൾ നമ്മൾ വന്നുനിൽക്കുന്നത്. എഴുപത്തിയഞ്ചു ശതമാനം പേർ മദ്യപിക്കാത്തവരായിട്ടുണ്ട്. പക്ഷെ 25 ശതമാനം മദ്യപിക്കുന്ന ആളുകൾക്കു വേണ്ടിയുള്ള സൗകര്യങ്ങൾ, വിരുന്ന് ഒരുക്കുകയാണ്. സംസ്ഥാനത്തെ ഗാന്ധിയൻമാരായ കോൺഗ്രസുകാരായ നിങ്ങൾ ഇത് ചെയ്യുന്നതിൽ എനിക്ക് സങ്കടമുണ്ട്. മഹാത്മാഗാന്ധി വന്നെങ്കിൽ നിങ്ങളെയൊക്കെ അടിച്ചോടിക്കുമായിരുന്നു. യാതൊരു തർക്കവുമില്ല. എന്നാലും നിങ്ങൾ തിരുത്തുമെന്ന് എനിക്കു തോന്നുന്നില്ല. ചെക്ക് പോസ്റ്റുകളുടെ കഥകൾ പറഞ്ഞാൽ രോദനകഥകളാണ്. വാളയാർ ചെക്ക്പോസ്റ്റിന്റെ കാര്യം പലവട്ടം ഞാൻ പറഞ്ഞു, ഒന്നുകൂടി പറയട്ടെ, പാലാട്ട് മോഹൻദാസ് എന്നു പറയുന്ന ചീഫ് സെക്രട്ടറി ചാർജ്ജെടുക്കാൻ വന്നു. അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോൾ അദ്ദേഹത്തിന്റെ വീട്ടുപകരണങ്ങളെല്ലാം ഡൽഹിയിൽ നിന്ന് കൊണ്ടുവന്നു. വാളയാർ ചെക്ക്പോസ്റ്റിൽ വന്നപ്പോൾ മൂവായിരം രൂപ കൊടുത്തില്ലെങ്കിൽ വണ്ടി വിടില്ല എന്നുപറഞ്ഞു. ഇത് ഉപയോഗിച്ചുകഴിഞ്ഞതാണ് പാലാട്ട് മോഹൻദാസിന്റേതാണെന്ന് പറഞ്ഞു. പാലക്കാടുകാർക്കറിയാം പാലാട്ട് മോഹൻദാസ് ആരാണെന്ന്, ആ നാട്ടുകാരനാണല്ലോ. പഴയ സാധനങ്ങൾ ആണെന്നുപറഞ്ഞിട്ടൊന്നും വീര്യം കുറഞ്ഞില്ല. കാശ് വാങ്ങിച്ചു, എന്നിട്ട് കടത്തിവിട്ടു. ഇവിടെ വന്നപ്പോൾ യൂണിയൻകാർ ആ സാധനങ്ങൾ ഇറക്കുന്നതിന് അമിതകൂലി വാങ്ങി. യൂണിയൻ നേതാക്കൻമാർ ഇടപെട്ട് ആ കൂലി വാങ്ങിയത് തിരിച്ചു കൊടുക്കുകയും സസ്പെൻഡ് ചെയ്യുകയും ചെയ്തു. നമ്മുടെ ധനകാര്യ വകുപ്പ് എന്തുചെയ്തു. ആ ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ? അതുപോലെ തന്നെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും. അഴിമതിയുടെ കൂത്തരങ്ങായി വാളയാർ ചെക്ക് പോസ്റ്റ് മാറിയിട്ടുണ്ട്. സമാന്തര റോഡുകളുണ്ട്. പഴം പച്ചക്കറികൾ വരുമ്പോൾ പ്രത്യേകമായ വികാരമാണ്. മൂവായിരം രൂപ കൊടുത്താൽ കടത്തിവിടും. ടൂറിസ്റ്റ് ബസുകൾ ധാരാളം വരുന്നു. ബാംഗ്ളൂരിൽ നിന്ന് ബസുകൾ വരുന്നു. ബസിന്റെ അടിയിലെല്ലാം വിദേശമദ്യക്കുപ്പികൾ ധാരാളമായി നിരത്തിക്കൊണ്ടുവരുന്നു. പിടിക്കാൻ നമ്മുടെ ഒരു വകുപ്പിനും സാധിക്കുന്നില്ല. വാളയാർ ചെക്ക്പോസ്റ്റ് നമുക്ക് അപമാനമാണ്. പണ്ടു ഞാൻ സൂചിപ്പിച്ചിരുന്നു. തച്ചടി പ്രഭാകരൻ ധനകാര്യവകുപ്പ് മന്ത്രിയായിരുന്നപ്പോൾ അദ്ദേഹം വേഷംമാറി പുലരാൻ നേരത്ത് ആ ചെക്ക്പോസ്റ്റ് പരിശോധിച്ചു. അവിടെ അഴിമതി നടത്തുന്നവരേയും പണം വാങ്ങുന്നവരേയും കൈയോടെ പിടിച്ചു. അങ്ങനെ അങ്ങേക്ക് സാധിക്കുമോ? വേഷംമാറി നടക്കാൻ വല്ലകഴിവുമുണ്ടോ? ഉണ്ടെങ്കിൽ പരീക്ഷിക്കേണ്ടതാണ്. ഉദ്യോഗസ്ഥൻമാർക്ക് അമിതമായ അധികാരം നൽകരുത്. വാറ്റ് നടപ്പിലാക്കേണ്ടിവരും. ജനങ്ങളിൽ നിന്നു പിരിക്കുന്ന നികുതി സർക്കാരിന് കിട്ടണം. നികുതി പിരിക്കാതെ മുന്നോട്ട് പോകാൻ കഴിയില്ല. നികുതി ആവശ്യമാണ്. അതിനെ ഞാൻ എതിർക്കുന്നില്ല. പക്ഷെ സമവായത്തിൽക്കൂടിയും, ആലോചനകളിൽക്കൂടിയും ചർച്ചകളിൽക്കൂടിയും ആ കാര്യങ്ങൾ നടപ്പിലാക്കണം. വ്യാപാരി വ്യവസായി സംഘടനകളെ വിളിക്കണം. ചർച്ച ചെയ്യണം. അവരെ ബോദ്ധ്യപ്പെടുത്തണം. അവരുടെ കയ്യിൽ ഗവൺമെന്റിന് കിട്ടേണ്ട പണമുണ്ടെങ്കിൽ തിരികെ വാങ്ങിക്കണം. അതിനൊന്നും യാതൊരു തർക്കവുമില്ല. ആറ് സംസ്ഥാനങ്ങളിൽ വാറ്റ് നടപ്പിലാക്കുന്നില്ല എന്നാണ് പറയുന്നത്. അങ്ങനെയെങ്കിൽ നമ്മൾ വാശി പിടിക്കേണ്ടതുണ്ടോ? ഇതിനെക്കുറിച്ച് ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയ ശേഷം കേന്ദ്ര സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ പിൻതുണയോടുകൂടി വാറ്റ് നടപ്പിലാക്കുന്നതിനും അതിനെത്തുടർന്ന് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കേന്ദ്ര സർക്കാർ കൂടി ഉത്തരവാദിയാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതിനും ധനകാര്യവകുപ്പ് ശ്രമിക്കേണ്ടതാണ്. മാർക്കറ്റ് ബന്ധം ഒഴിവാക്കേണ്ടതാണ്. ജനങ്ങളെ പട്ടിണിക്ക് ഇടരുത് എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

2/654/2012—26.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. അനുകൂലിക്കുമ്പോൾ ഉള്ള സത്യങ്ങൾ മുഴുവനും പറയണോ ഭാഗികമായി പറയണോ എന്ന സംശയം മാത്രമേ എന്റെ മനസ്സിലുള്ളൂ. ആരുടെ പ്രവൃത്തി കൊണ്ടാണ് ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് ഈ രാജ്യത്തുള്ള സാധാരണക്കാർ അനുഭവിക്കുന്നതെന്ന് പരിശോധിക്കുമ്പോൾ അപ്പുറത്തും ഇപ്പുറത്തും ഉള്ളവർ എല്ലാം തെറ്റുകൾ ചെയ്യുന്നുണ്ട്. ഇത് തെറ്റിന്റെ കൂമ്പാരമാണെങ്കിൽ ഇതിൽ തെറ്റിന്റെ സ്പർശനമുണ്ട്. അതുംകൂടി മാറ്റി ഒരു നല്ല ഭരണകൂടം ഉണ്ടാകണം എന്ന് ആഗ്രഹിച്ചവനാണ് ഈ വായിട്ടലയ്ക്കുന്നത്. കാർഷികാദായ നികുതിയെപ്പറ്റി ഇവിടെ പല ആളുകളും സംസാരിച്ചു. കാർഷികാദായ നികുതി നമ്മൾ തട്ടിക്കൂട്ടി എടുത്താൽ അതിന്റെ പകുതിയുംകൂടി ചെലവാക്കിയാൽ മാത്രമേ അതിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് ശമ്പളം കൊടുക്കാൻ കഴിയുകയുള്ളൂ. അങ്ങനെ ഒരു ഏർപ്പാട് വേണമോ? കർഷകരെ നമ്മൾ സഹായിച്ചു എന്ന് പറയുകയും ചെയ്യാം. ഗവണ്മെന്റ് അതിനെപ്പറ്റി ആലോചിക്കണം. വിൽപ്പന നികുതിയിൽ ഒരുപാട് തെറ്റുകളുണ്ട്. വിൽപ്പനക്കാർ എല്ലാം കള്ളന്മാരാണെന്ന് പറയാൻ കഴിയില്ല. എല്ലാം കള്ളന്മാരാണെന്ന ധാരണയിൽ നമ്മൾ ചില നികുതികൾ ഏർപ്പെടുത്തുമ്പോൾ സാധാരണക്കാരേയും മര്യാദക്കാരേയും നമ്മൾ ഉപദ്രവിക്കുന്നു. ശരിയായിട്ടുള്ള പരിശോധന തുടക്കത്തിലേ ഉണ്ടാകണമെന്ന് മാത്രമേ അതിനെപ്പറ്റി പറയാനുള്ളൂ. ധാരാളം വരുമാനമുള്ള ഒന്നാണ് വിൽപ്പന നികുതി. കാർഷികാദായ നികുതി ഉപേക്ഷിക്കുമ്പോൾ വിൽപ്പന നികുതി കുറേക്കൂടി കർശനമാക്കണം. അതിന് ശരിയായ അന്വേഷണവും വേണം. ശരിയായ അന്വേഷണം എന്ന് പറഞ്ഞാൽ അത് മലയാളികളെക്കൊണ്ട് അന്വേഷിപ്പിച്ചാൽ അത് ശരിയാണോ എന്നാണ് സംശയം. എല്ലായിടത്തും അഴിമതിയാണ്. ഇവിടെ പറഞ്ഞതുപോലെ വേഷം മാറി നടക്കാനും പിടിക്കാനുമൊന്നും ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയില്ല. അതിനൊരു മാർഗ്ഗം കണ്ടുപിടിക്കണം. എത്രയോ പുതിയ പുതിയ ഏർപ്പാടുകളുണ്ട്, തെറ്റുണ്ടെന്ന് കണ്ടുപിടിക്കാൻ ഇത്രയേറെ ബുദ്ധിമുട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. എക്സൈസ് വകുപ്പിനെപ്പറ്റിയാണ് എനിക്ക് കാര്യമായി പറയാനുള്ളത്. എക്സൈസ് നയത്തെപ്പറ്റി. അങ്ങനെ ഒരു നയം നമുക്കുണ്ടോ? അങ്ങനെ ഒന്ന് ഒരു ഗവണ്മെന്റിലുമില്ല. വരുന്നതുപോലെ വരട്ടേ എന്നുള്ള രീതിയിലുള്ള അഭിപ്രായം മാത്രമാണ് എനിക്കുള്ളത്. എല്ലാപേരും വേണ്ടതുപോലെ ചെയ്താൽമതി. ചാരായ നിരോധനത്തെപ്പറ്റി ഒരുപാട് ഒച്ചപ്പാട് കേട്ട സംസ്ഥാനമാണ് കേരളം. ചാരായ നിരോധനം ശരിയാണെന്നും തെറ്റാണെന്നുമുള്ള വാദം നടക്കുകയാണ്. അത് ഏതായാലും ചെയ്തു പോയതല്ലേ? ശരിയായി ചെയ്യേണ്ടതായിരുന്നു. ഈ രാജ്യത്തുള്ള ആളുകളെ മദ്യാസക്തി ഇല്ലാത്തവരാക്കി മാറ്റാൻ, നല്ലവരാക്കി മാറ്റണമെന്നുള്ള അടിസ്ഥാനപരമായ വികാരത്തിന്റെ അടിസ്ഥാനത്തിലാണ് ചാരായ നിരോധനം ആ നല്ല മനുഷ്യൻ ഇവിടെ ആരംഭിച്ചത്. അത് തെറ്റായി വ്യാഖ്യാനിച്ച് അതിനെ പരാജയപ്പെടുത്താൻ ബോധപൂർവ്വമായ ശ്രമം നടന്നു. പാവപ്പെട്ടവന്റെ മദ്യാസക്തി കുറച്ച് വീട്ടിൽ സമാധാനം ഉണ്ടാകണമെന്ന ആഗ്രഹത്തോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

പുസ്തകം വായിച്ച അറിവുവച്ച് പല നല്ല കാര്യങ്ങളും ചെയ്യാൻ ആഗ്രഹിച്ചു. ഒന്നും ഈ രാജ്യത്ത് ചെയ്യാൻ അനുവദിച്ചില്ല. നമ്മുടെ ആളുകൾ ഉടൻതന്നെ അതിനൊക്കെ മറുപടി കണ്ടുപിടിച്ചു. അത് പരാജയപ്പെടുത്താനുള്ള മാർഗ്ഗം കണ്ടുപിടിച്ചു. എത്രയോ ആളുകൾ ചാരായ നിരോധനം ഉണ്ടായതിനുശേഷം ഇവിടെ മരിച്ചു. അതിനൊക്കെ കാരണം ഈ മദ്യമല്ലേ? അതുകൊണ്ട് ശരിയായ മദ്യനിരോധനം പൂർണ്ണമായി ഈ രാജ്യത്ത് നടപ്പിലാക്കാൻ മാർഗ്ഗമില്ലേ? അതിനെപ്പറ്റി ആലോചിക്കേണ്ടതാണ്. കേരളത്തിൽ മദ്യം ഉപയോഗിച്ചാൽ അവൻ ഈ ഭൂമുഖത്ത് ജീവിച്ചിരിക്കില്ല എന്ന രീതിയിൽ ഒരു കർശനമായ നിയമം ഈ രാജ്യത്ത് നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. പണ്ടത്തേക്കാൾ എത്രയോ വ്യത്യാസമാണ് ഇന്ന്. ചാരായം നിരോധിക്കണമെന്ന് ഞാൻ പറയുന്നില്ല. ചാരായ നിരോധനം ശക്തിയാക്കണമെന്ന് മാത്രമേയുള്ളൂ. എല്ലാ പഴുതുകളും കണ്ടുപിടിച്ച് അത് അടച്ച് ഇവിടെ ചാരായമേ ഇല്ല എന്ന് നമ്മുടെ അടുത്ത തലമുറയിലെ കുഞ്ഞുങ്ങളെക്കൊണ്ടെങ്കിലും പറയാൻ ഒരു സന്ദർഭം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. പരാജയപ്പെട്ടതുകൊണ്ട് അത് വേണ്ടെന്ന് വയ്ക്കുന്നത് ശരിയല്ല. ചാരായത്തെപ്പറ്റിയും കള്ളിനെപ്പറ്റിയും സംസാരിക്കുമ്പോൾ കള്ള് ഏതാണ്ട് ഭക്ഷ്യപദാർത്ഥംപോലെയുള്ള സാധനമാണ്. ഇന്ന് കൊടുക്കുന്നത് കള്ളല്ല. കള്ളെന്ന പേരിൽ മറ്റെന്തോ കൊടുക്കുകയാണ്. അത് ചാരായത്തേക്കാൾ കൂടുതൽ അപകടകരമാണ്. ശരിയായിട്ടുള്ള കള്ള് സർക്കാരിന്റെ നിയമത്തിന് വിധേയമായി ചെത്തിയെടുത്ത് കൊടുത്താൽ അത് ഭക്ഷണത്തിന്റെ ഭാഗമായിട്ടുപയോഗിക്കാൻ കഴിയും. ചാരായനിരോധനംപോലെ എല്ലാ മദ്യവും നിരോധിക്കുക. മദ്യമല്ലല്ലോ കള്ള്. കള്ളിനെ മദ്യമാക്കുകയല്ലേ? കൂട്ടിച്ചേർത്ത് നല്ല പരിശുദ്ധമായ കള്ളിനെ നമ്മൾ മദ്യമാക്കുകയാണ്. തെങ്ങിൽനിന്നും അല്ലെങ്കിൽ പനയിൽനിന്നും എടുക്കുന്ന പാനീയം ഒരു വിഷദ്രാവകമല്ല. അങ്ങനെയുള്ള കള്ള് കൊടുക്കാൻ നിവൃത്തിയില്ലെങ്കിൽ അത് തടയുന്നത് കുറ്റമല്ല എന്നാണ് എന്റെ വിചാരം.

<u>ശ്രീ. പി. കെ. കെ. ബാവ:</u> മദ്യം മനുഷ്യനെ സാമ്പത്തികമായും ശാരീരികമായും സാംസ്കാരികമായും മാനസികമായും തകർക്കുന്നു എന്നുള്ളതുകൊണ്ട് സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തണം എന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. കെ. നാരായണക്കുറുപ്പ്:</u> അതുതന്നെയാണ് ഞാൻ പറഞ്ഞത്. മദ്യനിരോധനമാണെങ്കിൽ അത് സമ്പൂർണ്ണമായിരിക്കണം. അങ്ങനെ ഈ ചെറിയ രാജ്യത്ത് മദ്യം പരിപൂർണ്ണമായും നിർത്തലാക്കാൻ നമുക്ക് സാധിക്കില്ലേ? അങ്ങനെ ഒരു ശക്തി ഈ ഗവണ്മെന്റിനില്ലേ? അതിന് എത്ര രൂപ ചെലവഴിച്ചാലും അത് നടപ്പിലാക്കണമെന്നാണ് എന്റെ അഭിപ്രായം. അത് കുറച്ചുകുറച്ച് കൊണ്ടുവരുന്നതിനുവേണ്ടി മറ്റൊന്നും കണ്ടുപിടിക്കാനില്ല. വികലമായ ചില കാര്യങ്ങൾ കാണുന്നുണ്ട്. കള്ളു

LIBRARY ARCHIVES Kerala Legislative Assembly

ഷാപ്പുകൾക്കും ചാരായ ഷാപ്പുകൾക്കും ദൂരപരിധി വച്ചിട്ടുണ്ട്. അതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ഒന്നിന് 200 അടി മറ്റൊന്നിന് 400 അടി. കൂടുതൽ കുഴപ്പമില്ലാത്തതിന് 400 അടി അകലമേ ആകാവൂ. കൂടുതൽ കുഴപ്പമുള്ളതിന് 200 അടി അകലമേ ആകാവൂ. അത് പരിശോധിക്കേണ്ടതാണ്. മദ്യമേ പാടില്ല. നമ്മൾ മദ്യം കൊടുക്കുന്നുണ്ടെങ്കിൽ കർശനമായ നിയന്ത്രണത്തിൻകീഴിൽ ഒരേ അകലത്തിൽ കൊടുക്കുന്നതിൽ തെറ്റുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇതുകൂടാതെ വളരെ പെട്ടെന്ന് ഇത് നിരോധിച്ചാൽ ഈ രാജ്യത്ത് ഒരു സാമ്പത്തികമായ ബുദ്ധിമുട്ടുണ്ടാകും. അതിനുള്ള മാർഗ്ഗങ്ങൾ കണ്ടുകൊണ്ട് ഇത് നിശ്ശേഷം ഈ രാജ്യത്തു നിന്നും ഉച്ചാടനം ചെയ്യണമെന്ന ശക്തമായ അഭിപ്രായമാണ് എനിക്കുള്ളത്. ഇത് ആരേയും നന്നാക്കില്ല. ഒരാളേയും നന്നാക്കില്ല. ഒരു പ്രായക്കാരേയും നന്നാക്കില്ല. ഇത് വിറ്റാൽ പണം കിട്ടും; അതുകൊണ്ട് ചെയ്യുന്നു. അങ്ങനെ പണം കിട്ടിയാൽ ചെയ്യാമോ ഇത്? ചെയ്യാനാകില്ലല്ലോ. പണം ധാരാളം കിട്ടും. അതുകൊണ്ട് ചാരായ നിരോധനം തുടങ്ങിയ സ്ഥിതിക്ക് മദ്യനിരോധനം പരിപൂർണ്ണമായും കേരളത്തിൽ നടപ്പിലാക്കാൻ കഴിയും. അതിന്റെ ആദ്യമുഖം ബഹുമാനപ്പെട്ട വക്കം പുരുഷോത്തമന് ഉണ്ടാകട്ടേ എന്ന് ഞാൻ ആഗ്രഹിക്കുകയാണ്. പരിശോധനാ കാര്യങ്ങൾ പറഞ്ഞാൽ വളരെ തമാശയാണ് മദ്യത്തിന്റെ പരിശോധന. വണ്ടികൾ പരിശോധിച്ചാൽ വണ്ടികളിൽ ഇരിക്കുന്നവർ മദ്യം ഉപയോഗിക്കുന്നു എങ്കിൽ അതെല്ലാം കള്ള ചരക്കുകളാണ്. അവരെയെല്ലാം വിട്ടുകൊടുക്കാൻ നിവൃത്തിയില്ലാത്തതാണ്. അങ്ങനെയൊരു ശക്തമായ നിലപാട് ഗവണ്മെന്റിന് ഉണ്ടെന്നറിഞ്ഞാൽ വണ്ടിയിലിരുന്ന് കുടിക്കില്ല. ഈ രാജ്യത്തെ മറ്റുള്ള ആളുകൾക്ക് ചിരിക്കാൻ ഇട കൊടുക്കുകയുമില്ല. മദ്യവുമായി ബന്ധപ്പെട്ടതെല്ലാം, ഗവണ്മെന്റനുവദിക്കാത്തതിനപ്പുറത്തുള്ളതെല്ലാം തടയുന്നു എന്ന് മാത്രമല്ല അത് തടയണം. അതിന് എത്രത്തോളം പണം ചെലവഴിക്കണമെങ്കിലും എത്രത്തോളം ഫോഴ്സ് ഉപയോഗിക്കണമെങ്കിലും അത് ഉപയോഗിക്കണമെന്നാണ് എന്റെ അഭിപ്രായം. ആ രീതിയിൽ മുമ്പോട്ടുപോയെങ്കിൽ മാത്രമേ ഈ രാജ്യത്ത് മദ്യം ഇല്ലാതാക്കാൻ കഴിയുകയുള്ളൂ. ഇന്നിപ്പോൾ ഗവൺമെന്റ് കൊടുക്കുന്ന രീതിയിലുള്ള വീര്യം കുറഞ്ഞ മദ്യം കൊടുക്കാൻ പണം വേണ്ടേ? അതും കാലക്രമത്തിൽ നിർത്തത്തക്ക രീതിയിൽ ഒരു നയം സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മദ്യത്തെക്കുറിച്ചുള്ള നയം പറയേണ്ട കാര്യമില്ല. കാരണം മദ്യം നമുക്ക് വേണ്ട. മദ്യം ഇല്ലാതാക്കാൻ എന്ത് നയമാണോ വേണ്ടത് അതിനെപ്പറ്റി ആലോചിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. അതുപോലെ പോലീസ് പിടിക്കുന്ന വണ്ടികൾ പോലീസ് സ്റ്റേഷന്റെ കോമ്പൗണ്ടിൽകിടന്ന് നശിക്കുകയാണ്. ഗവൺമെന്റ് ആ നയമൊന്ന് മാറ്റിയാൽ കൊള്ളാം. വണ്ടികൾ പിടിക്കുകയാണെങ്കിൽ അത് ഉടൻ തന്നെ ലേലം ചെയ്ത് പണം ഡെപ്പോസിറ്റ് ചെയ്ത് കേസ് മുന്നോട്ട് കൊണ്ടുപോകണം. അവർക്ക് പണമെങ്കിലും കിട്ടും. ഇവിടെ എല്ലാവരും വാളയാർ

LIBRARY ARCHIVES Kerala Legislative Assembly

ചെക്ക്പോസ്റ്റിനെക്കുറിച്ച് വാതോരാതെ സംസാരിച്ചു. എല്ലായിടത്തും അഴിമതിയാണ്. എവിടെ നിന്നാണോ സർക്കാരിലേക്ക് പണം കിട്ടേണ്ടത് അവിടെയെല്ലാം അഴിമതിയുടെ മണമുണ്ട്. അത് കൊടുക്കാതിരിക്കാൻ അതിനെ വളച്ചൊടിക്കാൻ ശ്രമിക്കുന്നു. ഇതിനെ കർശനമായി നേരിടാൻ കേരളത്തിലെ ഉദ്യോഗസ്ഥന്മാരും മറ്റുള്ളവരും തയ്യാറാകേണ്ടതല്ലേ? ഏറ്റവും കൂടുതൽ തെറ്റ് ചെയ്യുന്നത് അവരാണ്. അതുകൊണ്ട് സംശുദ്ധമായ ഒരു എക്സൈസ് നയം തുടങ്ങിയത് മുന്നോട്ട് പോകട്ടെ. അത് പൂർത്തിയാക്കാൻ ശ്രമിക്കണം. കുറ്റക്കാരായവരെ തുറുങ്കിലടയ്ക്കണം അതിന് മദ്യം പൂർണ്ണമായി ഇല്ലാതാക്കാൻ വേണ്ടിയുള്ള നയമാണ് നമ്മൾ സ്വീകരിക്കേണ്ടത്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ധനാഭ്യർത്ഥനകൾ അവതരിപ്പിച്ചത് തൻപ്രമാണിത്തം കൈമുതലാക്കിയ ബഹുമാനപ്പെട്ട വക്കം പുരുഷോത്തമനാണ്. പ്രതിപക്ഷത്തുള്ളവർ എത്ര നല്ല കാര്യം പറഞ്ഞാലും അദ്ദേഹത്തിന്റെ ചെവിയിൽ കയറുകയില്ല എന്ന് എനിക്ക് ബോദ്ധ്യമുണ്ട്. പക്ഷേ അങ്ങയോട് എനിക്ക് അപേക്ഷിക്കാനുള്ളത് പുറകിൽനിന്ന് ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ എന്ന കോൺഗ്രസ്സിന്റെ അംഗം കാർഷിക മേഖലയെപ്പറ്റി പറഞ്ഞ കാര്യങ്ങൾ ഒന്ന് ശ്രദ്ധിച്ചാൽ അങ്ങേയ്ക്കു മാത്രമല്ല, കേരളത്തിലെ കൃഷിക്കാർക്കും കൊള്ളാം. കാർഷികാദായ നികുതി, 40,000 രൂപയ്ക്ക് മുകളിൽ ഉള്ളവർക്കു ഇംപ്ലിമെന്റ് ചെയ്തുകൊണ്ട് പ്രസംഗിച്ചപ്പോൾ അങ്ങ് എന്നോട് പറഞ്ഞ മറുപടി ഞാൻ ഓർക്കുന്നുണ്ട്. ഇത് ചില കർഷക സംഘടനകളുടെ നിർദ്ദേശ പ്രകാരമാണെന്ന്. ഞാൻ അങ്ങയെ വെല്ലുവിളിക്കുകയാണ്. ആ കർഷക സംഘടനകൾ ഏതാണെന്ന് ഈ സഭയിൽ പറയാൻ തന്റേടമുണ്ടോ? വേറെ ഒന്നും അങ്ങ് ചെയ്യേണ്ട. ഇതിൽ കൂടുതൽ നികുതി ചുമത്തൂ. ഭാരം മുഴുവൻ കൃഷിക്കാരുടെ മുതുകത്ത് ഇരിക്കട്ടെ. അവർ ആത്മഹത്യ ചെയ്യട്ടെ. അതുകണ്ട് വക്കം ബി. പുരുഷോത്തമൻ സുഖമായി ഒന്ന് ചിരിക്കട്ടെ, ഉറങ്ങട്ടെ. ഞാൻ സമ്മതിച്ചു. പക്ഷേ അദ്ദേഹത്തിന് ഏത് കർഷക സംഘടനയാണ് അത് പറഞ്ഞതെന്ന് പറയാൻ തന്റേടമുണ്ടോ? അതുപോലെ ചോദ്യോത്തര സമയത്ത് അങ്ങ് വലിയൊരു പ്രഖ്യാപനം നടത്തി. ഇവിടത്തെ പ്രൈവറ്റ് ബാങ്കുകളുടെ പലിശ 12 ശതമാനമായി ചുരുക്കും, നിയന്ത്രിക്കുമെന്ന്. ഏത് അർത്ഥത്തിലാണ് അങ്ങ് ഇത് പറഞ്ഞത്? 12 ശതമാനമായി ചുരുക്കിയാൽ ലൈസൻസുള്ള പതിമൂവായിരത്തോളം പ്രൈവറ്റ് ബാങ്കുകൾ അടച്ചുപൂട്ടും. മടിയിൽ പണവുമായി നടക്കുന്ന കൊള്ളക്കാർക്ക് സഹായം ചെയ്തുകൊടുക്കാനുള്ള ഗൂഢോദ്ദേശം ഇതിലുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. The Kerala Money Lenders Act and Rules ഉണ്ടല്ലോ. അതിൽ എന്താണ് പറഞ്ഞിരിക്കുന്നത്? അതിലെ സെക്ഷൻ-7 "Interest and charges allowed to money lenders: No money lender shall charge interest on any loan at a rate exceeding 2% above the maximum

LIBRARY ARCHIVES Kerala Legislative Assembly

rate of interest charged by Commercial Banks on loans granted by them". ഇത് നമ്മുടെ ആക്ട് അല്ലേ? ഈ ആക്ട് അറിയാതെ അങ്ങ് സംസാരിക്കുന്നത് ശരിയാണോ? ഞാൻ ചോദിക്കട്ടെ, ഇലക്ട്രിസിറ്റി ബോർഡിന്റെ കുടിശ്ശികയ്ക്ക് 24 ശതമാനമല്ലേ ജനങ്ങളിൽനിന്ന് പിടിച്ചുപറിക്കുന്നത്? സൗത്ത് ഇൻഡ്യൻ ബാങ്ക് 16 ശതമാനമല്ലേ അബ്കാരികളോട് വാങ്ങിക്കുന്നത്? സഹകരണ ബാങ്കുകൾ ഇനിഷ്യൽ എക്സ്പെൻസസിന് ഇൻഷ്വറൻസുകാരോട് 14 ശതമാനമല്ലേ വാങ്ങിക്കുന്നത്? പിന്നെ ലൈസൻസുള്ള പ്രൈവറ്റ് ബാങ്കുകാരിൽ നിന്ന് 12 ശതമാനത്തിൽ കൂടുതൽ വാങ്ങാൻ പാടില്ല എന്നുപറഞ്ഞാൽ സംഭവിക്കാൻ പോകുന്നത് എന്താണ്? 720 ശതമാനം പലിശ വാങ്ങുന്ന കൊള്ളക്കാരുടെ ചരിത്രം ഇന്നലെ സഭയിൽ വന്നതല്ലേ? അതുപോലുള്ള കൊള്ളക്കാരെ സഹായിക്കണമെന്ന് എന്താണ് അങ്ങേക്ക് ഇത്ര നിർബന്ധം? ഇക്കാര്യത്തിൽ ശക്തമായ തീരുമാനമെടുക്കാൻ അങ്ങ് മടി കാണിക്കുന്നുവെങ്കിൽ അങ്ങും ഈ വർഗ്ഗത്തിന്റെ ആളാണെന്ന് എനിക്ക് പറയേണ്ടി വരും. ഇത് അങ്ങയുടെ തൻപ്രമാണിത്തത്തിന്റെ ഭാഗമാണെന്ന് എനിക്കറിയാം. സുപ്രീം കോടതിയിൽനിന്ന് വളരെ വിശദമായ ഓർഡർ വന്നു. ലൈസൻസ് ഫീസ് മൂവായിരം രൂപയിൽ കൂടുതൽ വാങ്ങരുത് എന്നുപറഞ്ഞാൽ അവരിൽ വാങ്ങിവച്ചിരിക്കുന്ന പണം തിരികെ കൊടുക്കേണ്ടി വരും. അവരോടുള്ള ശത്രുത തീർക്കാനാണ് അങ്ങ് ഈ പ്രഖ്യാപനം നടത്തിയതെന്ന് ഞാൻ വിശ്വസിക്കുന്നു. ഹൈക്കോടതി സിംഗിൾ ബഞ്ചിന്റേയും ഡിവിഷൻ ബഞ്ചിന്റേയും വിധിയുണ്ടല്ലോ? അതനുസരിച്ച് അന്യായമായി വാങ്ങിവച്ച കാശ് അവർക്ക് തിരിച്ച് കൊടുക്കണം. അങ്ങ് വൈരാഗ്യബുദ്ധി കളയണം. ഈ രാജ്യത്തെ പാവപ്പെട്ട ആളുകളെ കൊലചെയ്യാൻ അനുവദിക്കരുത്. അങ്ങ് ഉദ്യോഗസ്ഥന്മാരോട് ചോദിച്ചാൽ ആ റിപ്പോർട്ട് തരും. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു പ്രത്യേക ശ്രദ്ധ വേണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഞങ്ങൾക്ക് തന്ന നോട്ടിനകത്ത് Excise Policy for 2005-06 പ്രഖ്യാപിച്ചു. എന്തിനാണ് ഇത് പ്രഖ്യാപിക്കുന്നത്? പ്രഖ്യാപനങ്ങൾ നടത്തി നിമിഷങ്ങൾക്കകംതന്നെ പിൻവലിക്കാൻ ഒരു മടിയും കാണിക്കാത്ത, ഒരു ഉളുപ്പുമില്ലാത്ത ഗവൺമെന്റ് അല്ലേ യു.ഡി.എഫ്. ഗവൺമെന്റ്. പ്രഖ്യാപനം നടത്തും. 24 മണിക്കൂറിനുള്ളിൽ നിങ്ങൾ അത് പിൻവലിക്കും. പ്രഖ്യാപിച്ച നയം പിൻവലിക്കുമ്പോൾ ഇവിടത്തെ സമ്പന്നവർഗ്ഗത്തിന് വേണ്ടി നിങ്ങൾ ആ പോളിസിയിൽ അത് നിലനിർത്തിയിരുന്നു എന്നുള്ള വസ്തുത നിഷേധിക്കാൻ കഴിയുമോ? റൂൾ-24 നിലനിർത്തിയിട്ടില്ലേ? ഈ നയത്തിലും നിങ്ങൾ പറഞ്ഞിരിക്കുന്നു Rule 24 will be amended to allow reconstitution of partnerships, change of licences. ഈ രാജ്യത്ത് ഏറ്റവും വലിയ കൊള്ളയും അഴിമതിയും നടക്കുന്ന ഭാഗമല്ലേ? ശ്രീ. കെ. ശങ്കരനാരായണൻ ആ റൂൾ ക്യാൻസൽ ചെയ്തുകൊണ്ട് നയം പ്രഖ്യാപിച്ചു. അഴിമതി ഉണ്ടെന്നു പറഞ്ഞ് ക്യാൻസൽ ചെയ്ത റൂൾ വീണ്ടും കൊണ്ടുവന്നിരിക്കുന്നു. ഈ പഴുതിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസ് വാങ്ങി ബാർ ഹോട്ടൽ ഉണ്ടാക്കാനുള്ള ഗൂഢശ്രമമല്ലേ നടത്തുന്നത്? സ്ലാബ് സിസ്റ്റം കൊണ്ടുവന്നു. അതിൽ 505 ബാറുകളിലായി 111.80 കോടി രൂപ കിട്ടുമായിരുന്നു. നിങ്ങൾ അത് ക്യാൻസൽ ചെയ്തു. ഇപ്പോൾ 90.90 കോടി രൂപയാണ് കിട്ടുന്നത്. 21 കോടി രൂപയാണ് ഈ രാജ്യത്തെ വൻകിട മദ്യരാജാക്കന്മാർക്ക് നിങ്ങൾ വിട്ടുകൊടുത്തത്. ഇപ്പോഴും ആ നയമല്ലേ നിങ്ങൾ തുടരുന്നത്? ബിവറേജസ് കോർപ്പറേഷന്റേയോ കൺസ്യൂമർ ഫെഡിന്റേയോ വിൽപ്പന സ്റ്റോറുകളിൽ വില കുറഞ്ഞ മദ്യം കിട്ടാനില്ല. എന്തുകൊണ്ടാണ് വില കുറഞ്ഞ മദ്യം കൊടുക്കാൻ വിസമ്മതിക്കുന്നത്? വില കുറഞ്ഞ മദ്യത്തിന് കമ്മീഷൻ കുറവാണ്. വില കൂടിയ മദ്യം വാങ്ങിയാലാണ് കമ്മീഷൻ കൂടുതൽ കിട്ടുന്നത്. അങ്ങും അതിൽ പാർട്ട്ണർ ആയോ എന്ന് എനിക്കറിയില്ല. പക്ഷേ സത്യം അങ്ങ് അറിയണം. അല്ലെങ്കിൽ നിർബന്ധമായും ഇക്കാര്യത്തിൽ ശക്തമായ തീരുമാനമെടുക്കണം. മദ്യത്തെ സംബന്ധിച്ച് പതിനാറായിരത്തോളം കേസ്സുകളുണ്ട്. എട്ടു കൊല്ലവും ആറു കൊല്ലവും ജയിൽ ശിക്ഷ അനുഭവിക്കേണ്ട കേസ്സുകളാണ്. അത് മുഴുവൻ കോമ്പൗണ്ട് ചെയ്ത് തള്ളിക്കളയാൻ തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം, തൃശ്ശൂർ, ജില്ലകൾ കേന്ദ്രമാക്കിയിട്ടുള്ള മദ്യരാജാക്കൻമാർ കഴിഞ്ഞ ദിവസങ്ങളിൽ തിരുവനന്തപുരത്ത് ക്യാമ്പ് ചെയ്യുകയാണ്. ഈ കേസ്സുകൾ കോമ്പൗണ്ട് ചെയ്യാനുള്ള തീരുമാനമെടുക്കുന്നു. അത് അനുവദിക്കാൻ കഴിയില്ല. അത് എഴുതിത്തള്ളുന്നത് ശരിയല്ല. ബിവറേജസ് കോർപ്പറേഷന് പ്ലാസ്റ്റിക് പെഗ്ഗ് ബോട്ടിലുകളുണ്ട്. അത് മുഴുവൻ ഗ്ലാസ്സ് കൊണ്ടുള്ള ബോട്ടിലുകളിലാക്കാനുള്ള നടപടി ചേർത്തല എക്സൽ ഗ്ലാസ്സ് കമ്പനിയെ രക്ഷിക്കാൻവേണ്ടിയാണ്. ബിവറേജസ് കോർപ്പറേഷന്റെ ബോർഡിൽ ഇത് ചർച്ചയ്ക്ക് വന്നപ്പോൾ അന്നത്തെ എം.ഡി. എതിർത്തു. നടന്നില്ല. ഇപ്പോൾ ബോർഡ് ആ തീരുമാനം എടുത്തിരിക്കുന്നു. ഇപ്പോഴത്തെ എം.ഡി.-യും അത് എതിർത്തിരുന്നു. പക്ഷേ ആ എം.ഡി.-യെക്കൊണ്ട് ഇത് സമ്മതിപ്പിച്ചിരിക്കുന്നു. ഗ്ലാസ്സ് കുപ്പിയിലുള്ളത് ഒന്നര ലിറ്ററിന് 16 രൂപ. പ്ലാസ്റ്റിക് ബോട്ടിലിന് 7 രൂപ. ഇതാണ് വില. എന്തിനാണ് ഇത്രയും രൂപ ജനങ്ങളിൽ നിന്ന് പിടിച്ചുപറിക്കുന്നത്? അതിനുവേണ്ടി പറയുന്നത് പ്ലാസ്റ്റിക് ബോട്ടിലിൽ നിന്ന് സിറിഞ്ച് വച്ച് മദ്യം എടുത്തു എന്നാണ്. ഈ രാജ്യത്ത് ആർമി ക്വോട്ടയിൽ വരുന്ന മദ്യം മുഴുവൻ പെഗ്ഗ് ബോട്ടിലിൽ അല്ലേ? അവിടെയൊന്നും കുഴപ്പമില്ലല്ലോ? കേരളത്തിൽ മാത്രം എന്താണ് കുഴപ്പം? ചേർത്തലയിലെ എക്സൽ കമ്പനിയെ രക്ഷിക്കാനുള്ള ഗൂഢാലോചനയുടെ ഫലമായാണ് ഈ തീരുമാനം ബോർഡ് എടുത്തിട്ടുള്ളത്. അങ്ങ് ഈ തീരുമാനം അംഗീകരിക്കുന്നുവെങ്കിൽ എക്സൽ കമ്പനിയുമായി അങ്ങേക്കും ബന്ധമുണ്ടെന്ന് പറയേണ്ടിവരും. അങ്ങനെ എല്ലാവിധത്തിലും നയമില്ലാതെ നയം പ്രഖ്യാപിച്ച് അത് നടപ്പാക്കാൻ കഴിയാതെ സമ്പന്നന്മാർക്കും മദ്യരാജാക്കന്മാർക്കും സംരക്ഷണം നൽകാൻ ശ്രമിക്കുന്ന ഈ ഗവൺമെന്റിന്റെ ഡിമാന്റുകളെ ഞാൻ ശക്തമായി എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: സർ, കാർഷികാദായ നികുതി, വിൽപ്പന നികുതി, എക്സൈസ് എന്നീ പ്രധാനപ്പെട്ട വകുപ്പുകളിലേക്കുള്ള ധനാഭ്യർത്ഥന ചർച്ച നടക്കുകയാണ്. കാർഷികാദായ നികുതിയും വിൽപ്പന നികുതിയും സംബന്ധിച്ചുള്ള കാര്യങ്ങളെ കുറിച്ച് വിശദമായി പരിശോധിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് കാർഷികാദായ നികുതി പിരിച്ചെടുക്കാൻ ചെലവഴിക്കുന്ന തുക അതിനുവേണ്ടി നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് കൊടുക്കുന്ന ശമ്പളച്ചെലവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ വളരെ ഗൗരവമായി പരിശോധിക്കണമെന്നാണ് എനിക്ക് ബഹുമാന്യനായ ധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. പിരിഞ്ഞു കിട്ടുന്ന തുകയും അത് പിരിച്ചെടുക്കാൻ വേണ്ടി ചെലവഴിക്കുന്ന തുകയും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ പിരിഞ്ഞു കിട്ടുന്ന തുകയെക്കാൾ വലിയ തുക ഇത് പിരിച്ചെടുക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം ഇനത്തിൽ ചെലവഴിക്കുന്നു എന്ന് കാണാൻ കഴിയും. കേരളത്തിലെ കൃഷിക്കാർ എപ്പോഴും പരാതിയുള്ളവരാണ്. ഇന്നും കേരളത്തിലെ കൃഷിക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. ആ ബുദ്ധിമുട്ട് കണക്കിലെടുത്ത് നമുക്ക് യാതൊരു മെച്ചവും ഇല്ലാത്ത കാർഷികാദായ നികുതി പിരിച്ചെടുക്കുന്നത് വേണ്ടെന്ന് വയ്ക്കുന്നത് അഭികാമ്യമാണെന്ന് കരുതിക്കൂടേ എന്ന് ഞാൻ ചോദിക്കുകയാണ്. ഈ നിയമസഭയിൽ 3-3-2005-ൽ അങ്ങ് നൽകിയ ഒരു ഉത്തരം ഈ വർഷത്തെ കാർഷികാദായ നികുതി പിരിച്ചെടുക്കുന്നതിനെ സംബന്ധിച്ചിട്ടുള്ളതാണ്. 2003-04-ൽ 84.74 കോടി രൂപ കാർഷികാദായ നികുതി പിരിച്ചപ്പോൾ 2004-05-ൽ 1.94 കോടി രൂപ മാത്രമാണ് പിരിച്ചത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇതിനുവേണ്ടി ചെലവാക്കുന്നത് വളരെ വലുതാണെന്ന്. കൃഷിക്കാർ ഒന്ന് ആശ്വസിക്കട്ടെ. കാർഷികാദായ നികുതി വേണ്ടെന്ന് വയ്ക്കണം. അതുപോലെ നമ്മുടെ സംസ്ഥാനത്ത് 'വാറ്റ്' നടപ്പാക്കാൻ പോവുകയാണ്. ഒരു കാര്യം ആലോചിക്കണം. വലിയ സംസ്ഥാനങ്ങളായ ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലൊന്നും 'വാറ്റ്' നടപ്പിലാക്കുന്നില്ല. ഇവിടെ നടപ്പാക്കുന്നതിനെ ഞാൻ എതിർക്കുകയല്ല. പക്ഷേ വ്യാപകമായി വ്യാപാരികൾ അടക്കമുള്ളവരുടെ പരാതി നിലനിൽക്കുന്ന സാഹചര്യത്തിൽ അങ്ങ് ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ട്, ചർച്ച ചെയ്യുന്നുണ്ട്. ഈ സംശയം ദൂരീകരിച്ചതിനുശേഷമേ ഇത് നടപ്പാക്കാവൂ എന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്തിനാണ് മുഴുവൻ ആളുകളേയും പിണക്കി അവരെ മുഴുവൻ ശത്രുക്കളാക്കിക്കൊണ്ട് ഈ നിയമം നടപ്പാക്കുന്നത്? അത് ഒന്ന് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെടാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രൈവറ്റ് ബാങ്കുകളെ അമിത പലിശ ഈടാക്കാൻ അനുവദിക്കുകയില്ല, 12 ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കാൻ അനുവദിക്കുകയില്ല എന്നു ചോദ്യോത്തര സമയത്ത് പറയുകയുണ്ടായി. കേരളത്തിലെ പാവപ്പെട്ട ആളുകളെ, പലിശയ്ക്ക് പണമെടുക്കുന്ന ആളുകളെ സഹായിക്കാൻ ഒരു ബാദ്ധ്യതയുണ്ട്. ഞാൻ അത് അംഗീകരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള ഒരു വ്യവസ്ഥയുണ്ട്. ബാങ്ക് റേറ്റിൽ നിന്ന് 2 ശതമാനം കൂട്ടി പലിശ ഈടാക്കാനുള്ള അനുമതി ലൈസൻസ് എടുത്തിട്ടുള്ള പ്രൈവറ്റ് ബാങ്കേഴ്സിന് കൊടുത്തുകൊണ്ടുള്ള നിയമം നിലവിലുള്ള ഈ സംസ്ഥാനത്ത് അത് നിലനിർത്തും എന്നെങ്കിലും പറയാനുള്ള ഒരു ബാദ്ധ്യത ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഏറ്റെടുക്കണം. ലൈസൻസില്ലാതെ മടിശ്ശീലയിൽ പണവുമായി നടക്കുന്ന അന്യായ പലിശ വാങ്ങുന്ന ആളുകളെ നമുക്ക് നിയന്ത്രിക്കണം. ലൈസൻസ് ഫീസ് തന്ന് ലൈസൻസിന്റെ അടിസ്ഥാനത്തിൽ പണമിടപാട് നടത്തുന്ന പ്രൈവറ്റ് ബാങ്കുകൾ നമ്മുടെ സംസ്ഥാനത്തിന്റെ മുതൽക്കൂട്ടാണ്. ഞാൻ പ്രൈവറ്റ് ബാങ്കുകാർക്കുവേണ്ടി പറയുകയല്ല. അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം ഇല്ലായ്മ ചെയ്യാൻ നമുക്ക് കഴിയുമോ? അങ്ങ് ആലോചിക്കണം. നിലവിലുള്ള ബാങ്ക് റേറ്റിന്റെ 2 ശതമാനം കൂടുതൽ അവർക്ക് ഈടാക്കാമെന്ന വ്യവസ്ഥയുണ്ട്. എക്സൈസ് വകുപ്പിന്റെ കാര്യം പറയുമ്പോൾ മുൻ എക്സൈസ് വകുപ്പുമന്ത്രി കൂടിയായ കേരള കോൺഗ്രസ്സ് (എം)-ന്റെ ഡെപ്യൂട്ടി ലീഡർ ഇവിടെ പ്രസംഗിച്ചപ്പോൾ ഞാൻ ഒരു ചോദ്യം ചോദിക്കാൻ മുതിർന്നു. പക്ഷേ അദ്ദേഹം വഴങ്ങിയില്ല. ആ പാർട്ടിയുടെ നയമാണോ സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കണമെന്ന് ഇവിടെ പറഞ്ഞതെന്ന് അറിയാനുള്ള താല്പര്യമുണ്ട്. ആ പാർട്ടിയുടെ വക്താവ് ഇവിടെ ഉണ്ടായിരുന്നു, അദ്ദേഹം ഇപ്പോൾ ഇവിടെ ഇല്ല. അത് ആരെങ്കിലും ഒന്ന് വെളിപ്പെടുത്തിയെങ്കിൽ കൊള്ളാമായിരുന്നു. സമ്പൂർണ്ണ മദ്യനിരോധനമൊന്നും കേരളത്തിൽ വിലപ്പോവില്ല. 1967-ന് മുമ്പ് കേരളപ്പിറവി വന്നതുമുതൽ സമ്പൂർണ്ണ മദ്യനിരോധനം നിലവിലിരുന്ന ഒരു സംസ്ഥാനമാണ് കേരളം. 1967-ൽ ആ മദ്യനിരോധനം പിൻവലിച്ചത് സഖാവ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള അന്നത്തെ സപ്തകക്ഷി മുന്നണി ഗവൺമെന്റാണ്. അന്ന് ആ തീരുമാനമെടുക്കുമ്പോൾ ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗും ആ മന്ത്രിസഭയിൽ ഉണ്ടായിരുന്നു എന്നുള്ള കാര്യം വിസ്മരിക്കാനാവില്ല. ഈ തീരുമാനമെടുത്തത് കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലം കണക്കിലെടുത്തു കൊണ്ടാണ്. കേരളത്തെ സംബന്ധിച്ച് സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കാൻ കഴിയുമോ? ശ്രീ. എ. കെ. ആന്റണി മദ്യനിരോധനം കൊണ്ടുവന്നു. എല്ലാവരും സ്വാഗതം ചെയ്തു. ഒരു വർഷക്കാലം വളരെ ഭംഗിയായി ചാരായ നിരോധനം നടപ്പാക്കി. പിന്നീട് അത് അട്ടിമറിച്ചില്ലേ? എന്താണ് കേരളത്തിലെ സ്ഥിതി? ഓട്ടോറിക്ഷയിലും മോട്ടോർ സൈക്കിളിലും മദ്യം കൊണ്ടുവന്ന് വിൽക്കുന്ന ഒരു സ്ഥിതിവിശേഷമല്ലേ ഉള്ളത്?

മി. ഡെപ്യൂട്ടി സ്പീക്കർ: മദ്യമല്ല, സ്പിരിറ്റാണ്.

ശ്രീ. ജോണി നെല്ലൂർ: അതെ. സ്പിരിറ്റാണ്. അത് തടയാൻ നമുക്ക് കഴിയുന്നുണ്ടോ? പലപ്പോഴും ഈ നിയമസഭയിൽ വന്നിട്ടുള്ള ഒരു ആക്ഷേപം ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എക്സൈസ് ഡിപ്പാർട്ട്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ബിവറേജസ് കോർപ്പറേഷനിലൂടെ മദ്യം വിൽക്കുന്നു. അത് ഗവൺമെന്റിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിൽക്കുന്നതാണ്. പക്ഷേ ബിവറേജസ് കോർപ്പറേഷനിൽപ്പോലും ഇന്ന് സെക്കൻഡ്സ് വിൽക്കുന്നു എന്ന് പറഞ്ഞപ്പോൾ ഇല്ലെന്ന് ബഹുമാന്യരായ മന്ത്രിമാർ തറപ്പിച്ചു പറഞ്ഞതാണ്. ഇത് ഗവൺമെന്റ് അറിഞ്ഞുകൊണ്ടാണ് എന്ന് ഞാൻ പറയുന്നില്ല. പക്ഷേ ബിവറേജസ് കോർപ്പറേഷൻ സെക്കൻഡ്സ് വിൽക്കുന്നു എന്നുള്ളത് വളരെ വ്യാപകമായി എല്ലാവർക്കും അറിയാവുന്നതാണ്. തടയാൻ നമുക്ക് കഴിയുമോ? ഗൗരവമായി ആലോചിക്കണം.

ശ്രീ. പി. കെ. കെ. ബാവ: ബഹുമാനപ്പെട്ട മെമ്പർ 1967-ലെ സപ്തകക്ഷി മുന്നണി ഗവൺമെന്റാണ് മദ്യനിരോധനം പിൻവലിച്ചതെന്ന് പറഞ്ഞു. അതിൽ മുസ്ലീംലീഗ് ഭാഗഭാക്കായി എന്നും പറഞ്ഞു. എന്നാൽ സത്യത്തിൽ മുസ്ലീംലീഗ് ആ തീരുമാനത്തിൽ നിന്ന് വിട്ടുനിൽക്കുകയാണ് ചെയ്തതെന്ന് അങ്ങേക്ക് അറിയാമോ? ആരും ആരെയും കൊല്ലാൻ പാടില്ല. എന്നിട്ടും കൊലപാതകം നടക്കുന്നു എന്ന കാരണം കൊണ്ട് എല്ലാവർക്കും എല്ലാപേരെയും കൊല്ലാമെന്ന് തീരുമാനമെടുക്കാനും കൊലപാതക നിരോധനം ഒഴിവാക്കാനും നമുക്ക് കഴിയുമോ?

ശ്രീ. ജോണി നെല്ലൂർ: ബഹുമാനപ്പെട്ട പി. കെ. കെ. ബാവ ചോദിച്ചത് നന്നായി. മുസ്ളീംലീഗ് ഉണ്ടായിരുന്നെങ്കിൽപ്പോലും അതിൽനിന്ന് വിട്ടുനിന്നു എന്നുള്ളത് ശരിയാണ്. ഒരു തീരുമാനം എടുത്തു. എന്നായിരുന്നു ആ തീരുമാനം എടുത്തത്? കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലം പരിശോധിച്ചപ്പോൾ മദ്യ നിരോധനം നടപ്പാക്കാൻ കഴിയുകയില്ല എന്ന് ബോധ്യം
12.00 NOON] വന്നപ്പോഴാണ്. അതുകൊണ്ട് ഞാൻ പറയുന്നത് ഘട്ടം ഘട്ടമായി മദ്യ നിരോധനത്തിലേക്ക് പോകണം. ഒന്നാം തീയതി ബാറുകൾ പൂട്ടിയിടാൻ തീരുമാനിച്ചു. ഒന്നാം തീയതി ബാറുകൾ പൂട്ടിയിട്ടതുകൊണ്ട് എന്താണ് പ്രയോജനം? മന്ത്രി ആലോചിക്കണം. 30-ാം തീയതിയോ 31-ാം തീയതിയോ കുപ്പിക്കണക്കിന് വാങ്ങിവയ്ക്കും. അന്ന് വാങ്ങിക്കാൻ കഴിഞ്ഞില്ലെങ്കിൽ വ്യാജമദ്യം അടിക്കും. മദ്യത്തിന്റെ ഉപയോഗം അതുകൊണ്ട് കുറയുന്നില്ല. സർക്കാർ ഉദ്യോഗസ്ഥർക്ക് ഒന്നാം തീയതി ശമ്പളം കിട്ടും. അവരുടെ വീടുകളിൽ സ്ത്രീകൾ അടക്കമുള്ളവർ പറയുന്നത് ബാറുകളൊക്കെ തുറക്കണമെന്നാണ്. കാരണമെന്താണെന്ന് അറിയാമോ? അല്ലെങ്കിൽ വ്യാജമദ്യം കുടിച്ച് ഭർത്താക്കൻമാർ അപകടത്തിലാകും എന്നുള്ള സ്ഥിതിയിലാണ് സ്ത്രീകൾ. അതുകൊണ്ട് നമുക്ക് ഇത് നടപ്പാക്കാൻ കഴിയണം. കഴിയാത്ത സാഹചര്യത്തിൽ ഒന്നാം തീയതി എന്തിനാണ് ബാറുകൾ അടച്ചിടുന്നത്? അത് തുറക്കണം. അല്ലെങ്കിൽ വ്യാജമദ്യം പ്രോത്സാഹിപ്പിക്കുകയാണ് നമ്മൾ ചെയ്യുന്നത്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലം കണക്കിലെടുത്തുകൊണ്ടുവേണം ഇതൊക്കെ ചെയ്യാൻ. ക്രൈസ്തവരെ സംബന്ധിച്ച് ഇപ്പോൾ നോമ്പാചരണത്തിന്റെ കാലമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ തൃപ്തരാക്കിയ യേശുദേവനെക്കുറിച്ചുള്ള സ്മരണകൾ നിലനിൽക്കുമ്പോൾ ഇപ്പോൾ കേരളത്തിൽ അഞ്ചു ലിറ്റർ കൊണ്ട് ആയിരങ്ങളെ അട്ടിമറിക്കുകയാണ്. ഇവിടെ വ്യാജമദ്യത്തിന് എന്തെല്ലാം പേരുകളാണ് ഇപ്പോഴുള്ളത്. ഭാര്യാ മർദ്ദിനി, എട്ടടി മൂർഖൻ തുടങ്ങി ഇഷ്ടംപോലെ സാധനങ്ങളുണ്ട്. ഷെയർ മാർക്കറ്റൊക്കെ പൊളിഞ്ഞു എന്നാണ് നമ്മളൊക്കെ ധരിച്ചുവച്ചിരിക്കുന്നത്. ഷെയർ മാർക്കറ്റ് പൊളിഞ്ഞിട്ടില്ല. ഷെയർ മാർക്കറ്റ് ഉണ്ട്. എവിടെയാണെന്ന് അറിയാമോ? രണ്ടുമൂന്ന് ആളുകൾകൂടി ഷെയർ ഇട്ട് മദ്യപിക്കുന്ന ഷെയർമാർക്കറ്റ് ഇന്ന് കേരളത്തിൽ സുലഭമാണ്. മൂന്ന്,നാല് ചെറുപ്പക്കാർ കൂടി ഷെയർ എടുക്കുകയാണ്. ഷെയർമാർക്കറ്റ് വ്യാപകമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതൊന്നും അവസാനിച്ചു എന്ന് കരുതേണ്ടതില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് കുറഞ്ഞ വിലയ്ക്ക് നല്ല മദ്യം കൊടുക്കണം. കള്ള് ടിന്നിൽ ആക്കി കൊടുക്കുന്ന സംവിധാനത്തെക്കുറിച്ച് പറഞ്ഞു. എന്താണ് അത് നടപ്പിലാക്കാൻ മടിക്കുന്നത്? വ്യാപകമായി നല്ല മധുരക്കള്ള് ടിന്നിലാക്കി കൊടുക്കുന്ന കാര്യത്തിൽ യാതൊരു വിധത്തിലും പുറകോട്ടു പോകരുത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം തന്നെ വ്യാപകമായ രീതിയിൽ പ്രചാരണം കൊടുത്തുകൊണ്ട് ബോധവൽക്കരണത്തിലൂടെ മദ്യം ഉപയോഗിക്കുന്നതിൽ നിന്നും ആളുകളെ പിന്തിരിപ്പിച്ചുകൊണ്ട് ഘട്ടം ഘട്ടമായി മദ്യ നിരോധനത്തിലേക്ക് പോകാൻ കഴിയുമോ എന്ന് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കെ.ടി.ഡി.സി.-യുടെ ബീയർ പാർലറുകൾ.....ലാഭത്തിൽ പ്രവർത്തിക്കുന്ന ബീയർ പാർലറുകൾ അടച്ചു പൂട്ടിക്കാൻ ബാർ ഉടമകൾ അടക്കമുള്ള ആളുകൾ ശ്രമിക്കുന്നു. വിനോദസഞ്ചാരത്തിന്റെ പേരിൽ കെ.ടി.ഡി.സി. ടൂറിസം ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് വളരെ കഠിനാധ്വാനം ചെയ്ത് വാങ്ങിയെടുത്ത ബീയർ പാർലറുകൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. പക്ഷേ അത് നഷ്ടത്തിലാണെന്ന് വരുത്തിത്തീർത്തുകൊണ്ട് അടച്ചുപൂട്ടുവാൻ ചില ശ്രമങ്ങൾ നടന്നുവരുന്നു. അതിന് അനുവാദം കൊടുക്കരുത്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ അടച്ചുപൂട്ടുവാൻ അനുവദിക്കരുത് എന്നുകൂടി ഇത്തരുണത്തിൽ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിലൊക്കെ തുറന്ന ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും എന്ന് ഞാൻ കരുതുകയാണ്. ഈ പറഞ്ഞ കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി അനുകൂലമായ മറുപടി നൽകും, പ്രത്യേകിച്ച് കാർഷികാദായ നികുതിയുടെ കാര്യത്തിൽ അനുകൂലമായ നടപടി ഉണ്ടാകും എന്നു പ്രതീക്ഷിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. എ. വാഹീദ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഏറ്റവും നല്ല ധനകാര്യ മാനേജ്മെന്റുകൊണ്ട് കടക്കെണിയിൽ കിടന്ന ഈ സംസ്ഥാനത്തെ രക്ഷപ്പെടുത്താൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. പിരിക്കാതെ കിടന്ന നികുതികൾ പിരിച്ചെടുക്കാനും കിട്ടാതെ കിടന്ന നികുതികൾ ലഭിക്കത്തക്ക രീതിയിലുള്ള നടപടികൾ സ്വീകരിക്കാനും കഴിഞ്ഞതാണ് ഈ സർക്കാരിന്റെ ഗുണപരമായ നേട്ടമായി ഞാൻ കാണുന്നത്. അതുകൊണ്ട് ധനകാര്യസ്ഥിതി മെച്ചപ്പെടുത്താൻ ഈ സർക്കാരിന് കഴിഞ്ഞു. ആ മാനേജ്മെന്റ് തുടരുകയാണ്. പണ്ടൊക്കെ നികുതി പിരിക്കാതെ ഖജനാവിന് കടം വരുത്തി മറ്റുള്ളവരിൽനിന്ന് കടം എടുത്ത് സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുകയും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന ഘട്ടത്തിൽ ഉടുതുണിക്ക് മറുതുണിയില്ലാത്ത അവസ്ഥാവിശേഷം കേരളത്തിൽ ഉണ്ടാവുകയും ചെയ്ത സാഹചര്യം ഉണ്ടായിരുന്നു. ആ സാഹചര്യത്തോടൊപ്പം നിന്ന ആളാണ് ശ്രീ. പി. സി. ജോർജ്. ശ്രീ. പി. സി. ജോർജ് കഴിഞ്ഞ കുറേ കാലമായി സംസാരിക്കുന്നത് കേട്ടാൽ ഈ രാജ്യത്ത്, ഈ സംസ്ഥാനത്ത് നികുതി പിരിക്കരുത് എന്നാണ്. നികുതി വകുപ്പ് പിരിച്ചുവിടണമെന്ന അർത്ഥത്തിലാണ് മിക്കവാറും പി. സി. ജോർജ് എല്ലാ ദിവസങ്ങളിലും സഭയിൽ പ്രസംഗിക്കുന്നത്. വരുമാനം കൂട്ടാൻ പാടില്ല, നികുതി പിരിക്കാൻ പാടില്ല, കിട്ടാത്ത നികുതികൾ ഈടാക്കാനുള്ള നടപടി സ്വീകരിക്കാൻ പാടില്ല എന്നുള്ള അർത്ഥത്തിലാണ് ഇവിടെ ശ്രീ. പി. സി. ജോർജ് പലപ്പോഴും സംസാരിക്കുന്നത്. ശ്രീ. പി. സി. ജോർജ് വികസന പ്രവർത്തനങ്ങളെക്കുറിച്ച് പറയും, കർഷകരെ സഹായിക്കുന്നതിനെക്കുറിച്ച് പറയും. ശ്രീ. പി. സി. ജോർജ് പറയുന്നതു കേട്ടാൽ .....പണ്ടൊരു സിനിമ ഉണ്ടായിരുന്നു. സ്ഥാനാർത്ഥി സാറാമ്മ, അതിൽ ഒരു കഥാപാത്രം ഉണ്ടായിരുന്നു. അടൂർ ഭാസി. സ്ഥാനാർത്ഥികൾക്ക് വോട്ട് പിടിക്കാൻവേണ്ടി അദ്ദേഹം കഥാപ്രസംഗം നടത്തിയിരുന്നു. അതിൽ കഥാപ്രസംഗം നടത്തുന്ന ഹാസ്യകലാകാരന്റെ ചിത്രമാണ് ഞാനിവിടെ ശ്രീ. പി. സി. ജോർജിലൂടെ കാണുന്നത്. പഞ്ചായത്തിൽ പൊരുതി ജയിച്ചാൽ പൊന്നോണം നാടാകെ എന്നാണ് അന്ന് അടൂർഭാസി പറഞ്ഞത്. നികുതി വകുപ്പ് പിരിച്ചു വിടുമെന്നും തോട്ടിൻകരയിൽ വിമാനമിറങ്ങാൻ താവളമുണ്ടാക്കുമെന്നുമാണ് ശ്രീ. പി. സി. ജോർജ് പറയുന്നത്. എൻ.ജി.ഒ.-മാർക്കെല്ലാം ഇന്നത്തെ ശമ്പളം നൂറിരട്ടി എന്നാണ് അടൂർ ഭാസി പ്രസംഗിക്കുന്നത്. അതുപോലെയാണ് നമ്മുടെ ശ്രീ. പി. സി. ജോർജ് പ്രസംഗിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണ കാലത്തുണ്ടായിരുന്ന നികുതി വരവും ഇപ്പോഴത്തെ നികുതി വരവും തമ്മിൽ താരതമ്യപ്പെടുത്തിയാൽ മിക്കവാറും പി. സി. ജോർജിന് അത് പറയാൻ കഴിയില്ല. ആവശ്യങ്ങൾ വളരെയേറെയാണ്, നാട്ടിലെ ജനങ്ങൾക്ക്. ജനപ്രതിനിധികൾക്കും ആവശ്യങ്ങൾ ഏറെയാണ്. അതനുസരിച്ചുള്ള വരുമാനം ഇല്ല. നികുതി കൂട്ടാൻ പാടില്ല, നികുതി വരുമാനം വർദ്ധിപ്പിക്കാൻ പാടില്ല, 'വാറ്റ്' നടപ്പാക്കാൻ പാടില്ല. പക്ഷേ വികസന പ്രവർത്തനങ്ങൾ നടത്തണം. ആനുകൂല്യങ്ങൾ കൊടുക്കണം. ക്ഷേമ പെൻഷനുകൾ കൊടുക്കണം. അതുപോലെ ശമ്പള വർദ്ധനവ് ഉണ്ടാകണം. ഇതൊക്കെ പറയുമ്പോൾ തന്നെ ഇപ്പുറത്ത് നികുതി വരുമാനം കൂട്ടാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

നികുതി സമാഹരിക്കാൻ പാടില്ല, നടപടികൾ സ്വീകരിക്കാൻ പാടില്ല. ഇങ്ങനെയുള്ള വിരോധാഭാസമായ പ്രവർത്തനമാണ് ഇന്ന് കേരളത്തിൽ നടക്കുന്നത്. അതിൽ നിന്ന് മാറ്റം വരണം. കിട്ടേണ്ട നികുതി കൃത്യമായി പിരിക്കണം. കിട്ടാതെ കിടക്കുന്ന നികുതി ഈടാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വർഷങ്ങളായി കിട്ടാതെ കിടക്കുന്ന നികുതി പിരിച്ചെടുക്കുന്നതിന് വേണ്ടി നികുതിദായകർക്ക് എന്തെങ്കിലും സഹായം കൊടുത്ത് കിട്ടാതെ കിടക്കുന്ന പണം ഖജനാവിലേക്ക് വരാൻ ശ്രമിച്ചാൽ അതിൽ തെറ്റില്ല. അതേക്കുറിച്ച് ഇടതുപക്ഷം പറയും സമ്പന്നരെ സഹായിക്കാനാണെന്ന്. അങ്ങനെയല്ല. പലർക്കും നികുതി അടയ്ക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ട്. കിടപ്പാടം വിറ്റ് നികുതി അടയ്ക്കേണ്ട സ്ഥിതിവിശേഷം ഉണ്ട്. അങ്ങനെയുള്ളവർക്ക് ആനുകൂല്യം നൽകി, നികുതി വരുമാനം വർദ്ധിപ്പിച്ച് ഖജനാവിൽ പണം ശേഖരിച്ച് വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും നടത്തുക എന്നുള്ള ലക്ഷ്യത്തിലേക്ക് സർക്കാർ മാറണം. അങ്ങനെ മാറിയെങ്കിൽ മാത്രമേ നമ്മുടെ ഖജനാവ് സമ്പുഷ്ടമാകൂ എന്നു വിശ്വസിക്കുന്ന ആളാണ് ഞാൻ. ഞാൻ എക്സൈസ് വകുപ്പിലേക്ക് കടക്കുകയാണ്, എക്സൈസ് വകുപ്പും നികുതി വകുപ്പും ഏറ്റവും കൂടുതൽ ആക്ഷേപം കേൾക്കുന്ന വകുപ്പുകളാണ്. അതുകൊണ്ടുതന്നെ ഇത് കൈകാര്യം ചെയ്യുന്ന മന്ത്രിമാർ എപ്പോഴും അൺപോപ്പുലർ ആയിരിക്കും. അവർക്ക് കുപ്രസിദ്ധി ആയിരിക്കും. അവരാരും സുപ്രസിദ്ധരാകില്ല. കേരള നിയമസഭയിലെ ഇന്നോളമുള്ള ഒരു ധനകാര്യ മന്ത്രിയെക്കുറിച്ചും സുപ്രസിദ്ധമായി ഒന്നും പറഞ്ഞു കേട്ടിട്ടില്ല. ഏതെങ്കിലും ഘട്ടത്തിൽ അവർ കുപ്രസിദ്ധി ആർജിക്കുന്നവരായിരിക്കും. അതുകൊണ്ട് അവർ അൺപോപ്പുലർ ആയിരിക്കും. ഈ രണ്ടു വകുപ്പിന്റേയും പ്രത്യേകത അതാണ്. ഈ എക്സൈസ് വകുപ്പ് ഏറ്റവും കൂടുതൽ അപകടം പിടിച്ചതാണ്. ഏറ്റവും കൂടുതൽ നികുതി നമ്മുടെ ഖജനാവിലേക്ക് വരുത്തിയിരുന്ന ഒരു വകുപ്പാണ് എക്സൈസ് വകുപ്പ്. ഇപ്പോൾ ചാരായ നിരോധനത്തോടുകൂടി അതിന്റെ വരുമാനം കുറഞ്ഞുപോയി. എന്നാൽ ചാരായം ഇവിടെ ഇല്ലേ? പഴയതിനേക്കാൾ കൂടുതൽ ചാരായം ഉണ്ട്. അത് വ്യാജ ചാരായവും വ്യാജ സ്പിരിറ്റുമാണ്. കേരളത്തിലാണ് കൂടുതൽ മദ്യപാനികളുള്ളത്. അവർ ഒരു കാലവും മദ്യപാനശീലം മാറ്റില്ല. അവർ ശുദ്ധമായ മദ്യം കഴിച്ചു മരിക്കുന്നുവെങ്കിൽ മരിക്കട്ടെ. അതിനെന്തിന് സർക്കാർ തടസം നിൽക്കുന്നുവെന്നാണ് എന്റെ അഭിപ്രായം. ഈ ചാരായ നിരോധനം കൊണ്ട് ഗുണം കിട്ടിയില്ലെങ്കിൽ അങ്ങ് ചാരായ നിരോധനം മാറ്റിയാലെന്ത്. ഞാൻ മദ്യപിക്കുന്ന ആളല്ല, മദ്യം ഉപയോഗിക്കുന്നത് കണ്ടിട്ടില്ലാത്ത ആളാണ്, കാണാൻ പാടില്ലാത്ത ആളുമാണ്. പക്ഷെ ഈ നിരോധനം കൊണ്ട് ഒരുപാട് ആളുകൾ വ്യാജചാരായവും, സ്പിരിറ്റും കഴിച്ച് നിത്യരോഗികളായിത്തീരുകയും ഒരുപാട് ആളുകളും ഒരുപാട് കുടുംബങ്ങളും അനാഥവുമാകുന്ന സ്ഥിതിവിശേഷമാണ്. അതിനെ നേരിടാൻ പറ്റില്ല. ചാരായം നിരോധിച്ചപ്പോൾ കുറെ വിദേശ മദ്യഷാപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങി. ശ്രീ. തമ്പാനൂർ രവി ഇവിടെ ചൂണ്ടിക്കാണിച്ചപോലെ എന്റെ നാട്ടിലും ഒരു സംഭവമുണ്ടായി. ബിവറേജസ് കോർപ്പറേഷന്റെ മദ്യഷാപ്പ് വേണ്ടെന്ന് കുറെ പേർ പറഞ്ഞു. എം.എൽ.എ. എന്ന നിലയിൽ മദ്യഷാപ്പ് വേണ്ടായെന്ന് ഞാനും കത്തുകൊടുത്തു. നമ്മുടെ വെള്ളറടയിലും അതുപോലെ സംഭവിച്ചു. ബിവറേജസ് കോർപ്പറേഷന്റെ മദ്യം വേണ്ട, ഈ മദ്യം ഇവിടെ തെരുവുതോറും കൊടുക്കും, ആട്ടോറിക്ഷ, സ്കൂട്ടർ, കാറിലുമൊക്കെ ഈ ചെറുപ്പക്കാർ നടന്നു കുടിക്കുമെന്നുള്ളതുകൊണ്ട് ഈ മദ്യഷോപ്പുകൾ വേണ്ടായെന്നു പറഞ്ഞു. ഞാനും ആ നിലപാട് എടുത്തു. പോത്തൻകോട് ആ നിലപാട് എടുത്തപ്പോൾ 6, 7 ദിവസം കള്ളുഷാപ്പ് വേണം എന്നുപറഞ്ഞു തുടർച്ചയായി ഹർത്താലായിരുന്നു. മദ്യഷാപ്പ് വേണമെന്നുപറഞ്ഞു വെള്ളറടയിലും സമരം നടന്നു. ആ മദ്യഷാപ്പ് അനുവദിച്ച് മദ്യം കൊണ്ടുവന്ന ലോറി വന്നപ്പോൾ ആളുകൾ ഹാരമിട്ട് സ്വീകരിച്ചു, അവിടെ മാലപ്പടക്കങ്ങൾ പൊട്ടിച്ചു. മദ്യഷാപ്പ് വേണമെന്ന് പറഞ്ഞ് പതിനായിരക്കണക്കിന് ആൾക്കാർ ജാഥ നടത്തുന്ന സ്ഥിതിവിശേഷമാണ് നമ്മുടെ നാട്ടിലുള്ളത്. അതുകൊണ്ട് ഈ മദ്യനിരോധനം പൂർണ്ണമാകുമോയെന്ന് ഗവണ്മെന്റ് ഒന്നുകൂടി ആലോചിക്കണം. 1960-കളിൽ തമിഴ്നാട്ടിൽ ഒരു പാർട്ടിയുണ്ടായിരുന്നു. 60-കളിൽ മദ്യനിരോധനം പൂർണ്ണമായി നടപ്പാക്കി. 1960-കളിൽ തമിഴ്നാട്ടിൽ മദ്യം വേണമെന്ന് പറഞ്ഞ് ഒരു പാർട്ടിയുണ്ടായി. കള്ളു വേണ്ടുവോർ കഴകം എന്ന്. അന്ന് ആ നിയമസഭയിൽ കള്ളു വേണ്ടുവോർ കഴകത്തിൽ ഒരു എം.എൽ.എ. ഉണ്ടായിരുന്നു. അതാണ് നമ്മുടെ നാട്. തമിഴ്നാട്ടിൽ പോലും മദ്യം നിരോധിച്ചപ്പോൾ വേണമെന്ന് പറഞ്ഞ് കൊണ്ടൊരു രാഷ്ട്രീയപാർട്ടി. അതിനൊരു എം.എൽ.എ. അതിനെക്കാൾ വിചിത്രമാണ് നമ്മുടെ കേരളത്തിൽ, മദ്യം വേണമെന്ന് പറഞ്ഞ് സമരം നടത്തുന്ന ജനങ്ങൾ, മദ്യവാഹനം വരുമ്പോൾ മാലയിട്ടു സ്വീകരിക്കുന്ന ജനങ്ങളുടെ പിന്നാലെ പോകുന്ന മദ്യക്കച്ചവടക്കാർ, അവർക്കൊപ്പമായി സമാന്തരമായി മദ്യം കച്ചവടം നടത്തുന്നവർ ഇങ്ങനെ പോകുന്നു.

ശ്രീ. സാജുപോൾ: സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് മദ്യത്തിന്റെ ആപത്തിനെതിരെ വളരെ ഉജ്ജ്വലമായി നമ്മെ ബോധവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്. ഒരു നിമിഷം അധികാരം ലഭിച്ചാൽ മദ്യം നിരോധിക്കുമെന്ന് പറഞ്ഞ ആളാണ് മഹാത്മാഗാന്ധി. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ നിന്നും അദ്ദേഹം ഇടയ്ക്കൊന്നുപോയെങ്കിലും പിന്നീട് വന്നല്ലോ. ആ പാർട്ടിയുടെ ഭരണഘടനയിൽ ഇപ്പോൾ മദ്യപിക്കാൻ പാടില്ലായെന്നോ, മദ്യപിക്കുന്നവർക്ക് കോൺഗ്രസ്സിൽ അംഗത്വം കൊടുക്കില്ലായെന്നോ വ്യവസ്ഥയുണ്ടോ. ഉണ്ടെങ്കിൽ അത് പാലിക്കുന്നുണ്ടോ?

ശ്രീ. എം. എ. വാഹീദ്: എന്റെ പാർട്ടിയുടെ നയത്തെക്കുറിച്ചല്ല പ്രസംഗിച്ചത്. നാട്ടിൽ നടക്കുന്ന മദ്യവിപത്തുകളെക്കുറിച്ച്, വ്യാജമദ്യം കഴിക്കുന്ന പതിനായിരക്കണക്കിന് ആൾക്കാർ നിത്യരോഗികളായിമാറി, കുടുംബങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അനാഥമാകുന്ന സ്ഥിതിവിശേഷമുണ്ട്. ഈ മദ്യനിരോധനം എന്നുപറയുന്നത് ഒരു സംസ്ഥാനത്തിലും പൂർണ്ണമായി നടത്താൻ പറ്റില്ല. വെടിവയ്പ്പു നടത്തിയാൽപോലും ഇത് നടത്താൻ കഴിയുമെന്ന് തോന്നുന്നില്ല. ആ സ്ഥിതിക്ക് അതിനേക്കാളും വലിയ ആപത്തുണ്ടാക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കുവാൻ സർക്കാരിന് ശ്രമിച്ചുകൂടെയെന്നാണ് ചോദിച്ചത്. ഇങ്ങനെയുള്ള സ്ഥിതിവിശേഷം നമ്മുടെ നാട്ടിലുമുള്ളതുകൊണ്ട് തിരുവനന്തപുരം ജില്ലയിൽ പോത്തൻകോടും, വെള്ളറടയിലും നടന്നപോലുള്ള സംഭവങ്ങൾ നമ്മുടെ നാട്ടിൽ എമ്പാടുമുള്ളതുകൊണ്ട് മദ്യപന്മാരുടെ എണ്ണം കൂടിയതുകൊണ്ടും ഇതൊരു പുനർവിചിന്തനത്തിന് വിധേയമാക്കിക്കൂടെ എന്നതാണ് എന്റെ ഒരു ചോദ്യം. വേറൊരു കാര്യം എക്സൈസ് ഓഫീസുകളിലും, പോലീസ് സ്റ്റേഷനുകളിലും ഒരുപാട് വാഹനങ്ങൾ പല കാരണങ്ങൾ കൊണ്ട് പിടിച്ചിട്ടുണ്ട്, confiscate ചെയ്തിട്ടുണ്ട്. ഈ വാഹനങ്ങൾ തുരുമ്പു പിടിച്ചു നശിക്കുകയാണ്. 3 മാസത്തിനകം കോടതിയുടെ ഉത്തരവ് പ്രകാരം മൂന്നാം സ്ഥാനത്ത്

[ചെയറിൽ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ]

കൊടുക്കാത്ത വാഹനങ്ങളെ സർക്കാർ ലേലം ചെയ്തു, സർക്കാർ ഖജനാവിലേക്ക് മുതൽകൂട്ടുകയും അനുകൂലമായി വിധി വരുകയാണെങ്കിൽ ആ എമൗണ്ട് മാത്രം കൊടുത്ത് തീരത്തക്കതരത്തിൽ ഒരു നിയമം ഉണ്ടാക്കണം. ഇതൊരു ദേശീയ നഷ്ടമാണ്. വലിയ വലിയ വണ്ടികളാണ് കിടക്കുന്നത്. ഫോറസ്റ്റ് ഓഫീസുകളിലൊക്കെ കിടക്കുന്നത് വളരെ വില കൂടിയ വണ്ടികളാണ്. ബെൻസ് പോലുള്ളത്, അതുകൊണ്ട് സർക്കാരിലേക്ക് മുതൽകൂട്ടുവാൻ വാഹനങ്ങൾ ലേലം ചെയ്തുവിൽക്കുമോയെന്നുള്ളതാണ്. Compounding സമ്പ്രദായത്തെക്കുറിച്ച് പറഞ്ഞു കോടതിയിലേക്ക് പോകുന്ന കേസുകളെക്കുറിച്ചെല്ലാം അറിയാം. എക്സൈസ് കേസുകളായാലും, വേറെ ഏതു കേസുകളായാലും ഉള്ളി തൊലിച്ചപോലെയാണ്. അവസാനം ഒന്നുമില്ല. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിവച്ച പല കേസുകളും അതുപോലെ ഒരുപാട് ആപത്തു വരുത്തിവച്ച കേസുകളും കോടതിയിൽ ചെല്ലുമ്പോൾ ഒന്നുമില്ലാതെ, ഉള്ളി തൊലിച്ചപോലെ പ്രതികൾ രക്ഷപ്പെട്ടുപോകുകയാണ്. Capital Punishment ഉള്ള 302-ാം വകുപ്പുപ്രകാരം എടുത്തിട്ടുള്ള കേസുകളൊഴികെയുള്ള മുഴുവൻ അബ്കാരി കേസുകളും 2 ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ compound ചെയ്യത്തക്ക ഒരുപാട് അബ്കാരി കേസുകളുണ്ട്. Capital punishment ഒഴികെയുള്ള അബ്കാരി കേസുകൾ compound ചെയ്യാൻ ഇവിടെ excise policy-ൽ ഒരു compounding committee വച്ചിട്ടുള്ള പോലെ ഒരു കമ്മിറ്റിയെ വച്ച് compound ചെയ്ത് ഇതിന്റെ പണം സർക്കാരിലേക്ക് മുതൽ കൂട്ടണം. അങ്ങനെ ഒരു ബുദ്ധിമുട്ട് ഈ അബ്കാരി ക്രിമിനലുകൾക്ക് ഉണ്ടാകത്തക്ക തരത്തിലുള്ള നടപടികൾ സ്വീകരിക്കണം. അല്ലെങ്കിൽ കോടതിയുടെ നിയമപഴുതിലൂടെ അവർ രക്ഷപ്പെടുമെന്നുള്ളതുകൊണ്ട് ഇതിനനുകൂലമായ നിയമം നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. നായർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ ഈ രാജ്യത്ത് നികുതിപിരിവിലും, അതിന്റെ സംഭരണത്തിലുമൊക്കെ ദീർഘകാലമായി ചില പാളിച്ചകൾ നിലനിൽക്കുന്നുണ്ടെന്ന് നമുക്കറിയാം. അത് തടിയുടെ വളവും, ആശാരിയുടെ നോട്ടക്കുറവും ഉണ്ടെന്നു പറയുന്നപോലെ ഇതിൽ ഭാഗഭാക്കാകുന്ന 2 കാര്യങ്ങളിലും ചില അപാകതകൾ ഉണ്ട്. ഞാൻ ഒരുദിവസം ഒരു കടയുടെ മുന്നിൽ നിൽക്കുമ്പോൾ, എന്റെ സ്നേഹിതന്റെ കടയാണ്, വൈകിട്ട് 5.15-ന് ഒരു കാർ വന്നു നിന്നു. അത് ഓടിച്ചുകൊണ്ടുവന്ന ആൾ അതിനകത്ത് നിന്നിറങ്ങി പോയി. വേറൊരാൾ ആ കടയിൽ ചെന്നിട്ട് പല സാധനങ്ങളും വാങ്ങി. Number one quality cashew nut, തേയില, ഇങ്ങനെ പല സാധനങ്ങളും വാങ്ങി. 5, 10 മിനിട്ട് കഴിഞ്ഞപ്പോൾ ആ വണ്ടി ഓടിച്ചിരുന്ന ആൾ തിരികെ വന്നു. എല്ലാം ആയോ എന്ന് ചോദിച്ച് അത് പോകുകയും ചെയ്തു. അപ്പോൾ ഞാൻ ആ കടക്കാരനോട് ചോദിച്ചു അതാരാണെന്ന്. അദ്ദേഹം ഇവിടത്തെ Sales Tax Officer ആണെന്നു പറഞ്ഞു. ഞാൻ ചോദിച്ചു അതിന്റെ ബിൽ ഒന്നും എഴുതുന്നത് കണ്ടില്ലല്ലോയെന്ന്. അദ്ദേഹം പറഞ്ഞു ഇതൊരു പതിവാണ്. ബിൽ എഴുതിയാൽ അതിൽ കൂടുതൽ നഷ്ടമെനിക്കുണ്ടാകുമെന്ന്. ഓഫീസർ മാത്രമല്ല, Sales tax-ലെ പല ഉദ്യോഗസ്ഥന്മാരും ഈ രീതിയിലുള്ള ചൂഷണങ്ങൾ നടത്തുന്നു എന്നുള്ളത് സാധാരണയായ കാര്യങ്ങളാണ്. ഈ രീതിയിൽ കാര്യങ്ങൾ ഇങ്ങനെ പോകുന്ന അവസരത്തിൽ ചില ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വരും. അതുപോലെതന്നെ കടയിൽ tax assess ചെയ്യുമ്പോൾ യഥാർത്ഥത്തിൽ കിട്ടേണ്ടതിന്റെ ഇരട്ടിയിലധികം assessment ആദ്യം നടത്തണം. അതു നടത്തിക്കഴിയുമ്പോൾ കടയുടമ ഈ ഓഫീസർമാരുടെ അടുത്തു കരഞ്ഞുവിളിച്ചുചെന്ന് പരാതി പറയും. പരാതി പറയുന്ന കൂട്ടത്തിൽ ഓഫീസർമാരുടെ പോക്കറ്റുകൾ അൽപ്പം ഒന്ന് വീർക്കുകയും ചെയ്യും. അതുകഴിയുമ്പോൾ assessment പകുതിയിൽ താഴെയായി കുറഞ്ഞുപോകും. ഇങ്ങനെയുണ്ടാകുന്ന ചൂഷണം sales tax-നെ ബാധിക്കും എന്നുള്ളതാണ്. ഇത് എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. ഇന്ന് നമ്മുടെ Sales tax-ലെ ഉദ്യോഗസ്ഥന്മാർക്ക്, ഓരോ വർഷം കഴിയുമ്പോഴും ഉത്തരവാദിത്വബോധവും അതുപോലെത്തന്നെ സത്യസന്ധതയുള്ള ആളുകളുടെ എണ്ണവും വളരെ കുറഞ്ഞു വരുന്നു. ഒന്നോ, രണ്ടോ ആളുകൾ ഓഫീസിൽ അഴിമതിക്ക് വിധേയരാകാതെ ജീവിക്കാൻ പരിശ്രമിച്ചാൽ അവർക്ക് ശ്വാസംമുട്ടലാണ്. കഴിഞ്ഞ ആഴ്ചയിൽ ഒരു സെയിൽസ് ടാക്സ് അസിസ്റ്റന്റ് കമ്മീഷണർ അയാൾക്കുണ്ടായ അനുഭവത്തെപ്പറ്റി സ്നേഹിതനോട് സംസാരിക്കുന്നത് യാദൃശ്ചികമായി കേൾക്കുവാനിടയായി. ഒരു വ്യവസായ പ്രമുഖന്റെ കമ്പനിയുടെ അസസ്മെന്റ് നടത്തിയ അവസരത്തിൽ ഒന്നേകാൽ കോടി രൂപ ഗവൺമെന്റിന് നഷ്ടം വരുന്ന ഒരേർപ്പാട് അതിലുണ്ടായിരുന്നുവെന്നും കൂലംകഷമായി തന്നെ അത് കൈകാര്യം ചെയ്യാൻ നിശ്ചയിച്ചു എന്നും പറഞ്ഞ്, വ്യവസായ പ്രമുഖൻ 14 ലക്ഷം

രൂപയുടെ സാധനങ്ങൾ അടുത്ത സംസ്ഥാനത്തേക്ക് മാറ്റിയിട്ടുണ്ടെന്നും, അസസ്മെന്റ് നടത്തിയിട്ടുണ്ടെന്നും പറഞ്ഞ് Form F അവിടെ ഹാജരാക്കി. പക്ഷേ ഹൈക്കോടതി വിധിയിൽ Form F മാത്രം പോരാ മറ്റു തെളിവുകൾ കൂടി ആവശ്യമാണ് എന്ന ഒരു judgement point out ചെയ്തുകൊണ്ട് ഓഫീസർ പതിനാലുലക്ഷം രൂപയുടെ പ്രോഡക്ട്സ് അന്യസംസ്ഥാനത്തേക്ക് കടത്തിയതിന്റെ രേഖകളും ചെക്ക് പോസ്റ്റിൽ സീലടിച്ച കടലാസ്സുകളും ഹാജരാക്കണം എന്നാവശ്യപ്പെട്ട് സമയം അനുവദിച്ചു. സമയ പരിധിക്കുള്ളിൽ ഹാജരാക്കാൻ കഴിഞ്ഞില്ല. ഓഫീസർ അതുകൂടി ചേർത്ത് ഒന്നേകാൽ കോടി രൂപയുടെ അസസ്മെന്റ് പൂർത്തിയാക്കി. ഡപ്യൂട്ടി കമ്മീഷണറുടെ അനുമതിക്കുവേണ്ടി അയച്ചു. ഡപ്യൂട്ടി കമ്മീഷണറുടെ അടുത്തും വ്യവസായ പ്രമുഖൻ പരാതിപ്പെട്ടു. അതനുസരിച്ച് രേഖകൾ ഹാജരാക്കാൻ സമയം അനുവദിച്ചു. രണ്ടുമൂന്നുമാസം കഴിഞ്ഞിട്ടും രേഖകൾ ഹാജരാക്കാൻ കഴിഞ്ഞില്ല. അവസാനം വേറെ ഒരു സ്ഥലത്തെ ഒരു അസസ്മെന്റ് കടലാസ് കൊണ്ടുവന്നു അതും ഇതുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. അതുകൊണ്ട് അസിസ്റ്റന്റ് കമ്മീഷണർ നടത്തിയ അസസ്മെന്റ് ഡപ്യൂട്ടി കമ്മീഷണർ അംഗീകരിച്ച് ഒപ്പിട്ടു. അങ്ങനെ ഒന്നേകാൽ കോടി രൂപ സർക്കാരിന് കിട്ടേണ്ട ഒരു സാഹചര്യമുണ്ടായി. ആ അവസരത്തിൽ മാന്യനായ ആ വ്യവസായ പ്രമുഖൻ ഉന്നത തലത്തിൽ പരാതികൊടുത്തു. ഇദ്ദേഹത്തിന്റെ പരാതി എന്നുപറയുന്നത് സെയിൽസ് ടാക്സ് ഓഫീസർക്ക് ഉദ്ദേശിച്ച രീതിയിൽ കൈക്കൂലി കിട്ടാത്തതുകൊണ്ട് എനിക്ക് ഒന്നേകാൽ കോടി രൂപ നഷ്ടം വരുത്തുന്ന രീതിയിൽ അസസ്മെന്റ് ചെയ്തിരിക്കുകയാണ് എന്നായിരുന്നു. ഇത് അഴിമതിയാണ് ഇതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് പറഞ്ഞാണ് പരാതി കൊടുത്തത്. സ്വാധീനശക്തിയുള്ള ആളായതുകൊണ്ട് ഉന്നത തലത്തിൽ ഉള്ളവർ അതിന് അനുകൂലമായി നിലപാടുകൾ എടുത്തു. അങ്ങനെ അടുത്ത ഡിസ്ട്രിക്റ്റിലെ ഡപ്യൂട്ടി കമ്മീഷണറെ അന്വേഷണത്തിനുവിട്ടു. അദ്ദേഹം അന്വേഷിച്ചിട്ട് അസിസ്റ്റന്റ് കമ്മീഷണർ അഴിമതി കാട്ടിയെന്ന് കണ്ടെത്തി, അസിസ്റ്റന്റ് കമ്മീഷണറെ സസ്പെന്റുചെയ്തു. എനിക്ക് ചോദിക്കാനുള്ളത് എന്തിന് അസിസ്റ്റന്റ് കമ്മീഷണറെ മാത്രം സസ്പെന്റുചെയ്തു എന്നുള്ളതാണ്. അവരുടെ അസസ്മെന്റ് അംഗീകരിച്ച ഡപ്യൂട്ടി കമ്മീഷണറെകൂടി സസ്പെന്റുചെയ്യാതിരുന്നത് എന്താണ്? അതുമല്ലെങ്കിൽ അന്വേഷണം നടത്തിയ ഡപ്യൂട്ടി കമ്മീഷണർക്ക്, അന്വേഷണം ശരിയല്ലെങ്കിൽ അദ്ദേഹത്തിന് കൊടുക്കാൻ പോകുന്ന ശിക്ഷ എന്താണ് എന്നറിയാൻ എനിക്ക് താത്പര്യമുണ്ട്. ഈ രീതിയിൽ ഉള്ള പ്രവർത്തനങ്ങൾ ഈ രംഗത്ത് നടക്കുന്നു എന്നുള്ളത് വളരെ വ്യക്തമാണ്. ഇതിന്റെയൊക്കെ പിന്നിൽ പ്രവർത്തിക്കുന്ന ഉന്നതരായ സെക്രട്ടറിമാർ ഐ.എ.എസുകാരാണ്. അവരോട് എനിക്ക് പറയാനുള്ളത് ഐ.എ.എസ്. എന്ന മൂന്നക്ഷരത്തിന് മുകളിൽ ബ്ളാക്ക് മാർക്ക് വീഴാതെ സൂക്ഷിക്കുന്നത് ഈ രാജ്യത്തെ ജനങ്ങൾക്കും ഈ രാജ്യത്തിനും നന്നായിരിക്കും. ഇങ്ങനെയുള്ള അനുഭവങ്ങളാണുണ്ടാകുന്നതെങ്കിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ സ്വാധീനമുള്ള ഏതെങ്കിലും വ്യവസായ പ്രമുഖന്റെ അസസ്മെന്റ് ശരിയായി നടത്താൻ ഈ രാജ്യത്ത് ധൈര്യപ്പെടുമോ, ഒരിക്കലും ധൈര്യപ്പെടുകയില്ല എന്ന് നമുക്കറിയാം. അങ്ങനെ വരുമ്പോൾ ഈ രാജ്യത്തെ, ഗവൺമെന്റിന് കിട്ടേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥിതിയായിരിക്കും ഉണ്ടാകുക. കഴിഞ്ഞ അഞ്ചര പതിറ്റാണ്ടായി നമ്മൾ ഈ രീതിയിൽ ഉള്ള നടപടി കൈക്കൊള്ളുന്നതുകൊണ്ടല്ലേ ഇന്നത്തെ നമ്മുടെ ഈ സാമ്പത്തിക പ്രതിസന്ധി എന്നുപോലും പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. ഈ രീതിയിലുള്ള ടാക്സേഷനും പിരിവും ഇതിന് ഒരു പരിഹാരം കണ്ടെത്താൻ നമ്മൾ പരിശ്രമിക്കുന്നില്ലെങ്കിൽ നമ്മൾ എത്രതന്നെ മുന്നോട്ടുപോയിക്കഴിഞ്ഞാലും ഓരോ വർഷം കഴിയുന്തോറും നികുതി കൂടിശ്ശികയുടെയും മറ്റും അനുഭവങ്ങൾ ആയിരിക്കും അനുഭവിക്കേണ്ടിവരിക. ഈ രീതിയിൽ വ്യാപാരികൾ ടാക്സ് വാങ്ങുന്ന സാധനങ്ങൾ, ജനങ്ങളിൽ നിന്നാണ് ടാക്സ് വാങ്ങുന്നത് ജനങ്ങളുടെ കൈയിൽ നിന്ന് അഡീഷണൽ ആയി വാങ്ങുന്നത് ഗവൺമെന്റിൽ അടയ്ക്കാതെ കുറെ കഴിയുമ്പോൾ ടാക്സ് കൂടിശ്ശികയ്ക്ക് സ്റ്റേയും വാങ്ങി ഗവൺമെന്റിന് പണം അടയ്ക്കാത്ത സ്ഥിതിവിശേഷം നമ്മുടെ രാജ്യത്തുണ്ട്. ഇതൊക്കെ എത്രയും വേഗം പരിഹരിക്കേണ്ടതാണ്. അതുപോലെ കസ്റ്റംസ് ഓഫീസുകളിൽ എന്തെല്ലാം ക്രൂരമായ പ്രവൃത്തികൾ ആണ് നടക്കുന്നത്. കസ്റ്റംസ് ഓഫീസിലെ ഉദ്യോഗസ്ഥരെപ്പറ്റി പറയുമ്പോൾ, പലപ്പോഴും വിദേശത്തുള്ള ആളുകൾ, നല്ല ജോലിയിലിരിക്കുന്ന ആളുകളുടെ കുടുംബാംഗങ്ങളുമായി ബന്ധപ്പെടുമ്പോഴാണ് നമുക്ക് ചില വസ്തുതകൾ മനസ്സിലാകുന്നത്. അവർ ഇന്ന ദിവസം വരുമെന്ന് വീട്ടിൽ അറിയിക്കുന്നു അവർ ഉടനെ അന്വേഷിക്കും. തിരുവനന്തപുരത്ത് കസ്റ്റംസ് ഓഫീസിൽ ഇരിക്കുന്നതാരാണ്, അല്ലെങ്കിൽ എറണാകുളത്തോ നെടുമ്പാശ്ശേരിയിലോ ആരാണ് ഇരിക്കുന്നത് എന്ന് അന്വേഷിക്കും അവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ ചെയ്യാൻ കഴിയുന്നവരാണെങ്കിൽ നിങ്ങൾ ഇന്ന വിമാനത്താവളത്തിൽ ഇന്ന ദിവസം വന്നിറങ്ങണമെന്ന് അവരെ അറിയിക്കും. ആ ദിവസമേ അവർ വരൂ വന്നുകഴിഞ്ഞാൽ പരിശോധന ഇല്ലാതെ തന്നെ അവർക്ക് പുറത്തുവരാൻ സാധിക്കും അവരുടെ കൈയിൽ സ്വർണ്ണബിസ്ക്കറ്റും അതുപോലെയുള്ള സാധനങ്ങളും നിരവധിയുണ്ടാകും. അത് ഈ രാജ്യത്ത് കൊണ്ടുവന്ന് വിറ്റഴിച്ച് പണം ഉണ്ടാക്കുന്ന ഏർപ്പാടാണ് നമ്മുടെ രാജ്യത്ത് കാണുന്നത്. നമ്മുടെ രാജ്യത്ത് കാണുന്ന ഈ ഐശ്വര്യത്തിന്റെ പ്രഭ യഥാർത്ഥത്തിൽ ഇതുപോലെയുള്ള കള്ളക്കടത്തുകാരുടെയും അഴിമതിക്കാരുടെയും അതുപോലെ തന്നെ വ്യാജമായിട്ടുള്ള മറ്റു കാര്യങ്ങളുടെയും അടിസ്ഥാനത്തിൽ ഉണ്ടായ പ്രഭയല്ലേ എന്ന് പലപ്പോഴും ഞാൻ സംശയിക്കാറുണ്ട്. ഈ രീതിയിൽ ഉള്ള സമ്പ്രദായം എത്രകാലം നിലനിൽക്കുമെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. മറ്റൊരുകാര്യം പ്രതിപക്ഷാംഗങ്ങൾ സൂചിപ്പിച്ച money lenders-ന്റെ കാര്യം money lenders ഈ രാജ്യത്ത് സേവനം അനുഷ്ഠിക്കുന്ന ആളുകൾ ആണ്. സംശയമില്ല. അവർ ലൈസൻസ് എടുത്ത് വ്യവസായത്തിൽ ഏർപ്പെട്ട് മുന്നോട്ടു

LIBRARY ARCHIVES Kerala Legislative Assembly

പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇവർക്ക് പലിശ, ശതമാനം കുറയ്ക്കാൻ പോകുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ആക്റ്റിൽ പറഞ്ഞതുപോലെ ചെയ്യുന്നതാവും നല്ലത്. അല്ലെങ്കിൽ നമ്മുടെ സഹകരണ ബാങ്കുകൾ വാങ്ങുന്ന പലിശയെക്കാൾ അര ശതമാനമോ ഒരു ശതമാനമോ കൂട്ടിയായാലും വാങ്ങിക്കാൻ അവസരം കൊടുക്കുന്നത് സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രയോജനകരമായിരിക്കും. മറ്റൊന്ന് എക്സൈസ് വകുപ്പിന്റെ കാര്യമാണ്. ഇതിനെപ്പറ്റി പറയുമ്പോൾ ഈ അവസരത്തിൽ ഞാനതിന്റെ പഴയ കാല ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കുകയാണ്. ഞാൻ പഠിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ ഇതുപോലെ റോഡുകളും വൈദ്യുതിയും ഒന്നും ഇല്ലായിരുന്നു. അന്ന് ഗ്രാമത്തിൽ വസിക്കുന്ന എനിക്ക് ചില സംഗതികൾ കാണുകയും കേൾക്കുകയും ചെയ്യാനവസരമുണ്ടായി. രാത്രി എതാണ്ട് പത്തരമണിയാവുമ്പോൾ ലൈറ്റ് ഒന്നുമില്ലാത്ത അവസരത്തിൽ ചെറിയ സംഗീതത്തോടുകൂടി തൊട്ടടുത്ത വഴിയിൽ കൂടി ഒരാൾ പോകും പലപ്പോഴും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അത് ഒരു ജോലിക്കാരനാണ് ഷാപ്പിൽ നിന്ന് പോകുമ്പോൾ ഒരു ചെറിയ പാട്ടുപാടിക്കൊണ്ടാണ് പോകുന്നത്. "കള്ളോളം നല്ലൊരു വസ്തു ഭൂലോകത്തില്ലെടി പെണ്ണേ എള്ളോളം കള്ള് ഉള്ളിൽ ചെന്നാൽ ഭൂലോകം തരികിടതിത്തെയ്" എന്ന് പാടിക്കൊണ്ടാണ് അദ്ദേഹം പോകുന്നത്. ആ പോക്ക് കാണുമ്പോൾ ആ മദ്യത്തിന് വല്യകുഴപ്പമില്ല എന്നെനിക്കു തോന്നിയിട്ടുണ്ട്. കാരണം ഒരു മധുരമായ ലഹരിയിൽ മറ്റുകുഴപ്പമൊന്നുമില്ലാതെ അയാൾ പോകുന്നത് കണ്ടിട്ടുണ്ട്. അതുകഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞപ്പോൾ രണ്ടുമൂന്നു വർഷത്തിനിടയ്ക്ക് ഒരു പത്ര വാർത്ത കണ്ടു ഒരു ആശാരി മദ്യപിച്ച് മദോന്മത്തനായി വീട്ടിൽ ചെന്ന് ഭാര്യയുമായി വഴക്കുണ്ടായി. ദേഷ്യത്തിന് അയാൾക്കു തോന്നിയത് ആറേഴുമാസം പ്രായമുള്ള കുട്ടിയെ കാലേൽ പിടിച്ച് നിലത്തടിക്കാനാണ്. ആ കുഞ്ഞ് അപ്പോൾ തന്നെ മരിക്കുകയും ചെയ്തു. ഇതാണ് ഇപ്പോഴത്തെ കള്ളിന്റെ പ്രത്യേകത. പണ്ട് കള്ളോളം നല്ലൊരുവസ്തു ഇല്ലെന്ന് പാടിക്കൊണ്ടിരുന്ന അവസരത്തിൽ ഇത്തരത്തിലുള്ള അനുഭവങ്ങളില്ലായിരുന്നു. ഇന്നാണെങ്കിൽ പിന്നെ അങ്ങനെയുള്ള കുഴപ്പങ്ങളില്ല കുടിച്ചാൽ അവിടെത്തന്നെ വീഴും, മൂന്നാം ദിവസമേ എഴുന്നേൽക്കൂ അങ്ങനെയുള്ള ലഹരി വരെ നമ്മുടെ രാജ്യത്ത് വിതരണം ചെയ്യുന്നുണ്ട്. ഈ രീതിയിൽ മദ്യാസക്തി വളർത്തിക്കൊണ്ട് പോകുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. മദ്യനിരോധന പ്രസ്ഥാനക്കാർ പല പ്രസംഗങ്ങളിലും മദ്യനിരോധനം എന്നൊക്കെ പറയുന്നതല്ലാതെ സമ്പൂർണ്ണ മദ്യനിരോധനം അത്ര പ്രയോഗികമല്ല. പക്ഷേ മദ്യപാന നിയന്ത്രണം സർക്കാർ വിചാരിച്ചാൽ നടത്താവുന്ന കാര്യമാണ്. അങ്ങനെയുള്ള നിയന്ത്രണം വരുത്താൻ സർക്കാർ പരിശ്രമിക്കുന്നത് നന്നായിരിക്കും. സർക്കാരിനോട് ഒരു കാര്യം ചോദിക്കുകയാണ്, ഇവിടെ ഉള്ള സകല ഷാപ്പുകളും, ചാരായഷാപ്പുകളും ബാറുകളും പൂട്ടാനൊരു അവസരമുണ്ടായാൽ, സർക്കാരിന് യാതൊരു നഷ്ടവുമില്ലാതെ അതു പൂട്ടാൻ അവസരമുണ്ടായാൽ, സർക്കാർ അതിന്

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാവുമോ? തയ്യാറാണെങ്കിൽ അതിനുള്ള നിർദേശം വയ്ക്കാൻ ഞാൻ തയ്യാറാണ്. ആ ബദൽ നിർദേശം അംഗീകരിക്കപ്പെടുകയാണെങ്കിൽ ഈ രാജ്യത്തെ ജനങ്ങൾക്ക് പ്രയോജനപ്രദമായിരിക്കും. ഞാൻ നേരത്തെ സൂചിപ്പിച്ച സമ്പൂർണ്ണമദ്യപാന നിയന്ത്രണം നടപ്പാക്കാൻ സഹായകരമാകും എന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ ചോദിക്കട്ടെ ഇതുപോലെ കള്ളുഷാപ്പുകളില്ലാതെ കള്ളുത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിൽ എന്താണ് കുഴപ്പം? ചെത്തുതൊഴിലാളികൾക്ക് ലൈസൻസ് കൊടുക്കുക, വൃക്ഷക്കരം സർക്കാർ ഏർപ്പെടുത്തുക, ലൈസൻസ് ഫീസും വാങ്ങുക. ചെത്ത് തൊഴിലാളി മധുരമായ കള്ള് ചെത്തി വിതരണം ചെയ്തുകൊള്ളട്ടെ പക്ഷേ ഷാപ്പുനടത്താൻ അനുവദിക്കരുത് യാതൊരു ഉപദ്രവവുമില്ലാതെ ജനങ്ങൾക്ക് നല്ല മധുരമായ കള്ള് കിട്ടും അവർക്ക് ഔഷധം എന്ന നിലയിൽ ഉപയോഗിക്കുകയോ എന്തുവേണേലും ചെയ്യാം. മിച്ചം വരുന്ന കള്ള് അതിനകത്തെ ഗന്ധവും പുളിപ്പും മാറ്റി ടിന്നിലടച്ച് ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്നതിന് ഒരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. ഇന്നുള്ള സർവ്വ ഷാപ്പുകളും പൂട്ടിയാലും ഒരു കുഴപ്പവും വരാനില്ല. അതേ സമയം ചാരായത്തിന്റെ കാര്യം ബിവറേജസ് കോർപ്പറേഷന്റെ വിദേശമദ്യങ്ങൾ വിൽക്കുന്ന ഷാപ്പുകൾ നമ്മൾക്കുണ്ട് അതുപോലെ നമ്മുടെ രാജ്യത്തെ പറങ്കിമാമ്പഴം, മാമ്പഴം തുടങ്ങിയ പദാർത്ഥങ്ങളിൽനിന്ന് നല്ല ചാരായം ഉണ്ടാക്കി കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതും നന്നായിരിക്കും. പന്തളത്തും അതുപോലെതന്നെ തിരുവല്ലയിലും, ചിറ്റൂരുമൊക്കെയുള്ള കേന്ദ്രങ്ങളിൽ ബോട്ടിൽ ചെയ്ത് സീൽ ചെയ്ത് സ്റ്റാളുകളിൽക്കൂടി വിൽക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും അങ്ങനെ സ്റ്റാളുകളിൽ കൂടി വിൽക്കുമ്പോൾ സ്റ്റാളിനുവേണ്ട ലൈസൻസ് ഏർപ്പെടുത്തി സർക്കാരിന് ആദായമുണ്ടാക്കാൻ കഴിയുന്നതാണ്. അതുപോലെ ബോട്ട്ലിംഗിലും മറ്റും നിരവധി ആളുകൾക്ക് തൊഴിൽ കൊടുക്കാവുന്നതാണ്. അപ്പോൾ ഇത്തരത്തിലുള്ള ഒരു ശ്രമത്തിൽക്കൂടി നമ്മുടെ രാജ്യത്തെ മുഴുവൻ കള്ളുഷാപ്പുകളും ചാരായ ഷാപ്പുകളും ബാറുകളും പൂട്ടി ഇതുപോലെ സ്റ്റാളുകളിൽക്കൂടി സീൽഡ് കുപ്പിയിൽ മദ്യം വിൽക്കുന്നതുകൊണ്ട് എന്താണ് അപകടമെന്ന് ഞാൻ ചോദിക്കുകയാണ്. സീൽഡ് കുപ്പിയിൽ മദ്യം നൽകുന്നതിന്റെ ലൈസൻസും ബോട്ട്ലിംഗും വിതരണവും സർക്കാരിന് ഇന്നത്തേതിൽ നിന്നും യാതൊരു സാമ്പത്തിക നഷ്ടവുമില്ലാതെ നടത്താൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെ ഷാപ്പുകളും പരസ്യമായിട്ടുള്ള വില്പന കേന്ദ്രങ്ങളും മുഴുവൻ അവസാനിപ്പിച്ച് ഇതുപോലെ സ്വകാര്യമായ സ്റ്റാളുകളിൽക്കൂടി വില്പന നടത്താൻ ഗവൺമെന്റ് സന്നദ്ധമാകണം. ചെത്തുതൊഴിലാളികൾക്ക് ചെത്താനുള്ള ലൈസൻസ് കൊടുത്ത്, അവർ കള്ളുണ്ടാക്കി പരിസരങ്ങളിൽ വിറ്റ് കാശുണ്ടാക്കട്ടെ. ഒരിക്കലും എവിടെയെങ്കിലും കേന്ദ്രീകരിച്ചു വിൽക്കാനുള്ള അവസരം കൊടുക്കാതിരുന്നാൽ മതി. ഈ രീതിയിലുള്ള ഒരു സംവിധാനംകൊണ്ട് രാജ്യത്ത് സമ്പൂർണ്ണ മദ്യനിയന്ത്രണമുണ്ടാക്കാൻ കഴിയുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ വിശ്വസിക്കുന്നു. ആ രീതിയിൽ പ്രവർത്തിക്കാൻ ഗവൺമെന്റ് സന്നദ്ധമാകണ മെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഈ രീതിയിലുള്ള പ്രവർത്തനംകൊണ്ട് എക്സൈസും അതുപോലെ തന്നെ നമ്മുടെ നികുതി സമ്പ്രദായവും കുറെയൊക്കെ നന്നാക്കി കൊണ്ടുപോകാൻ കഴിയും. സത്യസന്ധമായി ജോലി ചെയ്യുന്ന ആളുകൾക്ക് സത്യസന്ധതയോടുകൂടി ജോലി ചെയ്യാനുള്ള ഒരു അവസരമുണ്ടാക്കാൻ ഗവൺമെന്റ് അന്തരീക്ഷമുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, പ്രസക്തമായ കുറേ പ്രൊപ്പോസലുകളാണ് ബഹുമാനപ്പെട്ട മെമ്പർ മന്ത്രിയുടെ മുമ്പാകെ അവതരിപ്പിച്ചത്. കേരളത്തിലെ 97 സഹകാര്യ ഡിസ്റ്റിലറി ഉടമകളിൽ നിന്നുമാണ് ബിവറേജസ് കോർപ്പറേഷൻ ഇന്ന് വിദേശമദ്യം വാങ്ങുന്നത്. ഇതിൽ നമ്മുടെ പൊതുമേഖലകളിൽ വിദേശമദ്യമുണ്ടാക്കാനുള്ള, ഡിസ്റ്റിലറികളുണ്ടാക്കാനുള്ള എല്ലാ സാധ്യതകളുമുണ്ട്. ഉദാഹരണത്തിന് പാലക്കാട് ജില്ലയിലെ ചിറ്റൂർ ഷുഗർ ഫാക്ടറി ആ രൂപത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്. തിരുവല്ലയിലും അതുപോലെതന്നെ ഉപയോഗപ്പെടുത്താം. ഇന്ന് ഒരു ദിവസം 285,000 ലിറ്റർ വിദേശമദ്യമാണ് വിൽക്കുന്നത്. ഒരു വർഷം 10 കോടി ലിറ്ററാണ് വിൽക്കപ്പെടുന്നത്. ഈ ഒരു സാഹചര്യത്തിൽ പൊതുമേഖലയിൽ ഡിസ്റ്റിലറികൾ സ്ഥാപിക്കുന്നതിനുള്ള ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്? വളരെ പ്രസക്തമായ ചില കാര്യങ്ങൾ പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത് ചോദിക്കുന്നത്.

<u>ശ്രീ. കെ. കെ. നായർ:</u> ഞാൻ നേരത്തേ സൂചിപ്പിച്ചല്ലോ, നമ്മുടെ രാജ്യത്തെ പഴവർഗ്ഗങ്ങളും നെല്ലിക്ക തുടങ്ങിയ സാധനങ്ങളും ഉപയോഗപ്പെടുത്തി വിലകുറഞ്ഞ മദ്യമുണ്ടാക്കി വില്പന നടത്തുന്നതിനുവേണ്ടി തയ്യാറാകണം. അങ്ങനെ വിലകുറഞ്ഞ മദ്യം കൊടുക്കാൻ നമ്മൾ തയ്യാറാകുമ്പോൾ സഹകാര്യ വ്യക്തികളുണ്ടാക്കുന്ന മദ്യശാലകളിലും ഇതേ വിലയ്ക്കു വിൽക്കത്തക്ക സാഹചര്യം ഈ രാജ്യത്തുണ്ടാകും. അങ്ങനെ നമ്മുടെ ഷാപ്പുകളും അതുപോലുള്ള കാര്യങ്ങളും മുഴുവൻ പൂട്ടിയിട്ട് സ്റ്റാളുകളിൽക്കൂടി ഇത് വിതരണം ചെയ്തുകഴിഞ്ഞാൽ ഇന്നുള്ള അരാജകാവസ്ഥ അവസാനിപ്പിക്കാനും സർക്കാരിന് നഷ്ടമില്ലാത്ത വിധത്തിൽ മുന്നോട്ടു കൊണ്ടുപോകാനും കഴിയുമെന്നുള്ള കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ലെന്നുള്ളത് തറപ്പിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതാണ് ഇതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്. ഈ രീതിയിൽ നമ്മൾ പോകാൻ സന്നദ്ധമാകണം. വേറൊരുകാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, നമ്മൾ മതേതരത്വത്തിൽ വിശ്വസിക്കുന്ന ആളുകളാണ്. ഈ മതേതരത്വത്തിന്റെ അസ്ഥിവാരം ഉറപ്പിക്കുന്നതിന് ചില കാര്യങ്ങൾ അടിയന്തിരമായി നമ്മൾ ചെയ്യേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഈ രാജ്യം വർഗ്ഗീയതയുടെ കരാളഹസ്തത്തിൽപ്പെട്ട് നശിക്കുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകുമെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങൾ ജനങ്ങളെ പഠിപ്പിച്ചത് മനുഷ്യരുടെയിടയിൽ ഉള്ളവനും ഇല്ലാത്തവനുമെന്ന് രണ്ട് ജാതിയേയുള്ളൂ എന്നാണ്. ആ വ്യവസ്ഥയിൽ നിന്നും ഈ അഞ്ചര പതിറ്റാണ്ടു കഴിഞ്ഞ് നിങ്ങൾ എന്തുകൊണ്ട് പുറകോട്ടുപോകുന്നു, ആമയെപ്പോലെ എന്തുകൊണ്ട് തലകുനിക്കുന്നു എന്ന് എനിക്ക് അത്ഭുതം തോന്നാറുണ്ട്. നിങ്ങൾ ആ രംഗത്ത് സജീവമായി മുന്നോട്ടുവച്ച ആശയം മുന്നോട്ടുകൊണ്ടുപോകാനും ഇല്ലാത്തവന്റെ കാര്യം മുന്നോട്ടുവച്ച് ഇല്ലാത്ത സകല ആളുകൾക്കും തൊഴിലുണ്ടാക്കി കൊടുക്കാനുമുള്ള ഒരു അവസരം സൃഷ്ടിക്കാൻ നമ്മൾ പരിശ്രമിക്കുമെങ്കിൽ ഇത്തരത്തിലുള്ള വർഗ്ഗീയവാദത്തിന് എന്തെങ്കിലും അടിസ്ഥാനവുമുണ്ടാകുമോയെന്ന് നമ്മൾ ചിന്തിക്കേണ്ടതാണ്. അത്തരത്തിലുള്ള ഒരു സമീപനം കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങൾ ഇനിയെങ്കിലും മുന്നോട്ടുവച്ച് മുന്നോട്ടുപോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആ രീതിയിലുള്ള ഒരു നല്ല സമാധാനാന്തരീക്ഷം സൃഷ്ടിക്കാൻ ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ എല്ലാവരും തയ്യാറാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കട്ടെ, നന്ദി, നമസ്കാരം.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. 2003-04-ൽ 31-1-04 വരെ 4418 കോടി രൂപ വില്പന നികുതിയിനത്തിൽ ലഭിച്ച സ്ഥാനത്ത് 31-1-05-ൽ 5002 കോടി രൂപ ലഭിച്ചുവെന്നുള്ളതുകൊണ്ട് സർക്കാരിനെ വളരെയേറെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. 13% വർദ്ധനവാണ് ഈ ഇനത്തിൽ സർക്കാർ കൈവരിച്ചത്. 2004 ഡിസംബർ വരെ 2702.31 കോടി രൂപ വില്പനനികുതിയിനത്തിൽ കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ നല്ലൊരു തുക കോടതികളിലും അതുപോലെതന്നെ ട്രൈബ്യൂണലുകളിലുമായി തീർപ്പാക്കാതെ സ്റ്റേയിൽ കിടക്കുന്നതായിട്ടാണ് അറിവ്. ഇവയെല്ലാംതന്നെ എത്രയും വേഗത്തിൽ തീർപ്പാക്കി സ്റ്റേ പിൻവലിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കുടിശ്ശിക അദാലത്തുകൾ സംഘടിപ്പിച്ച് പരമാവധി ഇളവുനൽകി ആ കുടിശ്ശിക എത്രയും വേഗത്തിൽ തീർക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ ബഡ്ജറ്റിൽ സാധാരണക്കാരുടെമേൽ പുതിയ നികുതി അടിച്ചേൽപ്പിക്കാതെ സംസ്ഥാനത്ത് ഒട്ടേറെ വികസനക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാണിച്ച ശുഷ്കാന്തി അഭിനന്ദനാർഹമാണ്. വാറ്റു നിയമം നടപ്പിലാക്കുമ്പോൾ ഭക്ഷ്യവസ്തുക്കളുടെ നികുതി ഒഴിവാക്കുന്നതിനാവശ്യമായ തരത്തിൽ തന്നെ തീരുമാനമായതായിട്ടാണ് മനസ്സിലാകുന്നത്. ഭക്ഷ്യവസ്തുക്കൾക്ക് ഇപ്പോൾ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

വിലവർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് ഭക്ഷ്യ വസ്തുക്കളെ പൂർണ്ണമായും നികുതിയിൽ നിന്നും ഒഴിവാക്കാനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണം. കാർഷികോല്പന്നങ്ങളുടെ വിലയിടിവുകാരണം ചെറുകിട കർഷകർ വലിയ പ്രതിസന്ധിയിലാണ്. കാർഷികാദായ നികുതിയിനത്തിൽ ചെറിയ തുക മാത്രമാണ് സർക്കാരിന് ലഭിക്കുന്നത്. ഇത് പിരിക്കുന്നതിനുവേണ്ടിയുള്ള ഭരണച്ചെലവ് ഭാരിച്ചതാണ്. സർക്കാരിന് ഇതുകൊണ്ട് വലിയ മെച്ചമുണ്ടാകുന്നില്ല. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കാനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതുപോലെതന്നെ ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ എനിക്ക് ഒരുകാര്യം പെടുത്താനുണ്ട്. റോഡ് വികസനത്തിനും മറ്റും കെ.എസ്.റ്റി.പി., നാഷണൽ ഹൈവേ വികസന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകുന്നത് കടയുടമകൾക്കും ഭൂമി ഉടമകൾക്കും മാത്രമാണ്. നേരെമറിച്ച് വർഷങ്ങളോളമായി കടകളിൽ ചെറുകിട വ്യാപാരം നടത്തിവരുന്ന വ്യാപാരികൾ പെട്ടെന്നൊരു നിമിഷം ഒഴിഞ്ഞുപോകുമ്പോൾ അവർക്ക് യാതൊരു നഷ്ടപരിഹാരവും ലഭിക്കുന്നില്ല. അവർ വഴിയാധാരമായിപ്പോകുന്നു. ജോലിചെയ്തിരുന്ന ജീവനക്കാർ കഷ്ടപ്പെടുന്നു. അതുകൊണ്ട് ഈ കാര്യത്തിൽ കെട്ടിട ഉടമകൾക്കും അതുപോലെ ഭൂവുടമകൾക്കും നൽകുന്ന നഷ്ടപരിഹാരം ഇന്നുള്ള നിയമങ്ങളിൽ ആവശ്യമായ മാറ്റം വരുത്തിക്കൊണ്ട്, വ്യാപാരികൾക്കും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സംസ്ഥാനത്തെ കെട്ടിട ഉടമകളേയും കുടികിടപ്പുകാരേയും ഒരുപോലെ സഹായിക്കുന്ന രീതിയിൽ സംസ്ഥാനത്ത് സമഗ്രമായ ഒരു റെന്റ് കൺട്രോൾ നിയമം നടപ്പിലാക്കണം. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത് നമ്മുടെ സംസ്ഥാനത്ത് ഇന്ന് ശരിയായ രീതിയിലുള്ള Rent Control Act ഇല്ല. ഒരേ വലിപ്പത്തിലുള്ള കെട്ടിടങ്ങൾ വർഷങ്ങൾക്കുമുമ്പ് 25 രൂപ വാടകയിലും അതുപോലെതന്നെ അതേ വലിപ്പത്തിലുള്ളവയ്ക്ക് ഇന്ന് 5000 രൂപയും 10,000 രൂപയും വാടകയും നൽകിവരുന്നുണ്ട്. അതുകൊണ്ട് കുടികിടപ്പുകാരും കെട്ടിട ഉടമകളും എന്നുള്ള അകൽച്ച മാറ്റിയെടുക്കുന്നതിനുവേണ്ടി, രമ്യമായ രീതിയിൽ ഇത് നടപ്പാക്കുന്നതിനുവേണ്ടി ചുരുങ്ങിയ വാടക വർദ്ധിപ്പിക്കാനും അതുപോലെ വർദ്ധിപ്പിച്ച വാടക ലഘൂകരിക്കാനും ആവശ്യമായ രീതിയിൽ സമഗ്രമായ ഒരു Rent Control Act നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അതുപോലെ ഹൗസിംഗ് വകുപ്പുമന്ത്രിയും, ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അടുത്ത മാസം ഒന്നാംതീയതി മുതൽ വാറ്റ് നടപ്പാക്കുന്നതിനെതിരെ വ്യാപാരികൾ സമരവുമായി മുന്നോട്ടുപോവുകയാണ്. വ്യാപാര സംഘടനകളുമായി ചർച്ച നടത്തി ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

സമരം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ വരുമാനത്തിൽ വലിയൊരു ഭാഗം വില്പന നികുതിയാണ്. അത് പിരിഞ്ഞുകിട്ടുന്നത് വ്യാപാരികളിൽക്കൂടിയാണ്. അത്തരം വ്യാപാരികളെ വിശ്വാസത്തിലെടുത്തുകൊണ്ട് ഏറ്റവും കൂടുതൽ നികുതി നൽകുന്ന ആളുകളെ വികസിത രാജ്യങ്ങളിൽ ആദരിക്കുകയും പാരിതോഷികങ്ങൾ നൽകുകയും ചെയ്യാറുള്ളതുപോലെ നമ്മുടെ സംസ്ഥാനത്ത് ഏറ്റവുമധികം നികുതി നൽകുന്ന ആളുകളെ ആദരിക്കാനും അതുപോലെ പാരിതോഷികങ്ങൾ നൽകി പ്രോത്സാഹിപ്പിക്കാനും ആവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. സംസ്ഥാന വ്യാപാരി ക്ഷേമനിധി ബോർഡിൽ മുഴുവൻ വ്യാപാരികളേയും അംഗങ്ങളാക്കണം. വളരെ ചെറിയൊരു വിഭാഗം വൻകിട വ്യാപാരികളൊഴിച്ച് വലിയൊരു വിഭാഗം ചെറുകിട വ്യാപാരികളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. അതുകൊണ്ടുതന്നെ 28-2-2005 വരെ ഏതാണ്ട് 63,205 പേർക്ക് ക്ഷേമനിധിയിൽ അംഗത്വം നൽകിയതായി അറിയുന്നു. മുഴുവൻ വ്യാപാരികൾക്കും ഇതിൽ അംഗത്വം നൽകാനും 28-2-2005 വരെ ഏതാണ്ട് 1,69,95,000 രൂപ നൽകാനും കഴിഞ്ഞതായി ക്ഷേമനിധി ബോർഡിൽ നിന്നും അറിയുന്നു. 16-6-2001 വരെയുള്ള അപേക്ഷകളിൽ തീർപ്പുകല്പിച്ചു എന്നാണ് ഒരു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. എത്രയും വേഗത്തിൽ കുടിശ്ശിക കൂടാതെയും, ഒട്ടേറെ പുതിയ പദ്ധതികൾ ഉൾപ്പെടുത്തികൊണ്ടും മുഴുവൻ അപേക്ഷകർക്കും ആനുകൂല്യങ്ങൾ നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ കാര്യംകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ വ്യാവസായിക രംഗത്ത് ഏറ്റവുമധികം സേവനം ചെയ്യുന്ന ഒരു സ്ഥാപനമാണത്. മറ്റു ബ്ലേഡ് കമ്പനികളെപ്പോലെ ഇത്തരം സ്ഥാപനങ്ങളായിക്കൂടാ. ഇതൊരു ജനസേവനം ചെയ്യുന്ന സ്ഥാപനംകൂടിയാണ്. സർക്കാരിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ്. ഇതിന്റെ പലിശ നിരക്ക് കുറയ്ക്കണം. ഇപ്പോൾ പല ബാങ്കുകളും ഹൗസിംഗ് വായ്പ കൊടുക്കുന്നത് ഏഴര ശതമാനത്തിനും ഏഴേമുക്കാൽ ശതമാനത്തിനുമാണ്. വാഹനങ്ങൾക്കും വായ്പ നൽകുന്നുണ്ട്. 2003-04 സാമ്പത്തിക വർഷത്തിൽ 551 പേർക്ക് 169.58 കോടി രൂപ വായ്പ നൽകിയതായി അറിയുന്നു. 1844.05 കോടി രൂപ കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പലിശ നിരക്കു കുറയ്ക്കുകയും കുടിശ്ശികകൾ കുറെക്കൂടി കുറച്ചുകൊണ്ടുവരുകയും ചെയ്യണം. ഇക്കാര്യത്തിൽ ഇന്നു നൽകി വരുന്ന ഒ.ടി.എസ്. പദ്ധതി, അക്കാര്യത്തിൽ എനിക്കു വിയോജിപ്പുണ്ട്. പിരിച്ചെടുക്കാൻ കഴിയുമെന്നു ഗ്യാരന്റിയുള്ള ആളുകൾക്ക് കൂടുതൽ ഇളവ് അനുവദിക്കാതിരിക്കുകയും തിരിച്ചടയ്ക്കുമെന്ന് ഗ്യാരന്റിയില്ലാത്ത ആളുകൾക്ക് കൂടുതൽ ഇളവ് അനുവദിക്കുകയും ചെയ്യുന്ന അവസ്ഥ മൗലികാവകാശത്തിനെതിരാണ്. എല്ലാ പൗരന്മാർക്കും തുല്യാവകാശം ലഭിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഗ്യാരന്റിയുള്ള ആളുകൾക്ക് കൂടുതൽ ഇളവുകൾ അനുവദിക്കണം. തിരിച്ചു കിട്ടാൻ പ്രയാസമുള്ള ആളുകൾക്ക് കൂടുതൽ ഇളവനുവദിക്കുന്നതു ശരിയല്ല. എടുത്ത കടത്തിന്റെ പലിശ, പിഴപ്പലിശ, അതുപോലെത്തന്നെ ഉണ്ടായിട്ടുള്ള കൂടിശ്ശികകൾക്ക് ഒരു നിശ്ചിത ശതമാനം വച്ച് പരമാവധി ഇളവുകൾ എല്ലാ ആളുകൾക്കും ഒരു പോലെ അനുവദിക്കുന്നതിന്, ആരുടെയും ശുപാർശ കൂടാതെ ഒരു നിശ്ചിത വർഷം പരിഗണിച്ച് ഒരു സ്ലാബ് സിസ്റ്റം ഉണ്ടാക്കിക്കൊണ്ട്, യാതൊരുവിധത്തിലുള്ള ശുപാർശകൾക്കും അവസരം നൽകാതെ പരമാവധി ഇക്കാര്യത്തിൽ ഇളവ് അനുവദിക്കണം. 1844 കോടി രൂപയുടെ കൂടിശ്ശികയുണ്ട്. പരമാവധി ഇളവനുവദിച്ചാൽ തീർച്ചയായും ഈ കൂടിശ്ശിക പിരിച്ചെടുക്കാൻ കഴിയും. അതുപോലെത്തന്നെ 149.1 കോടി രൂപയുടെ കിട്ടാക്കടം എഴുതി തള്ളിയിട്ടുണ്ട്. ഇതിനെല്ലാം വ്യക്തമായ ഒരു മാനദണ്ഡം ഉണ്ടാക്കണം. ഇക്കാര്യത്തിൽ എല്ലാവർക്കും തുല്യമായ അവകാശം ഉണ്ടാകണം. ഈ സ്ഥാപനം ഒരു സേവന സ്ഥാപനമാക്കി മാറ്റണം. പലിശ നിരക്കും കുറയ്ക്കണം. ഒരു സർവ്വീസ് സ്ഥാപനമെന്നുള്ള നിലയിൽ സർക്കാർ വിട്ടുവീഴ്ചയ്ക്കു തയ്യാറാകണം. കേരളത്തിലെ മറ്റു ബ്ളേഡു കമ്പനികളെ ഉപേക്ഷിച്ചുകൊണ്ട്, ഹൗസിംഗ് വായ്പയുടെ കാര്യത്തിലായാലും വാഹന വായ്പയുടെ കാര്യത്തിലായാലും കെ.എഫ്.സി.-യെ ആശ്രയിച്ചുകൊണ്ട്, വായ്പാ സംവിധാനം ശക്തിപ്പെടുത്താൻ ആവശ്യമായ നടപടിയുണ്ടാകണം. ഒരു ബ്ളേഡു കമ്പനിയായി ഇതു തരംതാഴ്ന്നു പോകരുത് എന്നാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഏറ്റവും കഴിവുള്ള ഒരു ധനകാര്യമന്ത്രിയാണ് നമ്മുടെ ധനകാര്യമന്ത്രി. കേരളാ ഫൈനാൻഷ്യൽ കോർപ്പറേഷനെക്കുറിച്ച് പഠിച്ച്, ആവശ്യമായ പരിഷ്കാരങ്ങൾ നിലവിലുള്ള നിയമത്തിൽ വരുത്തിക്കൊണ്ട്, ഇതു ജനങ്ങളുടെ ഏറ്റവും നല്ല സ്ഥാപനമാക്കിയെടുക്കുവാൻ ആവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നു അഭ്യർത്ഥിക്കുകയാണ്. ഏറ്റവുമധികം വരുമാനം നേടിത്തരുന്ന വകുപ്പാണ് സെയിൽസ്ടാക്സ് വകുപ്പ്. ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കണം. മുഴുവൻ ഒഴിവുകളും നികത്തണം. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണം. ഏതാണ്ട് 38 സെയിൽസ് ടാക്സ് ഓഫീസർമാരുടെ ഒഴിവുകളുണ്ട്. കോടതിയിൽ പ്രൊമോഷൻ സംബന്ധിച്ച തർക്കങ്ങളുണ്ട്. എത്രയും വേഗത്തിൽ അതു തീർപ്പാക്കാനാവശ്യമായ നടപടികൾ ഉണ്ടാകണം. ആവശ്യമായ കമ്പ്യൂട്ടറുകൾ, വാഹനങ്ങൾ, ഫർണിച്ചറുകൾ മറ്റുപകരണങ്ങൾ എന്നിവ ഉണ്ടാക്കണം. ഏറ്റവും അധികം വരുമാനമുണ്ടാക്കിത്തരുന്ന ഈ സ്ഥാപനത്തിന് പല സ്ഥലത്തും കസേരയടക്കം സ്വന്തം ഓഫീസുപോലുമില്ല. അതുകൊണ്ട് സ്വന്തമായി ഓഫീസുകൾ ഉണ്ടാക്കണം. അസസ്സ്മെന്റ് കുടിശ്ശികയുള്ളത് പിരിച്ചെടുക്കുന്നതിന് പ്രത്യേകമായി എസ്.ടി.ഒ.-മാരെ നിയമിക്കണം. എത്രയോ വർഷം കഴിഞ്ഞാണ് അസസ്സ്മെന്റ് നടക്കുന്നത്. അതുകൊണ്ട് അസസ്സ്മെന്റ് സംവിധാനത്തിനുവേണ്ടി മാത്രം

LIBRARY ARCHIVES Kerala Legislative Assembly

എസ്.ടി.ഒ.-മാരെ പ്രത്യേകം നിയമിച്ചുകൊണ്ട് അതാതു വർഷം തന്നെ അസസ്സ്മെന്റ് പൂർത്തീകരിക്കാൻ ആവശ്യമായ നടപടിയുണ്ടാകണം. മദ്യത്തിന്റെ ചെലവു വർദ്ധിച്ചു വരികയാണ്. ജനങ്ങൾ, സർക്കാർ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ആഭിമുഖ്യത്തിൽ മദ്യത്തിനെതിരായി ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കണം. സംസ്ഥാനവ്യാപകമായി ഇതിനുവേണ്ടി ഒരു കാംപെയിൻ നടത്താനുള്ള സംവിധാനം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം. എക്സൈസും ഫോറസ്റ്റും, പോലീസ് ഡിപ്പാർട്ടുമെന്റും പിടിച്ചെടുക്കുന്ന വാഹനങ്ങൾ തുരുമ്പെടുക്കാൻ അനുവദിക്കാതെ, പിടിച്ചാൽ ഉടൻതന്നെ അതു ലേലം ചെയ്യുകയോ അതു deposit ചെയ്തുകൊണ്ട് കോടതിയിൽ തീർപ്പുകൽപ്പിച്ച് അതിന്റെ യഥാർത്ഥ അവകാശികൾക്ക് കൊടുക്കാനാവശ്യമായ നടപടി ഉണ്ടാകണം. സംസ്ഥാനത്തെ പെൻഷനേഴ്സ് അസോസിയേഷന്റെ ആവശ്യങ്ങൾ ന്യായമായവ പരിഹരിക്കാനും Pensioners Medical Beneficiary Scheme ആരോഗ്യകരമായ രീതിയിൽ പുനരാരംഭിക്കുവാനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. വിവിധ പെൻഷനുകൾ, കുടിശ്ശികയുണ്ടായിരുന്നതിൽ നല്ലൊരു ഭാഗം കൊടുത്തുതീർത്തതിൽ ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ അഭിനന്ദിക്കുന്നു. ഇനി രണ്ടു മാസം മുതൽ 30 മാസം വരെയുള്ള വിവിധ പെൻഷനുകൾ കുടിശ്ശികയായി വിതരണം ചെയ്യാൻ കിടക്കുകയാണ്. അത് എത്രയും വേഗത്തിൽ കൊടുത്തുതീർക്കാനുള്ള നടപടികൾ ഉണ്ടാകണം. മറ്റെന്തു ചെലവുകൾ ഉണ്ടെങ്കിലും പാവപ്പെട്ടവർക്കുള്ള, അഗതികൾക്കുള്ള പെൻഷൻ മാസാമാസം അവർക്ക് എത്തിച്ചു കൊടുക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം. സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിന് കമ്മീഷനെ നിയമിച്ച് ശമ്പള പരിഷ്കരണ നടപടികൾ സ്വീകരിച്ച് സംസ്ഥാന ജീവനക്കാരെ സഹായിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുള്ള സബ് ട്രഷറികൾ ഉടനെ ആരംഭിക്കാനാവശ്യമായ നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വരുമാനം നേടിത്തരുന്ന രണ്ടു വിഭാഗങ്ങളാണ് സെയിൽസ് ടാക്സും എക്സൈസും. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ സെയിൽസ് ടാക്സ് കളക്ഷൻ കൂട്ടുന്നതിനുവേണ്ടി നടത്തിയ ശ്രമങ്ങൾ വളരെ ശ്ലാഘനീയമാണ്. ഇതിനു മുമ്പുണ്ടായിരുന്ന ഗവൺമെന്റിൽ നിന്നും വ്യത്യസ്തമായ, വളരെ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും നികുതി പിരിവ് ഊർജ്ജിതമാക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടും ഓരോ വർഷവും വളരെ വർദ്ധനവോടുകൂടിയ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സെയിൽസ് ടാക്സ് കളക്ഷനാണ് നമുക്കുണ്ടായിരിക്കുന്നത്. ഞാൻ അതിന്റെ കണക്കുകളിലേക്കൊന്നും പോകുന്നില്ല. 2002-03-ൽ ഉണ്ടായിരുന്ന 7302 കോടി രൂപയുടെ സെയിൽസ് ടാക്സ് കളക്ഷൻ 2003-04 ആയപ്പോൾ 8088 കോടി രൂപയായി വർദ്ധിച്ചു. കഴിഞ്ഞ വർഷം മാത്രം 800 കോടി രൂപയുടെ വർദ്ധനവ് സെയിൽസ് ടാക്സ് കളക്ഷനിൽ ഉണ്ടായി. അതുപോലെതന്നെയാണ് ഇപ്രാവശ്യവും. 2005 സാമ്പത്തിക വർഷം പൂർത്തിയാകുമ്പോൾ അതിനു സമാനമായ ഒരു വർദ്ധനവ് അതിന്റെ മുൻവർഷത്തേക്കാൾ ഉണ്ടാകും അപ്പോൾ എല്ലാ വർഷവും സെയിൽസ് ടാക്സ് കളക്ഷൻ വർദ്ധിപ്പിക്കുമെന്ന ഗവൺമെന്റിന്റെ പ്രഖ്യാപിത നയം ആ ടാക്സ് കളക്ഷൻ ഊർജ്ജിതപ്പെടുത്തുക എന്നുള്ള നയം വളരെ ഫലപ്രദമായി നടപ്പിലാക്കാൻ യു.ഡി.എഫ്. ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇത്രയും വർഷക്കാലം ഉണ്ടായിരുന്ന ടാക്സ് കളക്ഷനിൽ നിന്നും വ്യത്യസ്തമായ സമീപനമാണ് 2005 ഏപ്രിൽ 1-ാം തീയതി മുതൽ നടപ്പാക്കാൻ പോകുന്നത്. ദേശവ്യാപകമായി "വാറ്റ്" നടപ്പിലാക്കുമ്പോൾ, ഇതുവരെയുള്ള നികുതി കളക്ഷനെക്കുറിച്ചുള്ള എല്ലാ കൺസെപ്റ്റും മാറ്റിമറിക്കുകയാണ്. "വാറ്റ്" നടപ്പിലാക്കുമ്പോൾ ആദ്യത്തെ വർഷം നഷ്ടം ഉണ്ടാകുമെന്നുള്ളതാണ് നമ്മുടെ കണക്ക്. ആ നഷ്ടം എത്രയാണെന്നു കൃത്യമായി അസസ്സ് ചെയ്യുന്നതിനുള്ള സംവിധാനം ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി തന്നെ ഉണ്ടാക്കിയെടുത്താൽ, അതിനു കോമ്പൻസേഷനായി കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തു നിന്നുകൊണ്ട്, ആദ്യ വർഷം ടാക്സിലുണ്ടാകുന്ന നഷ്ടം നികത്തിത്തരാനുള്ള ബാദ്ധ്യത കേന്ദ്ര സർക്കാരിനുണ്ട്. നഷ്ടം എത്രയാണെന്ന് കൃത്യമായി അസസ് ചെയ്തില്ലെങ്കിൽ, നമുക്കു ലഭിക്കാനുള്ള കേന്ദ്ര സഹായം, ഈ വാറ്റ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന കേന്ദ്ര സഹായം, നഷ്ടപ്പെടാനിടയാകും. അതുകൊണ്ട് ഈ സാമ്പത്തിക വർഷം തുടങ്ങുന്നതിനുമുമ്പ് തന്നെ ഓരോ മാസവും നമുക്ക് എത്രമാത്രം ടാക്സ് നഷ്ടം, ഇതുവരെയുണ്ടായിരുന്നതിൽ നിന്നും കൂടുതലായി ഉണ്ടായിരിക്കുന്നു എന്നു കൃത്യമായി അസസ് ചെയ്യാനുള്ള ഒരു സംവിധാനം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. "വാറ്റ്" നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് വളരെ ഗൗരവതരമായ ചർച്ചകൾ നമ്മുടെ സാമ്പത്തിക സമൂഹത്തിലും വ്യാപാര സമൂഹത്തിലും നടന്നു കൊണ്ടിരിക്കുന്ന ഒരു സമയമാണ്. സംസ്ഥാനങ്ങൾ ഇതിനുമുമ്പ് ഈടാക്കിയിരുന്ന സെയിൽസ് ടാക്സ്, സർചാർജ്ജ്, അഡീഷണൽ സെയിൽസ് ടാക്സ്, പർച്ചേസ് ടാക്സ്, ടേൺ ഓവർ ടാക്സ്, എൻട്രി ടാക്സ് എന്നിവ സമന്വയിപ്പിച്ചുകൊണ്ടാണ് "വാറ്റ്" യഥാർത്ഥത്തിൽ നടപ്പിലാക്കുന്നത്. അല്ലാതെ ഇതിനുമുമ്പ് ഉണ്ടാകാത്ത ഏതെങ്കിലും ഒരു പുതിയ നികുതി ഈ "വാറ്റ്" നടപ്പിലാക്കുന്നതോടുകൂടി കൊണ്ടുവന്ന് ഈ വാറ്റിന്റെ ഭാഗമായി നടപ്പാക്കുന്നില്ല എന്നുള്ളതാണ് ഏറ്റവും

പ്രധാനപ്പെട്ട കാര്യം. നിലവിൽ ഉണ്ടായിരുന്ന നികുതി സമ്പ്രദായത്തെ സെയിൽസ് ടാക്സ്, അഡീഷണൽ ടാക്സ്, പർച്ചേസ് ടാക്സ് തുടങ്ങി വിവിധങ്ങളായ, നികുതി ഈടാക്കുന്ന നടപടിക്രമങ്ങളെ ഒരുമിച്ചു സമന്വയിപ്പിച്ചുകൊണ്ട്, കൃത്യമായി നികുതിയടയ്ക്കുന്ന ഒരാൾക്ക് സഹായകരമായ രീതിയിലാണ് "വാറ്റ്" സമ്പ്രദായം രൂപപ്പെടുത്തിയിരിക്കുന്നത്. പ്രതിപക്ഷത്തിന് അതിൽ നിന്നും വ്യത്യസ്തമായ ഒരു അഭിപ്രായം ഉണ്ടാകുമെന്ന് വിചാരിക്കുന്ന ഒരാളല്ല ഞാൻ. ഇവിടെ പല പ്രാവശ്യം ചർച്ച ചെയ്യപ്പെട്ടതാണ്. ശ്രീ. ജ്യോതി ബസുവിന്റെ നേതൃത്വത്തിൽ ഒറിജിനേറ്റു ചെയ്യപ്പെട്ട ഇതിന്റെ ചർച്ചകൾ പിന്നീട് പശ്ചിമബംഗാൾ ധനകാര്യമന്ത്രി, അസീംദാസ് ഗുപ്ത കൺവീനർ ആയിരിക്കുന്ന കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ, സംസ്ഥാന ഗവൺമെന്റുകളുമായി വിശദമായ ചർച്ചകൾ നടത്തിയ ശേഷം സംസ്ഥാനങ്ങളുടെ താല്പര്യങ്ങൾ, നമ്മുടെ ഭരണഘടനയുടെ ഫെഡറൽ സ്വഭാവത്തെക്കൂടി പരിഗണിച്ചുകൊണ്ട് നടത്തിയ തീരുമാനങ്ങൾ, അങ്ങനെ എല്ലാത്തിൽ നിന്നും രൂപപ്പെട്ടു വന്നതാണ് "വാറ്റ്" സമ്പ്രദായം. നമ്മുടെ സെയിൽസ്ടാക്സുകാർ തന്നെ സംഘടിപ്പിച്ച ഒരു പരിപാടിയിൽ, പശ്ചിമബംഗാളിലെ ധനകാര്യ മന്ത്രി—വാറ്റ് നടപ്പിലാക്കുന്ന Empowered Committee കൺവീനർ—അദ്ദേഹം തന്നെ അഭിപ്രായപ്പെട്ടത് വാറ്റ് നടപ്പിലാക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് സാധന വില 5 ശതമാനം മുതൽ 10 ശതമാനം വരെ കുറയും എന്നാണ്. വാറ്റ് നടപ്പിലാക്കിയ മറ്റ് രാജ്യങ്ങളിലെ അനുഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നത് സംസ്ഥാനത്തിന്റെ നികുതിവരുമാനം gradual ആയിട്ട് വർദ്ധിക്കുന്നതായിട്ടാണ്. നിലവിലുണ്ടായിരുന്ന ഒരു സിസ്റ്റം മാറി ഒരു പുതിയ സിസ്റ്റമുണ്ടാകുമ്പോൾ ബാലാരിഷ്ടതകളും ബുദ്ധിമുട്ടുകളുമുണ്ടാകും. പക്ഷെ കാലക്രമേണ വളരെ ശ്രദ്ധാപൂർവ്വം, ഒരു പുതിയ സിസ്റ്റം വരുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിച്ച് അത് അവസാനമാകുമ്പോൾ ടാക്സ് അടയ്ക്കുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കപ്പെടുകയും എല്ലാവർഷവും യാതൊരു ശാസ്ത്രീയമായ സമ്പ്രദായങ്ങളുമില്ലാതെ നികുതി വർദ്ധിപ്പിക്കുന്ന ഒരു നടപടി അവസാനിപ്പിക്കാനും കഴിയും. ഇതുവരെയുള്ള വർഷങ്ങളിൽ എങ്ങനെയാണ് ഓരോ വർഷവും ഓരോ ഗവൺമെന്റ് വരുമ്പോഴും ടാക്സ് കൂട്ടുന്നത്. ഗവൺമെന്റിന് ഡെഫിസിറ്റ് ഉണ്ടാകുമ്പോൾ ആ ഡെഫിസിറ്റ് നികത്താൻ വേണ്ടി ഓരോ നിർദ്ദേശങ്ങൾ വരും. അപ്പോൾ ഉദ്യോഗസ്ഥൻമാർ ആറ് ശതമാനം ടാക്സ് എന്നുള്ളത് എട്ട് ശതമാനമാക്കും, എട്ട് ശതമാനമെന്നുള്ളത് പത്ത് ശതമാനമാക്കും. എന്നിട്ട് പറയും എട്ട് ശതമാനമാകുമ്പോൾ അവിടെനിന്നും ഒരു 50 കോടി രൂപ കിട്ടും. എട്ട് ശതമാനം പത്താക്കുമ്പോൾ അവിടെനിന്നും നൂറ് കോടി രൂപ കിട്ടും. അങ്ങനെ 150 കോടി അല്ലെങ്കിൽ 200 കോടി രൂപ പുതിയ നികുതി നിർദ്ദേശങ്ങൾ നടപ്പാക്കിയതുകൊണ്ട് കിട്ടാൻ പോകുകയാണെന്ന് പറയും. ആറ് ശതമാനമുണ്ടായിരുന്ന ടാക്സ് എട്ട് ശതമാനമായി വർദ്ധിക്കുമ്പോൾ അതിന് മാർക്കറ്റിലുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചൊന്നും ഒരു study നടത്താതെ,

LIBRARY ARCHIVES Kerala Legislative Assembly

feasibility study നടത്താതെ, ഒരു market study കൂടാതെ വെറും ഒരു mere arithematics കൊണ്ടാണ് നമ്മുടെ നാട്ടിൽ ഇത്രയുംനാൾ ടാക്സേഷൻ നടപ്പിലാക്കിയിരുന്നത്. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി ഉദ്യോഗസ്ഥൻമാർക്ക് ഇത് പൂർണ്ണമായും വിട്ടുകൊടുക്കുന്ന സമ്പ്രദായം വാറ്റ് നടപ്പിൽ വരുന്നതോടെ ഇല്ലാതാകുകയാണ്. ഇനി ഇത് ഷെഡ്യൂളുകളിലാണ്. ടാക്സേഷൻ ഇല്ലാത്ത ഷെഡ്യൂൾ, നാല് ശതമാനംവരെ ഒരു ഷെഡ്യൂൾ, ഒരു ശതമാനംവരെ മറ്റൊരു ഷെഡ്യൂൾ. അതുപോലെ ബാക്കിയുള്ളതെല്ലാം 12.5 ശതമാനം എന്നുപറയുന്ന ഷെഡ്യൂളിൽ വരുത്തുകയാണ്. സാധാരണയായി ഗവൺമെന്റുകൾ ഉദ്യോഗസ്ഥൻമാർ കൊടുക്കുന്ന നിർദ്ദേശം നടപ്പിലാക്കുകയാണ്. വ്യാപാരികളെ സംബന്ധിച്ചിടത്തോളം ഇനിയുള്ള വർഷങ്ങളിൽ ഒരു നിശ്ചിതമായ ടാക്സ് കൊടുത്താൽ മതി. ഓരോ വർഷം കഴിയുമ്പോഴും അടുത്ത വർഷം ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഇനി ടാക്സ് വർദ്ധിക്കുമോയെന്ന ഭയപ്പാട് വേണ്ട. അതിനകത്ത് consistency ഉണ്ടായിരിക്കുന്നുവെന്നുള്ളതാണ് വാറ്റ് നിയമംകൊണ്ടുണ്ടായിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇതിന്റെ പ്രയോജനങ്ങൾ വ്യാപാരി സമൂഹത്തെ നിരന്തരമായ ചർച്ചകളിലൂടെ മനസ്സിലാക്കിക്കണം. ഞാൻ ഇത് സൂചിപ്പിച്ചതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി എന്നോട് പിണങ്ങരുത്. അദ്ദേഹം ചർച്ചകൾ നടത്തിയിട്ടില്ലെന്നല്ല ഞാൻ പറയുന്നത്. അദ്ദേഹം പ്രീ-ബഡ്ജറ്റ് ഡിസ്കഷനും നടത്തിയിട്ടുണ്ട്. അങ്ങനെ ഒന്നോ രണ്ടോ ചർച്ചകൾകൊണ്ട് തീരുന്നതല്ല അവരുടെ ആശങ്ക. അദ്ദേഹത്തിന്റെ ക്ഷമയെത്തന്നെ പരിശോധിക്കുന്ന രീതിയിലുള്ള നിരന്തരമായ ചർച്ചകൾ നടത്തി അവരുടെ ആശങ്കകൾ ഇല്ലാതാക്കിക്കൊണ്ട് ഇത് നടപ്പിലാക്കുന്നതുകൊണ്ട് അവർക്ക് പ്രയോജനം കിട്ടുമെന്നുള്ള ബോദ്ധ്യം അവരുടെ മനസ്സിലുണ്ടാക്കണം. വ്യാപാരികൾ വാറ്റ്-നിയമത്തിനെതിരെ സമരം പ്രഖ്യാപിച്ചിരിക്കുന്നു. ഈ നിയമം നടപ്പിലാക്കാൻ സമ്മതിക്കില്ല എന്നാണ് അവർ പറയുന്നത്. പക്ഷെ ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് പ്രഖ്യാപിച്ച ഒരു കാര്യം, അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പാക്കുമെന്ന് പറഞ്ഞത് അതിൽനിന്നും പിൻതിരിയണമെന്ന് പറയുന്നതിനോട് യോജിപ്പുള്ള ഒരാളല്ല ഞാൻ. പിൻവാങ്ങരുതെന്നുതന്നെയാണ് എന്റെ അഭിപ്രായം. .വ്യാപാരികൾ സ്റ്റോക്ക് എടുക്കുന്നത് നിർത്താൻ പോകുകയാണ്. സ്റ്റോക്ക് എടുക്കുന്നത് നിർത്തിയാലുണ്ടാകുന്ന വില വർദ്ധനവ്, ബംഗാളിലെ ധനകാര്യ വകുപ്പുമന്ത്രി തന്നെ സൂചിപ്പിച്ചത് അഞ്ച് ശതമാനം മുതൽ പത്ത് ശതമാനം വരെയുള്ള വിലവർദ്ധനവ് തുടക്കത്തിൽ നമുക്കുണ്ടാക്കാൻ കഴിയില്ലെന്നാണ്. അപ്പോൾ വാറ്റ് നിയമത്തിന്റെ ഗുണഫലങ്ങൾ എന്താണെന്ന് നമുക്കാരേയും ബോദ്ധ്യപ്പെടുത്താൻ കഴിയാത്ത ഒരവസ്ഥയുണ്ടാകും. കരിഞ്ചന്ത ഫീൽഡിൽ വരും. അവർ ഒരുപാട് സാധനങ്ങൾ സ്റ്റോക്ക് ചെയ്യും. അങ്ങനെ സ്റ്റോക്കുണ്ടാകുമ്പോൾ അവർ വില വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തും. വ്യാപാരികൾ എടുത്തിരിക്കുന്ന തീരുമാനം നമ്മുടെ സംസ്ഥാനങ്ങളുടെ താൽപ്പര്യങ്ങൾക്കെതിരാണെന്ന് സൂചിപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ആഗ്രഹിക്കുകയാണ്. ഒരു പുതിയ സിസ്റ്റം നടപ്പിലാക്കുമ്പോൾ എടുക്കുന്ന നിഷേധാത്മകമായ നിലപാട്, കരിഞ്ചന്തക്കാരെ പ്രോൽസാഹിപ്പിക്കപ്പെടുകയും വാറ്റ് നടപ്പിലാകുമ്പോൾ യഥാർത്ഥത്തിൽ ഉണ്ടാകേണ്ട വിലക്കുറവ് ഇല്ലാതാകുകയും വിലവർദ്ധനവിന് നമ്മുടെ സംസ്ഥാനം സാക്ഷ്യം വഹിക്കേണ്ട ഒരു അവസ്ഥാവിശേഷമുണ്ടാകുകയും ചെയ്യും. ഗവൺമെന്റ് എങ്ങനെയാണ് ഈ കാര്യത്തെ സമീപിക്കുന്നതെന്ന് കേരളം മുഴുവൻ ഉത്കണ്ഠയോടുകൂടി ഉറ്റുനോക്കുകയാണ്. ഒരു പുതിയ സിസ്റ്റം വരുകയാണ് അപ്പോൾ നമുക്ക് നിയമത്തിൽ പറയുമ്പോൾ വളരെ ടെക്നിക്കലായിട്ട് എടുക്കുമ്പോൾ ignorance is not an excuse നിയമത്തെക്കുറിച്ച് അറിവില്ലായെന്നുപറയുന്നത് ഒരു ഡിഫൻസല്ല. കോടതിയിൽ പോകുമ്പോൾ ഒരു വ്യാപാരിക്ക് നിയമത്തെക്കുറിച്ച് അറിയില്ലെന്ന് പറയാൻ കഴിയില്ല. കാരണം നിയമത്തിന്റെ അടിസ്ഥാനം excusable അല്ല. എല്ലാപേരും നിയമത്തെക്കുറിച്ച് അറിഞ്ഞിരിക്കണം എന്നാണ്. ഒരു പുതിയ സിസ്റ്റം നടപ്പിലാക്കുമ്പോൾ അതിനെക്കുറിച്ചുള്ള ബോധവൽക്കരണം വേണം. ആ കാര്യങ്ങളെക്കുറിച്ച് പഠിക്കാനുള്ള അവസരം വ്യാപാരി സമൂഹത്തിന് കൊടുക്കാൻ തയ്യാറാകണം. അതുകൊണ്ട് നമ്മൾ കുറച്ചു നാളത്തേക്ക് ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കണം. ഒരു പുതിയ കോള് കിട്ടിയിരിക്കുന്നതാണ് എന്നാൽ കാടുമുഴുവൻ ഇറങ്ങി നമുക്ക് വേട്ടയാടിക്കളയാമെന്ന ധാരണ ഉദ്യോഗസ്ഥൻമാരിൽ നിന്നുണ്ടാകാതെ അവരെ നിയന്ത്രിക്കണം. ആദ്യത്തെ ആറ് മാസക്കാലത്തേക്കെങ്കിലും ഉദ്യോഗസ്ഥരെ കയറൂരിവിടാതെ അവരെ കയർ കെട്ടിത്തന്നെ നിയന്ത്രിക്കാനുള്ള സംവിധാനം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഈ സിസ്റ്റത്തിന്റെ ബാലാരിഷ്ടതകൾ പരിഹരിച്ചു കഴിഞ്ഞതിനുശേഷം ഇതിന് ഏറ്റവും കുറവ് ഉദ്യോഗസ്ഥൻമാരുടെ ഇടപെടലേയുണ്ടാകുകയുള്ളുവെന്നതാണ് വാറ്റ് നിയമത്തിന്റെ പ്രത്യേകത. ഇപ്പോൾ ബിസിനസ് നടത്തുന്ന ഒരാൾ കൃത്യമായ അസസ്സ്മെന്റ് കൊടുക്കുകയാണെങ്കിൽ അവരുടെ ശല്യമില്ലാതാകുമെന്നാണ് മൊത്തത്തിൽ പറയുന്നത്. അതുപോലെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്ന രണ്ടാമത്തെ ഘടകമാണ് എക്സൈസ്. സെയിൽസ് ടാക്സ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് എക്സൈസിൽ നിന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമുക്ക് വരുമാനം വർദ്ധിച്ചിട്ടുണ്ട്. 2002-03-ൽ 683 കോടി രൂപയായത്. പിന്നീട് 655 കോടി രൂപയായി. അടുത്ത വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 852 കോടി രൂപയാണ്. 100 കോടി രൂപയുടെ വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. വളരെ സെൻസിറ്റീവായിട്ടുള്ള ഒരു വിഷയമാണ് എക്സൈസെന്ന് എല്ലാപേർക്കുമറിയാം. ഇതിനകത്തെ ഏറ്റവും രസകരമായ ഒരു കാര്യം കേരളം ഇന്ന് ഏറ്റവും വലിയ മദ്യവിപണിയായി മാറിയിരിക്കുന്നുവെന്നുള്ളതാണ്. ശരാശരി കണക്കെടുത്താൽ ഒരു മലയാളി പ്രതിവർഷം ഏകദേശം പത്ത് ലിറ്റർ മദ്യം കഴിക്കുന്നുണ്ട്. ജനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

50 ലക്ഷം പേർ മദ്യം കഴിക്കുന്നവരാണെന്നാണ് സർവെ സൂചിപ്പിക്കുന്നത്. അത് ഒളിച്ചുവയ്ക്കുന്നതാണെന്നാണ് എനിക്ക് തോന്നുന്നത്. അതിലും കൂടുതൽ ആളുകൾ മദ്യം കഴിക്കുന്നുണ്ടെന്നാണ് തോന്നുന്നത്.

ശ്രീ. കെ. മുഹമ്മദാലി : ഇന്ത്യയിൽ ഏറ്റവും കൂടുതൽ alcoholic consumption നമ്മുടെ കൊച്ചുസംസ്ഥാനത്താണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ഡി. സതീശൻ : ഏറ്റവും രസകരമായിട്ടുള്ള ഒരു കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. പഞ്ചാബിനായിരുന്നു ഇൻഡ്യയിൽ alcoholic consumption-ന് ഒന്നാം സ്ഥാനം, അത് വലിയൊരു മൽസരത്തിൽക്കൂടിയാണ് കേരളം തിരിച്ചുപിടിച്ചത്. ഇപ്പോൾ നമുക്ക് ഒന്നാം സ്ഥാനം കിട്ടിയിരിക്കുകയാണ്. അപ്പോൾ സ്പോർട്ട്സിലുണ്ടായിരുന്ന ഒന്നാം സ്ഥാനം പഞ്ചാബ് തിരിച്ചുപിടിച്ചതിന് നമ്മൾ പ്രതികാരം ചെയ്തത് മദ്യമുപയോഗത്തിലുള്ള ഒന്നാം സ്ഥാനം പഞ്ചാബിൽ നിന്ന് തിരിച്ചുപിടിച്ചുകൊണ്ടാണ്. ഇപ്പോൾ കേരളത്തിന് ഒന്നാം സ്ഥാനം ആത്മഹത്യയിലും alcoholic consumption-നിലുമാണ്. ഇപ്പോൾ ഇതൊരു ഫാഷനാണ്. വിവാഹം, നിശ്ചയം, ജൻമദിനം, മരണം തുടങ്ങിയ എല്ലാകാര്യങ്ങൾക്കും മദ്യം ഉപയോഗിക്കുകയാണ്. ദുഃഖത്തിലും സന്തോഷത്തിലുമെല്ലാം മദ്യമാണ്. ഇപ്പോൾ ഒരു ഫംഗ്ഷൻ ഒരു വീട്ടിൽ നടന്നാൽ അവിടെ ഉപയോഗിക്കുന്ന ലിക്കറിന്റെ ബ്രാന്റ് ഏതാണെന്നു നോക്കിയാണ് സ്റ്റാറ്റസ് നിർണ്ണയിക്കുന്നത്. പണ്ടൊക്കെ നമ്മൾ കല്യാണത്തിനുപോയാൽ സാരി, മാല, ഹാൾ ഇതൊക്കെയാണ് നോക്കിയിരുന്നത്. എന്നാൽ ഇപ്പോൾ അതല്ല. കല്യാണവുമായി ബന്ധപ്പെട്ട് ഒരാഴ്ചക്കാലം ആഘോഷമാണ്. മരണം നടന്നാലും അതുപോലെ തന്നെയാണ്. ദുഃഖത്തിലും സന്തോഷത്തിലും ഒരുപോലെ ആളുകൾക്ക് പിരിയാൻ കഴിയാത്ത കൂട്ടുകാരനായി കേരളത്തിൽ മദ്യം മാറിയിരിക്കുന്നു. ഒരുപാട് വിദേശ രാജ്യങ്ങൾ ഈ പ്രശ്നം അഭിമുഖീകരിച്ചിട്ടുണ്ട്. അവർ അത് എങ്ങനെയാണ് കൈകാര്യം ചെയ്തതെന്നോ; ഏറ്റവും രസകരമായ കാര്യം. എ. പി. ഉദയഭാനു ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയാണ് വളരെ ഗൗരവതരമായി ഈ കാര്യം പഠിച്ചത്. അവർ നിർദ്ദേശിച്ചത് മറ്റുള്ള വിദേശരാജ്യങ്ങളിൽ ഈ ലിക്കറിനോടുള്ള അഭിനിവേശം എങ്ങനെയാണ് നിയന്ത്രിച്ചതെന്ന് പരിശോധിച്ചിട്ടാണ്, അവർ പറയുന്നത് വീര്യം കുറഞ്ഞ മദ്യം കൊടുത്ത് ശീലിപ്പിക്കണം എന്നാണ്. വീര്യംകുറഞ്ഞ മദ്യം കൊടുത്ത് ആളുകളെ ശീലിപ്പിച്ച് reduced ആക്കണമെന്നുള്ളതാണ്. അതല്ലാതെ ഒറ്റദിവസം ഇതെല്ലാം സ്റ്റോപ്പ് ചെയ്യണമെന്നല്ല. അങ്ങനെ ചെയ്താൽ ഏറ്റവും വീര്യംകൂടിയ മദ്യം നമുക്ക് എല്ലായിടത്തും കിട്ടാനുള്ള സൗകര്യമുണ്ടാകും. വീര്യംകുറഞ്ഞ മദ്യം കൊടുത്ത് ജനങ്ങളെ ശീലിപ്പിക്കണമെന്ന് പറയുന്ന ഉദയഭാനു കമ്മിറ്റി റിപ്പോർട്ടുതന്നെയാണ് ലോകത്തിലെ വിവിധ രാജ്യങ്ങളിൽ പരീക്ഷിച്ച് നോക്കിയിട്ടുള്ളത്. കള്ളാണ് ഏറ്റവും വീര്യംകുറഞ്ഞ മദ്യമായി നമുക്ക് available ആയിട്ടുള്ളത്. കള്ളിനോടുള്ള നമ്മുടെ സമീപനം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ അവസരത്തിൽ കേരളത്തിലെ മദ്യനിരോധന സമിതിയുടെ ആളുകൾ സമ്പൂർണ്ണ മദ്യ നിരോധനം കേരളത്തിൽ ഏർപ്പെടുത്തുന്നതിനുവേണ്ടി സെക്രട്ടേറിയറ്റിനുമുമ്പാകെ
[1.00 P. M.] സത്യാഗ്രഹം നടത്തി. അന്ന് ആ യോഗത്തിൽ പങ്കെടുത്ത് അവിടെപോയി അഭിവാദ്യം അർപ്പിച്ചുകൊണ്ട് സംസാരിച്ചത് പ്രധാനമായും കോൺഗ്രസ് (ഐ) യുടെ നേതാക്കളും പ്രമുഖരുമാണ്. അത് നടപ്പിലാക്കാനുള്ള പദ്ധതികളെ സംബന്ധിച്ച് എങ്ങനെയാണ് ഇതുമായിട്ട് പൊരുത്തപ്പെട്ട് പോകുന്നത്?

ശ്രീ. വി. ഡി. സതീശൻ: ഞാൻ അതുതന്നെയാണ് പറഞ്ഞു വരുന്നത്. കോൺഗ്രസിന്റെ അന്തിമമായ ലക്ഷ്യം മദ്യനിരോധനമല്ല, സമ്പൂർണ്ണമായ മദ്യവർജ്ജനം തന്നെയാണ്. അത് ഗ്രാഡ്വലായിട്ട് ചെയ്യണം എന്ന് തന്നെയാണ് ഞാനും പറഞ്ഞു വരുന്നത്. കള്ളിനോടും വിദേശമദ്യത്തോടും രണ്ടുതരം സമീപനം എടുക്കുന്നു എന്നുള്ളതാണ് എന്റെ ഒരു പരാതി. അത് ഏത് ഗവൺമെന്റാണെങ്കിലും അങ്ങനെയാണ്. അതുപോലെ മദ്യവർജ്ജന സമിതിക്കാരുടെ സമീപനംപോലും രണ്ടു രീതിയിലാണ്. കള്ളുഷാപ്പ് തുറക്കണമെന്ന് കേൾക്കുമ്പോൾ മദ്യവർജ്ജന സമിതിക്കാർ ഇറങ്ങും. ബാർ പൂട്ടുമ്പോൾ അവർ അറിയുന്നില്ല. ബാറുകളുടെ എണ്ണം വർദ്ധിക്കുന്നത് അവർ അറിയുന്നില്ല. അവർക്ക് യാതൊരു പ്രശ്നവുമില്ല. ഞാൻ ആരുടേയും പേര് എടുത്തു പറയുന്നില്ല. ഒരു സമിതിയെക്കുറിച്ചും സൂചിപ്പിക്കുന്നുമില്ല. കള്ളിനോടാണ് എല്ലാപേർക്കും ശത്രുത. കള്ള് എന്ന് പറയുന്നത് ഒരു പരമ്പരാഗത വ്യവസായമാണ്. അത് ഒരു തൊഴിലധിഷ്ഠിത വ്യവസായമാണ്. വീര്യം കുറഞ്ഞ മദ്യം നൽകി പ്രോത്സാഹിപ്പിക്കുക എന്നുള്ളത് ഉദയഭാനു കമ്മിറ്റി റിപ്പോർട്ടിലും, പൊതുവായി എല്ലാവരും എടുത്ത സമീപനമാണ്. പക്ഷേ നമ്മുടെ എക്സൈസ് പോളിസിയിലുള്ള പ്രശ്നം എന്താണ്? നമ്പർ 1-ൽ പറയുന്നത്, Number of shops will be limited to the number licenced and functioning in 2004-05. കള്ളുഷാപ്പുകളുടെ നമ്പർ കൂടുന്നില്ല. രണ്ടായിരത്തോളം കള്ളുഷാപ്പുകൾ കുറച്ചതാണ്. അതിന്റെ അർത്ഥം വീണ്ടും ഈ തൊഴിലില്ലാത്ത ആളുകളുടെ എണ്ണം അതേപടി നിലനിർത്താൻ പോകുന്നു എന്നുള്ളതാണ്. കള്ളുഷാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കണം. അത് എങ്ങനെ വർദ്ധിപ്പിക്കാൻ കഴിയും? ഓരോ ഷാപ്പുകൾക്കുമാണ് നമ്മൾ ലൈസൻസ് കൊടുക്കുന്നത്. ലൈസൻസിംഗ് സമ്പ്രദായം മാറ്റണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ സംസ്ഥാനത്തെ ഖജനാവിലുള്ള വരുമാനം റേഞ്ച് അടിസ്ഥാനത്തിലുള്ള ലേലമാണ്. അത് ഇവിടെ ആരും സമ്മതിക്കാത്ത സ്റ്റേജാണ്. പക്ഷേ, ഓരോ ഷാപ്പുകൾക്കും ലൈസൻസ് കൊടുക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നം എന്ന് പറയുന്നത് വരുമാനം കുറഞ്ഞ ഷാപ്പുകൾ എടുക്കാൻ ആരുമില്ല. അതുപോലെ തൊഴിലാളികളുടെ എണ്ണം കൂടുതലുള്ള ചില ഷാപ്പുകൾ ഉണ്ട്. അതും എടുക്കാൻ ആരുമില്ല. ഇങ്ങനെ വരുമാനം കൂടുതലുള്ള ഷാപ്പുകൾമാത്രം എടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടുവരുകയാണ്. അതിന്റെ അർത്ഥം ഒരുപാട് ഷാപ്പുകൾ അടച്ചുപൂട്ടേണ്ടിവരും എന്നാണ്. അപ്പോൾ ഇവിടെയുള്ള തൊഴിലില്ലാത്ത ആളുകളുടെ എണ്ണം വർദ്ധിക്കുന്നു. അതിനുപകരം ഇവിടത്തെ ട്രേഡ് യൂണിയനുകൾ മുന്നോട്ടുവച്ച നിർദ്ദേശം എന്ന് പറയുന്നത്, റേഞ്ച് അടിസ്ഥാനത്തിൽ ലൈസൻസ് കൊടുക്കുക എന്നുള്ളതാണ്. ലൈസൻസികളുടെ ഒരു കൺസോർഷ്യം രൂപീകരിച്ചിട്ട് ഒരു പരിധിവരെ അത് പരിഗണിക്കാം എന്ന് തന്നെയാണ് എനിക്ക് തോന്നുന്നത്. റേഞ്ച് അടിസ്ഥാനത്തിൽ കൺസോർഷ്യം രൂപീകരിച്ച് കൊടുത്താൽ തൊഴിലാളികളുടെ എണ്ണം കൂടുതലുള്ള ഷാപ്പുകളും അതുപോലെ തന്നെ വരുമാനം കുറവുള്ള ഷാപ്പുകളും എല്ലാം നടത്താനുള്ള സംവിധാനം ഉണ്ടാകും. എല്ലാം നടത്താനുള്ള സംവിധാനം ഉണ്ടായിക്കഴിഞ്ഞാൽ ഇത് കുറഞ്ഞുകിട്ടും. അതുപോലെ ഇവിടെ എണ്ണം കൂടുകയാണ് Licence fee for shops that have a rental of Rupees one lakh or above and or twenty employees or above will be 15% over the rental fixed for 2004-05. In other cases rental will be 25% above in 2004-05. പൂട്ടുമ്പോൾ വീണ്ടും ഷാപ്പുകളുടെ എണ്ണം കുറയും. അതുകൊണ്ട് സംസ്ഥാനത്തെ ഖജനാവിൽ വരുമാനം വർദ്ധിക്കാൻ പോകുന്നില്ല. ലൈസൻസ് ഫീ വളരെ കുറവാണ്. അത് ഞാൻ സമ്മതിക്കുന്നു. യഥാർത്ഥത്തിൽ കള്ളുഷാപ്പുകളിൽനിന്നും കിട്ടേണ്ട വരുമാനം ഗവൺമെന്റിന് ലഭിക്കുന്നില്ല. അത് സത്യമാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ ആ സമീപനത്തോട് എനിക്ക് പൂർണ്ണമായും യോജിപ്പാണ്. പക്ഷേ ഈ ലൈസൻസ് ഫീ കൂട്ടിയതുകൊണ്ട് ഖജനാവിലെ പണം വർദ്ധിക്കുമോ? അപ്പോൾ കുറേക്കൂടി ഷാപ്പുകൾ പൂട്ടേണ്ടിവരും. ഫലത്തിൽ കള്ളുഷാപ്പുകൾ സംസ്ഥാനത്ത് പൂട്ടുകയും ബാറുകൾ കൂടുതൽ തുടങ്ങുകയും ചെയ്യുന്ന സംവിധാനം ഉണ്ടാകരുത്. കള്ള് വ്യവസായത്തെ പ്രോത്സാഹിപ്പിക്കുകയും വിദേശമദ്യ വ്യവസായത്തെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന ഒരു സമീപനം ഗവൺമെന്റ് എടുക്കണം എന്നാണ് എനിക്ക് വിനീതമായി സൂചിപ്പിക്കാനുള്ളത്. അതുപോലെ തൊഴിലാളികൾ എടുക്കുന്ന ഷാപ്പിന്റെ കാര്യത്തിൽ പഴയതുപോലെ .നിലനിർത്തുന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. നമ്മുടെ ലിക്കർ പോളിസിയിൽ കോൺക്രീറ്റായ ഒരു പോളിസി ഉണ്ടാകണം. അതിനുള്ള ഇച്ഛാശക്തിയുള്ള ആളാണ് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. അത് എല്ലാ വിഭാഗങ്ങളുമായിട്ട് സംസാരിച്ച് തീരുമാനിക്കണം. എല്ലാ വർഷവും നടക്കുന്നത് മാർച്ചുമാസം ആകുമ്പോൾ ചർച്ചകൾ, ബഹളങ്ങൾ. ഏപ്രിൽ മാസം സാമ്പത്തിക വർഷം ആരംഭിക്കുമ്പോൾ എന്താണ് ചെയ്യാൻ പോകുന്നതെന്ന് ഒരു ഐഡിയയും ഇല്ല.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട സതീശൻ, അങ്ങ് ലിക്കർ പോളിസിയെക്കുറിച്ചാണ് പറയുന്നത്. നമ്മുടെ സംസ്ഥാനത്ത് എല്ലാ വർഷവും ബാർ ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം ഉണ്ട്. അങ്ങനെ പുതുക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ചെലാൻ ഫാം ഇഷ്യൂ ചെയ്യണം. എങ്കിൽ മാത്രമേ ചെലാൻ അടച്ച് ലൈസൻസ് പുതുക്കാൻ സാധിക്കുകയുള്ളൂ. ഇതാണ് എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക് ഏറ്റവും കൂടുതൽ അഴിമതി നടത്താൻ ഇടവരുന്ന ഒരു സാഹചര്യം. പല എ.ഇ.സി.-മാരുടേയും ഓഫീസുകൾ രണ്ടുവർഷം മുമ്പ് റെയ്ഡ് ചെയ്ത് ലക്ഷക്കണക്കിന് രൂപയുടെ അഴിമതിയാണ് കണ്ടുപിടിച്ചത്. കഴിഞ്ഞ പ്രാവശ്യം മാത്രം ഡി.ഡി. എടുത്തുകൊടുത്താൽ മതിയെന്ന് പറഞ്ഞു. അത് വളരെയേറെ അഴിമതി കുറയ്ക്കാൻ ഇടവന്നു. ഇതിൽ ഏത് സമ്പ്രദായമാണ് നല്ലത് എന്നാണ് അങ്ങയുടെ അഭിപ്രായം.

ശ്രീ. വി. ഡി. സതീശൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മാർച്ച് 31-ന് മുമ്പ് ബാർ ലൈസൻസുകൾ പുതുക്കാൻവേണ്ടി അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ ഓഫീസുകളിൽപോയി ചെലാൻ കൊടുക്കണം എന്നുള്ള സിസ്റ്റമുണ്ട്. അവിടെ ചെലാൻ മാത്രം കൊടുത്താൽ പോരല്ലോ. കാരണം, കഴിഞ്ഞ മാസത്തെ വിജിലൻസ് റെയ്ഡ് നടത്തിക്കഴിഞ്ഞപ്പോൾ കേരളത്തിലെ മിക്ക സ്ഥലങ്ങളിൽനിന്നും വലിയ തുക പിടിച്ചതാണ്. അത് ഈ പറയുന്നതുപോലെ ഡി.ഡി.-യായിട്ട് നേരിട്ട് ബാങ്കിൽ അടയ്ക്കാനുള്ള ഒരു സംവിധാനം ഏർപ്പെടുത്തി അഴിമതി ഇല്ലാതാക്കണം എന്നുകൂടി അഭ്യർത്ഥിക്കുന്നു. ഒരിക്കൽകൂടി അടിവരയിട്ടുകൊണ്ട് പറയുകയാണ് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ഇരിക്കുമ്പോൾ തന്നെ പ്രതിപക്ഷവും കൂടി ആലോചിച്ച് സ്ഥിരമായ ഒരു മദ്യനയം ഗവൺമെന്റ് മാറിവരുമ്പോൾ മാറ്റിമറിക്കുന്ന ഈ മേഖലയിൽ, ഇപ്പോഴും കൺഫ്യൂഷൻ നിലനിൽക്കുന്ന ഈ മേഖലയിൽ, ഒരു കോൺക്രീറ്റ് പോളിസി ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ഡോ. തോമസ് ഐസക് : സർ, ഇന്നത്തെ ഡിമാന്റ് ചർച്ചയ്ക്ക് ഒരു പ്രത്യേകതയുണ്ട്. ബാക്കി എല്ലാ വകുപ്പുകളുടേയും ഡിമാന്റ് ചർച്ച ചെലവിനെക്കുറിച്ചാണ്, ഇവിടെ വിൽപ്പന നികുതി, കാർഷികാദായ നികുതി തുടങ്ങിയ വകുപ്പുകളുടെ പണം ചെലവാക്കുന്നതിനേക്കാൾ കൂടുതൽ പണം ഉണ്ടാക്കുന്നതിനു വേണ്ടിയിട്ടാണ്. പ്രത്യക്ഷത്തിൽ കണക്കുകൾ നോക്കുമ്പോൾ നമ്മുടെ കേരള സംസ്ഥാനത്ത് ഒരു രൂപ നികുതി പിരിക്കുന്നതിന് വേണ്ടിവരുന്ന ചെലവ് കുറഞ്ഞുവരുകയാണ്. അത് നല്ല കാര്യമാണ്. അതുകൊണ്ട് ഈ വകുപ്പിന്റെ ചെലവുകൾക്ക് പണം അനുവദിക്കുന്നതിന് ഒരുപക്ഷേ ഉദാരമായ സമീപനം സ്വീകരിച്ചാലും കുഴപ്പമില്ല, അത് കൂടുതൽ വരുമാനം നമ്മുടെ സർക്കാരിന് ഉണ്ടാക്കുമെങ്കിൽ. എന്ന് മാത്രമല്ല, ഈ വർഷത്തെ ഡിമാന്റ് ചർച്ചയ്ക്ക് ഒരു പ്രത്യേകതയുണ്ട്. ഒരുപക്ഷേ നമ്മുടെ വിൽപ്പന നികുതി ഡിപ്പാർട്ടുമെന്റ് ഈ രീതിയിൽ നാളെ ഉണ്ടാകുമോ? നമുക്ക് അറിയില്ല വാറ്റ് സമ്പ്രദായത്തിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നികുതി സമ്പ്രദായം മാറുകയാണ്. അതുപോലെ തന്നെ നമ്മുടെ ബഡ്ജറ്റിൽ വകയിരുത്തിയത് നോക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നതുപോലെ സംസ്ഥാനം ആധുനികവൽക്കരണത്തിന്റെ പാതയിലാണ്. ഇത് നിലവിലുള്ള ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമതയെ വസ്തുനിഷ്ഠമായിട്ട് പരിശോധിക്കുന്നതിന് ഉചിതമായിട്ടുള്ള ഒരു സന്ദർഭമാണ്. ഇന്നലെ ലോട്ടറി ബില്ലിന്റെ ചർച്ചയുമായി ബന്ധപ്പെടുത്തി ഒരു വിലയിരുത്തൽ നമ്മുടെ വിൽപ്പന നികുതി ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ഈ സഭയിൽ ഉണ്ടായി. ലോട്ടറി ബില്ലിനെക്കുറിച്ച് ഈ സഭ വീണ്ടും വിശദമായി ചർച്ച ചെയ്യും എന്നുള്ളതിനാൽ ഞാൻ അതിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഈ ചർച്ചയിൽ വെളിവായ സഭയുടെ പൊതുവികാരം എന്താണ്? ശ്രീ. വി. ഡി. സതീശന്റെ പ്രസംഗം ആയാലും ശ്രീ. ടി. എം. ജേക്കബിന്റെ പ്രസംഗം ആയാലും ശ്രീ. പി. ടി. തോമസിന്റെ പ്രസംഗം ആയാലും അവർ എല്ലാവരും വിരൽ ചൂണ്ടിയത് നമ്മുടെ ഭാഗ്യക്കുറി കിയാസ്കോ, നമ്മുടെ സംസ്ഥാനത്തിനാകെ ഇത്രമാത്രം അപമാനകരമായിട്ട് വന്നുചേർന്ന സ്ഥിതിയെ സംബന്ധിച്ചാണ്. ഈ സ്ഥിതിവിശേഷം സൃഷ്ടിക്കാൻ നമ്മുടെ വിൽപ്പന നികുതി ഡിപ്പാർട്ടുമെന്റിനുള്ള പങ്കിലേക്ക് എല്ലാവരും വിരൽചൂണ്ടുകയാണ്. ഈ ഡിമാന്റ് ചർച്ചയിൽ അതിനേക്കാൾ കർശനമായ വിമർശനം എനിക്ക് ഉയർത്താനാകും. ലോട്ടറി കിയാസ്കോയുടെ ആദ്യപാപം എന്താണ്? ഒറിജിനൽ സീൽ 29-3-2004-ൽ ടാക്സ് കമ്മീഷൻ നടത്തിയ അഡ്ജൂഡിക്കേഷൻ തീർപ്പാണ്. അവിടെനിന്ന് തുടങ്ങുന്നു. അതിൽ എല്ലാം അവസാനിക്കുന്നു എന്നു ഞാൻ പറയുന്നില്ല. ഇന്ന് ധനമന്ത്രി പറഞ്ഞതുപോലെയാണ് 2001-ലാണ് ഭാഗ്യക്കുറിക്ക് ആദ്യമായി ലൈസൻസ് ഏർപ്പെടുത്തിയത്. 2001-ൽ ഒരു കോടി രൂപ, രണ്ടാം വർഷം 2002-ൽ ഒന്നരക്കോടി രൂപ. ഈ തോതിലാണ് പിരിച്ചുകൊണ്ടിരിക്കുന്നത്. അന്യ സംസ്ഥാന ഭാഗ്യക്കുറികളിൽ നിന്ന് നികുതി പിരിക്കുന്നതിന് ഉത്തരവാദപ്പെട്ടവർ നികുതി പിരിച്ചിരുന്നില്ല. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ ലോട്ടറി ഡിപ്പാർട്ടുമെന്റ് ഒരു അസസ്സ്മെന്റ് നടത്തിയത്. ആ ഭാഗ്യക്കുറികൾ അന്യസംസ്ഥാനങ്ങൾ വിൽക്കുന്നത് കേന്ദ്രനിയമത്തിന് അനുസൃതമായിട്ടാണോ അല്ലയോ എന്നുള്ള പരിശോധന നടത്തുന്ന വേളയിലാണ് അവരുടെ കണക്കുപ്രകാരം വലിയ ഭീമമായ നികുതി വെട്ടിപ്പ് സംസ്ഥാനത്ത് നടക്കുന്നു എന്നുള്ള വസ്തുത വെളിവായത്. നികുതിവെട്ടിപ്പിന്റെ വലിപ്പം എത്രയാണ് എന്നുള്ളത് തർക്കിക്കാം. ഇന്നലെ ബഹുമാനപ്പെട്ട ധനമന്ത്രി സഭയിൽ 5750 കോടി രൂപയുടെ നികുതിവെട്ടിപ്പിനെപ്പറ്റി പറയുകയുണ്ടായി. അദ്ദേഹം നികുതി വെട്ടിപ്പ് എത്രയാണ് എന്ന് കണക്കുകൂട്ടിയത് സെക്ഷൻ 5(1) പ്രകാരമാണ്. മൊത്തം സെയിൽസിന്റെ 8 ശതമാനം. ആ 8 ശതമാനം 5750 കോടി രൂപ വരികയാണെങ്കിൽ 72,000 കോടി രൂപയുടെ ലോട്ടറി വിൽക്കണം. സംസ്ഥാനത്തെ മൊത്തം വരുമാനം ഒരു കോടി രൂപയിൽ താഴെയാണ്. അപ്പോൾ അത്രയും വരില്ല. അതുകൊണ്ട് ഈ കണക്കിലൊന്നും ഒരർത്ഥവും ഇല്ലാത്തതാണ്. ഈ സർക്കാരിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വക്കീല് ഈ കേസ് കോടതിയിൽ വന്നപ്പോൾ പറഞ്ഞു This is a fabulous amount my Lord അദ്ദേഹം കൈയൊഴിഞ്ഞു. ധനമന്ത്രി കൈയൊഴിഞ്ഞതുപോലെ. ഈ രാജ്യത്ത് നിലവിലുള്ള നിയമപ്രകാരമാണ് ഈ കണക്ക് കൂട്ടിയിട്ടുള്ളത്. ആ കണക്ക് എന്താ! ഓരോ ഡ്രോയ്ക്കും എത്ര നികുതി വീതം ഈടാക്കാം എന്നതിന് ഈ സഭ പാസ്സാക്കിയ നിയമമുണ്ട്. ഈ ട്രേഡേഴ്സ്, സെക്ഷൻ 5-ബി (എ) പ്രകാരം ലൈസൻസ് ഫീ ഓപ്റ്റ് ചെയ്തു അതാണ് ഏറ്റവും നിർണ്ണായകമായിട്ടുള്ളത്. ഇവിടെ കമ്മീഷനു മുമ്പിൽ വന്നപ്പോൾ അദ്ദേഹം പറഞ്ഞു സെക്ഷൻ 5-ബി (എ) എന്നുപറഞ്ഞാൽ compounding ആണ്. അതുകൊണ്ട് 5 (1) പ്രകാരം വേണ്ട ഞങ്ങൾ ഇത് ഓപ്റ്റ് ചെയ്യും എന്നുപറഞ്ഞാൽ എടുത്താൽ മതി, ഇപ്പോൾ അങ്ങും പറയുന്നത് ഇതുതന്നെ. വളരെ ശരി, ഞങ്ങൾക്ക് തർക്കമില്ല, പക്ഷെ ഇവിടെ ഉണ്ടായിരുന്ന ഭാഗ്യക്കുറി വിൽപ്പനക്കാർ എന്തു കാരണം കൊണ്ടാണെങ്കിലും 5-ബി (എ) പ്രകാരം ഓപ്റ്റ് ചെയ്തുകഴിഞ്ഞു. അവിടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ ഭാഗ്യക്കുറി ഡിപ്പാർട്ടുമെന്റ് 5750 കോടി രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇവിടെ നമ്മുടെ ടാക്സസ് കമ്മീഷണർ adjudication തീർപ്പിൽ ഒരു കാര്യവും കൂടി പറഞ്ഞു. മെയിൻ ഏജന്റിനു മാത്രമല്ല സബ് ഏജന്റ്സും independent ആണ്. അവരുടെ ഓരോ റീട്ടെയിൽ ഔട്ട്ലെറ്റിലും നടക്കുന്ന ഓരോ ഡ്രോയും പ്രത്യേകം എടുക്കാം. അപ്പോൾ നിയമപരമായിട്ട് ശരിയായിട്ടുതന്നെയാണ് ലോട്ടറീസ് ഡിപ്പാർട്ടുമെന്റ് കണക്കാക്കിയിട്ടുള്ളത്. കോടതിയിൽ പോയി, കോടതിയിൽ പോയപ്പോൾ ആ സർക്കാർ വക്കീലൻമാർ എന്തുകൊണ്ട് അങ്ങനെ പറഞ്ഞു എന്ന് 2004-05-ലെ ഫിനാൻസ് ബില്ലിന്റെ ചർച്ചാവേളയിൽ ചോദിച്ചിട്ട് മറുപടി തന്നില്ല. എന്താ പറഞ്ഞത് ഇത് ഒരു fabulous amount ആണ്. ഇതെങ്ങനെ 5000-ൽ ചില്വാനം കോടി രൂപ. അവിടെ നിന്ന് ബാധിക്കുന്നത് ഞങ്ങളുടെ മൊത്തം വിൽപ്പന, അത് സാജൻപീറ്റർ നൽകിയ കണക്കിലും വ്യക്തമാണ്. 6000 കോടി രൂപയുടെ ലോട്ടറി ടിക്കറ്റാണ് വിൽക്കുന്നത്. 150 കോടി രൂപയുടെ നമ്മുടെ സർക്കാരിന്റെ ലോട്ടറിയും ബാക്കിയെല്ലാം മറ്റു സംസ്ഥാനങ്ങളുടെ പേപ്പർ ലോട്ടറിയും 4000 കോടി രൂപയുടെ ഓൺ ലൈൻ ലോട്ടറികളും എന്നാണ് നമ്മുടെ കണക്ക്. അപ്പോൾ ഏതാണ്ട് അത്രയും തുക തന്നെയാണ് നികുതിയായിട്ട് പിരിക്കാൻ പോകുന്നത്. എങ്ങനെയാണ് ഈ സാഹസം, എന്നു ചോദിച്ചു കഴിഞ്ഞപ്പോൾ നമ്മുടെ വക്കീൽ പറഞ്ഞു ഇത് ഡിമാന്റ് നോട്ടീസല്ല, പ്രീ-അസസ്സ്മെന്റ് നോട്ടീസായി കരുതിയാൽ മതി. ആരോട് ചോദിച്ചിട്ട് പറഞ്ഞു, നമ്മുടെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിനോട് ചോദിക്കാതെ ഇത്തരം ഒരു അണ്ടർടേക്കിംഗ് വക്കീൽ നൽകുമോ? അപ്പോൾ പ്രാഥമിക പ്രശ്നം ഉണ്ടെന്ന് സമ്മതിച്ചു. വരുമാനത്തോട് അത്രയും വരുന്ന തുക നികുതിയായിട്ട് പിരിക്കാൻ ഒരുമ്പെടുന്നത് ശരിയാണോ അല്ലയോ എന്ന് ന്യായമായിട്ടും ചോദിക്കാം. അവിടെയാണ് നിങ്ങളുടെ ഇരട്ടത്താപ്പ് വരുന്നത്. ഈ സർക്കാരിന്റെ ഓൺ ലൈൻ

LIBRARY ARCHIVES Kerala Legislative Assembly

ലോട്ടറിയോടുള്ള നയം എന്താ? ഈ സർക്കാരിന് വരുമാനമാർഗ്ഗമായി കണ്ടുകൊണ്ട് ജനങ്ങളിൽ നിന്ന് നികുതി പിരിക്കാനുള്ള ഏർപ്പാടായിട്ട് കാണുകയാണെങ്കിൽ ശരി. എന്നാൽ അങ്ങ് ആണയിട്ട് ഈ സഭയിൽ എന്താ പറയുന്നത്, ഈ ഓൺ ലൈൻ ലോട്ടറി നടത്താനേ പാടില്ല. അത് ശാപമാണ്. അത് എങ്ങനെ നിർത്തലാക്കാം എന്നുള്ളതാണ് ഈ സർക്കാരിന്റെ ലക്ഷ്യം, ഉദ്ദേശ്യം

[ചെയറിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

എന്ന്. അങ്ങനെയാണെങ്കിൽ ചെയ്യേണ്ടത് എന്താ? ചെയ്യേണ്ട നാട്ടിലെ നിയമം ഇതാണ്. നിയമം അനുസരിച്ച് ഇത് ഓപ്റ്റ് ചെയ്തു. അവർ അടയ്ക്കണം, അവർക്ക് അടയ്ക്കാൻ പറ്റില്ല, പോട്ടെ എന്നു വയ്ക്കുകയല്ലേ വേണ്ടത്. അതല്ലല്ലോ സർക്കാർ എടുത്ത നിലപാട്, അതല്ലല്ലോ ടാക്സസ് കമ്മീഷൻ എടുത്ത നിലപാട്, അതല്ലല്ലോ വക്കീൽ കോടതിയിൽ എടുത്തത്. ഇവിടെയാണ് പ്രശ്നം. അവിടെനിന്ന് തുടങ്ങും. അങ്ങനെ അണ്ടർടേക്കിംഗ്സ് കൊടുത്തു. സെക്ഷൻ-5 (1) പ്രകാരം നികുതി പിരിക്കണമെന്ന് തീരുമാനിച്ചു. എന്തേ ഈ ഡിപ്പാർട്ടുമെന്റ് പിരിച്ചില്ല. ഡിപ്പാർട്ടുമെന്റ് നികുതി പിരിക്കാത്തതിനു കാരണം ആ അഡ്ജൂഡിക്കേഷൻ തീർപ്പിൽ അവിടത്തെ ആപ്ലിക്കന്റ്സ് പോലും ആവശ്യപ്പെടാത്ത പ്രശ്നത്തെക്കുറിച്ച് ഒരു വകുപ്പ് ചേർത്തു, സമ്മാന തുക കിഴിച്ചതിനുശേഷമുള്ള തുകയ്ക്കാണ് 8 ശതമാനം നികുതി. വളരെ വിശദമായി കമ്മീഷണറുടെ തീർപ്പിൽ റെഫർ ചെയ്യുന്ന സുപ്രീം കോടതിയുടെ ഒരു വിധി, തമിഴ്നാട് സർക്കാരും ലോട്ടറി കമ്പനിയുമായി ഉള്ള തർക്കത്തിലെ വിധി ഞാൻ പരിശോധിക്കുകയുണ്ടായി. ആ വിധിയിൽ നിന്ന് ഇത്തരം ഒരു തീർപ്പിലേക്ക് എത്താൻ കഴിയും. കാരണം ആദ്യം ടിക്കറ്റ് വാങ്ങുമ്പോൾ സമ്മാനം കിട്ടുമോ ഇല്ലയോ എന്ന് നോക്കുന്നില്ല, ഒരു കമ്മോഡിറ്റി പർച്ചേസ് ചെയ്യുകയാണ്. ആ പർച്ചേസിന്റെ മുകളിൽ 8 ശതമാനം നികുതി വന്നു. ഒരു സംശയവും അക്കാര്യത്തിലില്ല. ഇങ്ങനെ തീർപ്പ് വച്ചിട്ട് അതിന്റെ അടിസ്ഥാനത്തിൽ ആർക്കറിയാൻ പറ്റും സമ്മാനത്തുക ഇത്രയാണെന്ന്. അങ്ങനെ സമ്മാനത്തുക കണക്കാക്കാൻ പറ്റാത്തതിന്റെ ഫലമായിട്ട് എവിടെ എത്തിച്ചേർന്നു, ഞാൻ ആ കേസുകളൊക്കെ വീണ്ടും വിശദീകരിക്കുന്നില്ല. ഇന്നലെ ശ്രീ. എം. വി. ജയരാജൻ പറഞ്ഞു പ്ലേവിൻ 830 പിരിച്ചില്ല, ഇനി അതിനു താഴെയാണെങ്കിൽ എത്ര പിരിച്ചു, ഇപ്പോൾ പിന്നെ എന്താ ചെയ്തത്. ഓരോ ഭാഗ്യക്കുറി കമ്പനിയും അവരുടെ വിൽപ്പനയിൽ സമ്മാനത്തുക കഴിഞ്ഞ് ബാക്കി എന്തുവരും എന്നുപറയുന്ന അവരുടെ സ്റ്റേറ്റ്മെന്റിൽ തന്നെ നികുതി മേടിക്കുന്നതിനുള്ള ഉത്തരവും എഴുതി ഒപ്പിട്ടുകൊടുത്ത് നികുതി പിരിക്കുന്ന സമ്പ്രദായത്തിലേക്കല്ലേ നീങ്ങിയത്. ഇതല്ലേ കഴിഞ്ഞ രണ്ടു വർഷമായിട്ട് ഈ സംസ്ഥാനത്ത് നടക്കുന്നത്. എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടാക്കിയോ, independent ആയിട്ട് എത്രയാണ്. ശരി, നിങ്ങൾ പറഞ്ഞ നിർവ്വചനപ്രകാരം ലോട്ടറീസ് ഡിപ്പാർട്ടുമെന്റ് വേണ്ട, സെക്ഷൻ 5(1) പ്രകാരം ഓരോ കമ്പനിയുടേയും വരുമാനം എത്ര, എത്ര നികുതി കുറഞ്ഞു എന്ന് പരിശോധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

എടുക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടാക്കിയോ? ഇതാണ് ഈ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ രണ്ടാമത്തെ ചാർജ്ജ്. ഇന്നലത്തെ ചർച്ചയിൽ കക്ഷിഭേദമന്യേ എല്ലാവരും ഉയർത്തിപ്പിടിച്ചതാണ്. അങ്ങ് ഈ നിയമസഭയിൽ പറഞ്ഞു ഇനി നിയമവിരുദ്ധമായി കമ്പനിയിൽ നിന്നും അഡ്വാൻസ് നികുതി പിരിക്കില്ല എന്ന്. ഇവിടെ തെളിവ് ഈ സഭയിൽ ഹാജരാക്കിയല്ലോ? അത് നടന്നു എന്ന്. എന്ത് നടക്കില്ല എന്ന് അങ്ങ് പത്രസമ്മേളനത്തിലൂടെ പ്രഖ്യാപിച്ചുവോ അത് ഈ ഡിപ്പാർട്ടുമെന്റ് ചെയ്തു എന്നുള്ളതിന് വ്യക്തമായ തെളിവ് ഈ സഭയിൽ ഹാജരാക്കി. ഞാൻ ലോട്ടറീസ് കേസിന്റെയോ ബില്ലിന്റേയോ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഇത്തരത്തിൽ ഒരു നിലപാട് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ തനിച്ച് എടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ശ്രീ. ടി. എം. ജേക്കബ് വിശദമായിട്ട് സംസാരിച്ചു, സംസാരം മുഴുവൻ ഉദ്യോഗസ്ഥൻമാർക്ക് എതിരാണ്. അവർക്ക് പങ്കുണ്ട്. പക്ഷെ ഇങ്ങനെ ഒരു നിലപാട് ഈ കേസിൽ എടുക്കാൻ ഉള്ള തന്റേടം രാഷ്ട്രീയ പിൻതുണയില്ലാതെ ഉണ്ടാകുമോ? സർ, ഒരു പ്രശ്നം അങ്ങ് ഇന്നലെ പറഞ്ഞു, കോടതിയിൽ ചീഫ് സെക്രട്ടറി ഹാജരായി, ജയിലിൽ പോകണമോ ഇവിടെ മറുപടി പറയണമോ എന്താണ് ചെയ്യേണ്ടത്. അവിടെവച്ച് വക്കീലൻമാർ ആലോചിച്ച് തീരുമാനിച്ചു, കൺടെംപ്റ്റ് ഓഫ് കോർട്ട് കേസിൽ ചീഫ് സെക്രട്ടറിയെ വിളിക്കുന്നത് ഡിസംബർ 17-ന് അല്ലേ? ജനുവരി 17-ന് ഹാജരാകണമെന്നു പറഞ്ഞു, ഒരു മാസമില്ലേ, ഇവിടെ രാഷ്ട്രീയമായി ചർച്ച ചെയ്ത് എന്തു നിലപാടെടുക്കണം, ചീഫ് സെക്രട്ടറി എന്തുപറയണം, പറയാൻ പാടില്ല എന്നൊക്കെ ചർച്ചചെയ്യാൻ എന്താ തടസ്സമുണ്ടായിരുന്നത്. യാദൃച്ഛികമായി നമ്മുടെ ചീഫ് സെക്രട്ടറി കോടതിയിലേക്ക് കയറിച്ചെല്ലുമ്പോൾ നമ്മുടെ സുപ്രീം കോടതി ജഡ്ജി അദ്ദേഹത്തോട് ചോദിക്കുന്നു, ജയിലിൽ പോകണമോ, അല്ലെങ്കിൽ എഴുതിത്തരുന്നോ? വാൾമുനയിൽ നിറുത്തി ചീഫ് സെക്രട്ടറിയെക്കൊണ്ട്, എഴുതിക്കൊടുപ്പിച്ച അഫിഡവിറ്റാണ്. 17-ന് അദ്ദേഹം ഹാജരായിക്കഴിഞ്ഞ് ഏഴുദിവസം കഴിഞ്ഞ് 24-ന് അല്ലേ ജഡ്ജ്മെന്റ് ഓർഡർ വന്നത്. അപ്പോൾ നിങ്ങൾക്ക് അണ്ടർടേക്കിംഗ് എഴുതിക്കൊടുക്കുന്നതിനുള്ള, അതിനുശേഷം എഴുതിനൽകി അന്നാണല്ലോ കൊടുത്തു എന്നുപറഞ്ഞത്. ഔപചാരികമായി ഈ വക്കീലൻമാർ 7 ദിവസത്തിനിടയിൽ സർക്കാർ ചർച്ചചെയ്തില്ലേ, ഈ ഓർഡർ വന്നതിനുശേഷം. വേറൊരു പോംവഴിയുമില്ല. എല്ലാം നിരോധിച്ചേപറ്റൂ, എന്നെല്ലാം ഞങ്ങളെയൊക്കെ സംഭ്രമിപ്പിച്ച് അങ്ങിവിടെ പ്രഖ്യാപനങ്ങളുമൊക്കെ നടത്തുന്നു. ഇതിന്റെ വേവലാതിയുടെ ചെറിയ അംശം ഉണ്ടായിരുന്നെങ്കിൽ ഈ contempt of court നമുക്ക് കോടതിയിൽ കൺടസ്റ്റ് ചെയ്യാൻ കഴിയുകയില്ലായിരുന്നോ, ഇന്നലെ നിയമസഭയിൽ സുപ്രീംകോടതിയിൽ ഹാജരായില്ലെന്ന് പറഞ്ഞ് ഒരുപാട് വസ്തുതകൾ ഉണ്ടല്ലോ, അതൊക്കെ ആവർത്തിക്കുന്നില്ല. അതൊക്കെ ഹാജരാക്കാൻ നമുക്ക് ആവശ്യപ്പെടാൻ കഴിയുമായിരുന്നില്ലേ, അതുകൊണ്ട് ഇത് ഏതാനും

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാരുടെ തിരിമറിയായിട്ട് കരുതുന്നില്ല. രാഷ്ട്രീയ വക്കീലൻമാരുടെ തിരിമറിയായിട്ട് കാണുന്നില്ല. രാഷ്ട്രീയമായ ഒരു ധാരണയുടേയും പിൻതുണയുടേയും അടിസ്ഥാനത്തിൽ വന്നുചേർന്നിട്ടുള്ള ഒരു നിലപാടാണ് എന്നുള്ളതും അത് എങ്ങോട്ടാണ് പോകേണ്ടതെന്നുള്ളതും ഇനി ഈ ബില്ലിന്റെ ചർച്ചയിൽ ഞങ്ങളെടുക്കും. അതുകൊണ്ട് ഈ സന്ദർഭവേളയിൽ ഞാൻ ഇപ്പോൾ സെയിൽ ടാക്സ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട കാര്യത്തിൽ ഒതുങ്ങിനിൽക്കുകയാണ്. ഇവിടെ നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമതയളക്കാനുള്ള അളവുകോൽ എത്ര പണം ചെലവാക്കുന്നുവെന്നുള്ളതു മാത്രമല്ല അതിൽനിന്ന് അവർ പിരിക്കുന്ന നികുതി അതിന്റെ പോയിന്റ്സ് അങ്ങ്.....

<u>ശ്രീ. എം. വി. ജയരാജൻ:</u> അങ്ങ് ഇവിടെ പറഞ്ഞതിനപ്പുറമുള്ള ഒരു കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ? 9-2-2005-ൽ ശ്രീ. എ. കെ. ബാലന്റെ ചോദ്യത്തിന് മറുപടിയായി ലോട്ടറിവിൽപ്പനക്കാരിൽ നിന്ന് എത്ര കോടി രൂപയുടെ നികുതി വെട്ടിപ്പാണ് ഈ കാലയളവിൽ പിടിക്കപ്പെട്ടിട്ടുള്ളത്. കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിംഗ് ഈ രംഗത്ത് നാന്നൂറ്റി മുപ്പതുകോടി രൂപയുടെ നികുതി ചോർച്ച സംബന്ധിച്ച പ്രാഥമിക വിവരം മേൽ നടപടികൾക്കായി നൽകിയിട്ടുണ്ട്. ഇതിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നുള്ള കാര്യം അങ്ങേക്കറിയാമോ? നേരത്തെ പറഞ്ഞത് മാത്രമല്ല.

<u>ഡോ. തോമസ് ഐസക്:</u> ബഹുമാനപ്പെട്ട ധനമന്ത്രി ഈ ഡിമാന്റ് ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ഈ ഓൺലൈൻ ലോട്ടറിയിൽ നികുതിയായിട്ട് എത്ര രൂപ സർക്കാർ പിരിച്ചു എന്നുള്ളതിന്റെ കണക്കുകൾ പറയണം? മൊത്തം കണക്ക് ഞങ്ങൾക്ക് അറിയണമെന്നേ താൽപ്പര്യമുള്ളൂ. ഞാൻ അവസാനിപ്പിക്കുകയാണ്. ധനമന്ത്രി കഴിഞ്ഞ പ്രാവശ്യം സഭയിൽ സംസാരിച്ചപ്പോൾ നമ്മുടെ ഡെറ്റ് സസ്റ്റെയിനബിൾ ആണെന്നുള്ളതിന് ആർ.ബി.-യുടെ ഒരു വലിയ പ്രബന്ധം ഉദ്ധരിക്കുകയുണ്ടായി. സർ, ആർ.ബി.-യുടെ കഴിഞ്ഞതിനു മുൻപത്തെ ബുള്ളറ്റിനിൽ സംസ്ഥാനത്തെ നികുതി വരുമാനത്തെക്കുറിച്ചുള്ള വിശദമായിട്ടുള്ള ഒരു രേഖയുണ്ട്. ആ രേഖ കാണിക്കുന്ന ഒരു കാര്യമുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ നികുതി buoyancy കുറഞ്ഞുകൊണ്ടിരിക്കുകയാണ്. താരതമ്യേന താഴ്ന്നതാണ്. നമ്മുടെ സംസ്ഥാനത്തെ വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതാണ്. 7.7 വരുന്നു. എന്നാൽ ഇവിടെ പുറത്തുനിന്നുവരുന്ന വരുമാനം നമ്മുടെ കൺസ്യൂമർ എക്സ്പെൻഡിച്ചറുമായിട്ട് കണക്കാക്കുകയാണെങ്കിൽ ഇത് വളരെ താഴ്ന്നതാണ്. ഓരോ ഉൽപ്പന്നത്തിന്റേയും മൊത്തം വിൽപ്പന എടുത്ത് അതിൽനിന്ന് എന്തു നികുതി കിട്ടുമെന്ന് കണക്കാക്കി നോക്കുമ്പോൾ ഏതാണ്ട് അൻപത്, അറുപത് ശതമാനത്തോളം നികുതി വെട്ടിപ്പ് നടക്കുന്നുണ്ട്. അതല്ലാതെ കൺസ്യൂമർ എക്സ്പെൻഡിച്ചറും മറ്റ് പല ഘടകങ്ങളും എടുത്ത് recognition analysis

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയാണെങ്കിൽ ആ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിൽ ഇന്ന് വളരെ കോട്ട് ചെയ്യപ്പെടുന്ന പഠനമാണ് നമ്മുടെ നികുതി വെട്ടിപ്പ്. ഒരു നാൽപ്പത്-അൻപത് ശതമാനം നികുതി മാത്രമേ നമ്മൾ പിരിക്കുന്നുള്ളൂ എന്നാണ് പറയുന്നത്. അതുകൊണ്ട് നമുക്ക് ടാക്സ് buoyancy വച്ച് തൃപ്തിപ്പെടാൻ ആകുകയില്ല. ഈ നികുതിപിരിവ് ഊർജ്ജിതപ്പെടുത്താൻ വേണ്ടിയുള്ള ശക്തമായ നടപടികളിലേക്ക് നീങ്ങണം. ഒരു കാര്യംകൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കുകയാണ്. അതെന്താണെന്നുവച്ചാൽ അങ്ങ് കഴിഞ്ഞ ഫിനാൻസ് ബില്ലിന്റെ ചർച്ചയിൽ പറഞ്ഞു, വളരെ നല്ല കാര്യം. വ്യാപാരികളെ നികുതിയിൽ നിന്ന് ഒഴിവാക്കുന്നത് അഞ്ചു ലക്ഷത്തിൽ നിന്ന് പത്തു ലക്ഷമാക്കി ഉയർത്തിയെന്നുള്ളതാണ്. അതിനുശേഷം അങ്ങ് ഒരു ക്ലാരിഫിക്കേഷൻ കൂടി നൽകി അതിൽ ട്രേഡേഴ്സ് മാത്രമേ പെടുന്നുള്ളൂ. ചെറുകിട ഉൽപ്പാദകർ പെടുന്നില്ല എന്നുപറഞ്ഞു. നേരെ തിരിച്ചാണ് വേണ്ടത്. ചെറുകിട ഉൽപ്പാദകർക്കാണ് കൂടുതൽ സംരക്ഷണം വേണ്ടത്. കാരണം അവരാണ് മൽസരത്തെ നേരിടുന്നത്. വാറ്റ് നികുതി വരുന്നതിന്റെ ഫലമായി അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന മുഴുവൻ സംരക്ഷണവും ഇല്ലാതാകുകയാണ്. അങ്ങ് ഇതു പ്രഖ്യാപിച്ചപ്പോൾ ഞാൻ വളരെ സന്തോഷിച്ചു. അതുകൊണ്ടാണ് കുടുംബശ്രീയെക്കുറിച്ച് ഒന്നും വാശിപിടിക്കാത്തത്. ഈ തുകയുണ്ടെങ്കിൽ അതിനുള്ളിൽ അവർ നിൽക്കും. പക്ഷെ അങ്ങ് ഈ ചെറുകിട ഉൽപ്പാദകരെ മുഴുവൻ നികുതി വലയത്തിലേക്കു കൊണ്ടുവന്നിട്ട് ട്രേഡേഴ്സുമായിട്ട് അത് ഒതുക്കുന്നത് തികച്ചും അന്യായമാണ്. നമ്മുടെ ചെറുകിട വ്യവസായങ്ങളുടേയും ഗ്രാമവ്യവസായങ്ങളുടേയുമൊക്കെ താൽപ്പര്യം പരിഗണിച്ചുകൊണ്ട് ഇന്ന് മറുപടി പറയുമ്പോൾ അതിൽ ഒരു പുനഃപരിശോധന നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ കാര്യങ്ങൾ കൊണ്ട് ഞങ്ങൾ തുടക്കത്തിൽ പറഞ്ഞല്ലോ, ചില നല്ല കാര്യങ്ങളൊക്കെ ഉണ്ടെങ്കിലും ഇന്ന് നിങ്ങൾ നികുതി കുടിശ്ശിക പിരിക്കുന്നതിൽ, ലോട്ടറിയുടെ കാര്യത്തിൽ എടുത്ത നിലപാടിൽ ഇതെല്ലാം വച്ച് ഒരു കാരണവശാലും ഞങ്ങൾക്ക് ഈ ഡിമാന്റിനെ പിൻതാങ്ങാൻ ആകില്ല എന്നു പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, വളരെ ആശങ്കയോടുകൂടിയും അൽപ്പം ഭയത്തോടുകൂടിയുമാണ് ഞാൻ ഇന്ന് ഈ ഡിമാന്റിന്റെ അവതരണത്തിനുവേണ്ടി വന്നത്. കാരണം എന്റെ കൈയിലുള്ള വകുപ്പുകൾ ടാക്സ് ആയിരുന്നാലും എക്സൈസ് ആയിരുന്നാലും അത് രണ്ടും ആളുകൾ അത്ര അഭിനന്ദിക്കുന്ന വകുപ്പുകളല്ല. മാത്രമല്ല ഇത് വികസന വകുപ്പുകളുമല്ല. സാധാരണ എല്ലാ ദിവസവും ഇവിടെ ഡെവലപ്പ്മെന്റൽ ആക്ടിവിറ്റീസ് ആണ് ചർച്ച ചെയ്യുന്നത്. അതുമല്ല രണ്ടു റെഗുലേറ്ററി ഡിപ്പാർട്ടുമെന്റ്സ് മാത്രമാണ്. അതും എക്സൈസിനെപ്പോലുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റിൽ തൊട്ടാൽത്തന്നെ പൊള്ളുന്ന ഒരു വകുപ്പാണ്. പക്ഷെ വളരെയൊന്നും പരിക്കേൽക്കാതെ രക്ഷപ്പെട്ടു എന്നുള്ളതിൽത്തന്നെ ഞാൻ വളരെ സന്തോഷവാനാണ്. ഈ ഡിപ്പാർട്ടുമെന്റ് എന്തുചെയ്തു, എന്തു ചെയ്തുകൊണ്ടിരിക്കുന്നു എന്നുള്ളതിന്റെ നയരേഖ, ആദ്യമേ തന്നെ വിതരണം ചെയ്തു. ഞാൻ അതൊന്നും ആവർത്തിക്കാൻ പോകുന്നില്ല. പല നേട്ടങ്ങളും പുതിയ പല പരിഷ്കാരങ്ങളുമെല്ലാം സ്വീകരിച്ചതായി ആ പ്രസ്താവനയിൽ പറയുന്നുണ്ട്. അടുത്ത വർഷത്തെ മദ്യനയത്തിന്റെ കോപ്പിയും ഇവിടെ ഡിസ്ട്രിബ്യൂട്ട് ചെയ്തു. സാധാരണ മദ്യനയത്തെക്കുറിച്ച് വളരെയധികം നിരൂപണം ഉണ്ടാകുന്നതാണ്. ഇവിടെ ഒരു കാര്യത്തെക്കുറിച്ച് ശ്രീ. ജോർജ് പറഞ്ഞതല്ലാതെ ആ പുതിയ മദ്യനയത്തെക്കുറിച്ച് വലിയ നിരൂപണം ഉണ്ടായില്ല എന്നുള്ളതുതന്നെ വളരെ അത്ഭുതവും കുറച്ച് ആശ്വാസവുമാണ്. ഏതായാലും.....

ഡോ. തോമസ് ഐസക്: അങ്ങയുടെ നയത്തിന്റെ ഏറ്റവും കാതലായ വശത്തിനുനേരെ വലിയ വിമർശനം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അത് മനസ്സിലായില്ലേ?

ശ്രീ. വക്കം പുരുഷോത്തമൻ: അദ്ദേഹം മദ്യനയത്തെക്കുറിച്ച് ഒന്നും പറഞ്ഞില്ല. അതുകൊണ്ട് ഞാൻ അതിലേക്ക് ഒന്നും കടക്കുന്നില്ല. ഇവിടെ ഉണ്ടായ നിർദ്ദേശങ്ങളേയും നിരൂപണങ്ങളേയുംകുറിച്ച് പറഞ്ഞുകൊണ്ട് വേഗം ഞാൻ അവസാനിപ്പിച്ചുകൊള്ളാം. രാജു എബ്രഹാമാണ് ആദ്യം തുടങ്ങിയത്. അദ്ദേഹം പറഞ്ഞത് നമ്മൾ ഘട്ടംഘട്ടമായി മദ്യനയം നടപ്പിലാക്കുമെന്നു പറഞ്ഞിട്ട് നടപ്പിലാക്കുന്നില്ല എന്നാണ്. അത് ഘട്ടംഘട്ടമായി നടപ്പിലാക്കണമെന്നാണോ അങ്ങയുടെ പാർട്ടിയുടെ നയം. അത് പറയുന്നതിനോടൊപ്പം അദ്ദേഹം പറഞ്ഞു, കള്ളുഷാപ്പുകൾ ഏതാണ്ട് അയ്യായിരത്തി ചിലാനം ഉണ്ടായിരുന്നത് നാലായിരമായിട്ട് കുറച്ചു; ഏതാണ്ട് ആയിരത്തിയറുന്നൂറ് കള്ളുഷാപ്പുകൾ കുറച്ചുകളഞ്ഞു എന്ന്. കുറച്ചത് ഘട്ടംഘട്ടമായി മദ്യ നിരോധനം നടപ്പിലാക്കണമെന്ന് യു.ഡി.എഫ്. എടുത്ത നയത്തിന്റെ ഭാഗമായിട്ടാണ് കുറച്ചത്. ഇപ്പോൾ എല്ലാ ട്രേഡ് യൂണിയൻ നേതാക്കൻമാരും പ്രതിപക്ഷത്തുള്ള പാർട്ടികളുമെല്ലാം മുഴുവൻ കള്ളുഷാപ്പുകളും ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടതാണ്. എന്നിട്ടും ചെയ്യാതിരുന്നത് ഘട്ടംഘട്ടമായി മദ്യ നിരോധനം നടപ്പിലാക്കണമെന്നുള്ള നയം ഗവൺമെന്റ് സ്വീകരിച്ചതുകൊണ്ടാണ്. അതിന്റെ ഭാഗമായിട്ടാണ് ഇത് കുറച്ചത്. ഈ ഗവൺമെന്റ് അത് കൂട്ടാൻ തയ്യാറല്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുച്ചേർത്തിട്ടുള്ള കോൺഫറൻസിൽ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും പറഞ്ഞത് നിർത്തലാക്കിയിട്ടുള്ള 1610 കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കണമെന്നുള്ളതാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ ഇന്ന് വന്നിട്ടുള്ള പ്രതിപക്ഷ വ്യത്യാസമില്ലാതെയുള്ള മൊത്തം വികാരവും ഈ 1610 കള്ളുഷാപ്പുകൾ പുന:സ്ഥാപിക്കണമെന്നുള്ളതാണ്. ഇത് തൊഴിലാളികളുടെ ജോലിയെ സാരമായി ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് ഇപ്പോൾ ഗവൺമെന്റ് എടുത്തിട്ടുള്ള നിലപാട് മാറ്റിയേ പറ്റുകയുള്ളു. ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ഈ എക്സൈസ് നയം ഒരു കാരണവശാലും ഇവിടെയുള്ള തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിന് സഹായകരമാകില്ല.

ശ്രീ. വക്കം പുരുഷോത്തമൻ: ഞാനും അതുതന്നെയാണ് പറഞ്ഞത്. തൊഴിലാളികളുടെ എണ്ണം കുറച്ചത് ഗവൺമെന്റിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ശ്രീ. എ. കെ. ആന്റണി ഗവൺമെന്റ് എടുത്ത ആ നയപരമായ തീരുമാനത്തിൽ നിന്നും പുറകോട്ട് പോകാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല എന്നുള്ളതുകൊണ്ട് തന്നെയാണ് നിങ്ങളെല്ലാം ആവശ്യപ്പെട്ടെങ്കിലും പുതിയ കള്ളുഷാപ്പുകൾ ആരംഭിക്കാത്തത്. പക്ഷേ അതേ അവസരത്തിൽ കഴിഞ്ഞ ഗവൺമെന്റ് കള്ളുഷാപ്പുകളുടെ എണ്ണം കുറച്ചതിന്റെ അടിസ്ഥാനത്തിൽ തൊഴിലില്ലാതായ തൊഴിലാളികൾക്ക് കള്ളുഷാപ്പുകളിൽ ജോലി കൊടുത്തു. അതുകൊണ്ട് ആ നയത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലാളിക്കൊന്നും തൊഴിലില്ലാതായിട്ടില്ല. ആ നയത്തിൽ നിന്ന്.....

ശ്രീ. കെ. കെ. ജയചന്ദ്രൻ : ഇവിടെ അങ്ങ് പറഞ്ഞത്, നഷ്ടത്തിലോടുന്ന കുറേ ഷാപ്പുകൾ നിർത്തിയപ്പോൾ ജോലി നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ഓടിക്കൊണ്ടിരിക്കുന്ന ഷാപ്പിൽ ജോലി കൊടുത്തുവെന്നാണ്. അങ്ങനെ നഷ്ടത്തിൽ പൊയ്ക്കൊണ്ടിരിക്കുന്ന അതേ ഷാപ്പുകളിൽത്തന്നെ ചാരായത്തൊഴിലാളികൾക്ക് ഒരാൾക്ക് വീതം ജോലി കൊടുക്കുമെന്നല്ലേ ഇവിടെ പറഞ്ഞിരിക്കുന്നത്. അത് കൂടുതൽ പ്രശ്നത്തിലേക്ക് പോവുകയല്ലേയുള്ളു. അതുകൊണ്ട് ഉള്ള ഷാപ്പുകൾ കൂടി അടയ്ക്കാനല്ലേ പോകുന്നത്?

ശ്രീ. വക്കം പുരുഷോത്തമൻ: അതും ഞാൻ വരുന്നതിന് മുൻപ് ഗവൺമെന്റ് എടുത്ത നയപരമായ തീരുമാനമാണ്. ഞാൻ എടുത്ത തീരുമാനമല്ല. ഇതിനുമുൻപ് കഴിഞ്ഞ വർഷം.....(ബഹളം).....ഞാൻ പറയട്ടെ, I will answer you. 2003-04-ലെ മദ്യനയം ഉണ്ടായപ്പോൾത്തന്നെ ആ നയത്തിൽ ഇത് പ്രഖ്യാപിക്കുകയും അങ്ങനെ ജോലി ഇല്ലാതായ ചാരായ തൊഴിലാളികൾക്ക് ഓരോരുത്തർക്കും ജോലി കൊടുത്തുകൊള്ളാമെന്ന അണ്ടർടേക്കിംഗ് ഒപ്പിട്ട് കൊടുത്തിട്ടാണ് പുതിയ കള്ളുഷാപ്പുകൾ ആളുകൾ ഏറ്റെടുത്തത്. അത് ഞാൻ ഇപ്പോഴും മാറ്റാൻ തയ്യാറല്ല. അത് കഴിഞ്ഞ ഗവൺമെന്റിന്റെ നയപരമായ തീരുമാനമാണ്.

ശ്രീ. എ. കെ. ബാലൻ: ഇങ്ങനെ നഷ്ടത്തിലോടുന്ന ഷാപ്പുകൾ തൊഴിലാളി ഏറ്റെടുത്ത് നടത്തുന്നുണ്ട്. ആ നഷ്ടത്തിലോടുന്ന ഷാപ്പുകളിൽ ചാരായ തൊഴിലാളികൾക്ക് ജോലി കൊടുക്കണോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: എല്ലാ ഷാപ്പുകളിലും ജോലി കൊടുക്കണമെന്ന് തന്നെയാണ് നേരത്തെ എടുത്ത തീരുമാനം. അതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ വർഷം കൊടുത്തത്. അതുകൊണ്ട് ഗവൺമെന്റ് അതിൽ നയപരമായ ഒരു മാറ്റവും വരുത്തിയിട്ടില്ല. നയപരമായ മാറ്റം വരുത്താതിരുന്നതിനുള്ള കാരണം തന്നെ ഏത് രീതിയിൽ മാറ്റം വരുത്തിയാലും അത് വിമർശനവിധേയമാകും. കുറേപേർക്ക് കള്ളുഷാപ്പുകൾ കൂട്ടണം, വേറെ കുറേ ആളുകൾക്ക് ഒരു ഷാപ്പ് പോലും കൂട്ടാൻ പാടില്ല, ഉള്ള ഷാപ്പുകൾ അടയ്ക്കണമെന്ന് പറയുന്നു. അതുകൊണ്ട് ഞാൻ ഏതായാലും തീരുമാനിച്ചത്, നിലവിലുള്ള നിയമം അതേപടി തുടരുക എന്നുള്ളത് തന്നെയാണ്. അതേയവസരത്തിൽ ഷാപ്പുകൾക്ക് കൺസോർഷ്യം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിങ്ങൾ അറേഞ്ച് ചെയ്യൂ. ഞാൻ അത് എഗ്രീ ചെയ്യുന്നു. എനിക്കതിൽ എതിരില്ല. എനിക്ക് എതിരുള്ളത് ഇത് auction ചെയ്യാൻ ഗവൺമെന്റ് തയ്യാറല്ല. Auction ചെയ്താൽ ഈ ഗവൺമെന്റ് വരുന്നതിനുമുൻപ് കേരളത്തിൽ നടന്ന രീതിയിൽ ഇവിടെ ചാരായം ഒഴുകും. അതുകൊണ്ടാണ് ഒരു രീതിയിലും ഈ ഷാപ്പുകൾ auction ചെയ്യാൻ തയ്യാറാകില്ല എന്ന തീരുമാനമെടുത്തത്. അതുകൊണ്ട് ഈ ഷാപ്പുകൾ മുഴുവൻ പോകാത്ത സ്ഥലങ്ങളിൽ കൺസോർഷ്യം ഉണ്ടാക്കി അവർ പോകാൻ തയ്യാറാണെങ്കിൽ നിങ്ങൾ തന്നെ അറേഞ്ച് ചെയ്തോളൂ. ഞാൻ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കാം. അത് എഗ്രീ ചെയ്യാം. അതുമാത്രമല്ല അങ്ങനെയും പോയില്ലെങ്കിൽ നിങ്ങൾക്ക് തോന്നിയതുപോലെ തൊഴിലാളികൾക്ക് കൊടുക്കാം. അതിനും ഞാൻ agreeable ആണ്. അതിനൊന്നും മാറ്റമില്ല. നേരെമറിച്ച് അതല്ലാതെ തന്നെ ഇവിടെ ഷാപ്പുകൾ പല ജില്ലകളിലും പോകുന്നുണ്ട്. ഒരു ഷാപ്പില്ലാതെ എല്ലാം പോകുന്നുണ്ട്. അതിൽ കുറച്ച് കൂടുതൽ കാശ് കിട്ടുകയും ചെയ്യും. തുച്ഛമായിട്ട്, തൊഴിലാളികൾക്ക് കൊടുത്തിരിക്കുന്നത് 500 രൂപയാണ്. 500 രൂപ നോർമലാണെന്നുള്ളത് എല്ലാവർക്കും അറിഞ്ഞുകൂടേ? ഗവൺമെന്റ് ഇത്ര ഭീമമായ നഷ്ടം സഹിച്ചുകൊണ്ടാണ് ചെയ്യുന്നത്. ഇപ്പോഴത്തെ പോളിസിയിലും നമ്മൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം എന്ത് അഡ്ജസ്റ്റ്മെന്റും ചെയ്യും. ഈ നയം നിങ്ങൾ പറഞ്ഞതൊന്നും ചെയ്യുന്നതിന് തടസ്സമാകില്ല. കൺസോർഷ്യം എടുക്കാൻ തയ്യാറുണ്ടെങ്കിൽ, കൊടുക്കുന്ന കാര്യം ഏറ്റു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: റെയ്ഞ്ച് അടിസ്ഥാനത്തിൽ കൺസോർഷ്യം ഉണ്ടാക്കി മുഴുവൻ ഷാപ്പുകളും ലൈസൻസിൽ പോകത്തക്ക സമീപനം എടുക്കാമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാട് സ്വാഗതാർഹമാണ്. കൺസോർഷ്യം അടിസ്ഥാനത്തിൽ ഷാപ്പുകൾ ഏൽപ്പിച്ചുകൊടുക്കുമ്പോൾ ഒരു റെയ്ഞ്ചിലുള്ള എല്ലാ ഷാപ്പുകളും കൺസോർഷ്യം ഏറ്റെടുക്കും എന്നുള്ളത് ഉറപ്പുവരുത്തണം. അങ്ങനെ കൺസോർഷ്യം എല്ലാ ഷാപ്പുകളും ഏറ്റെടുക്കാൻ തയ്യാറായില്ലെങ്കിൽ ആ റെയ്ഞ്ചിലെ കള്ളുഷാപ്പുകൾ തൊഴിലാളികളെ ഏൽപ്പിച്ചുകഴിഞ്ഞാൽ അത് അവർ ഏറ്റെടുത്ത് നടത്താൻ സന്നദ്ധമാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: എല്ലാം നിങ്ങൾ പറയുന്നതുപോലെ തന്നെ ചെയ്യണമെന്ന് വച്ചാൽ പ്രയാസമാണ്. ഗവൺമെന്റിന്റെ താൽപ്പര്യവും കൂടി നോക്കണം. ഈ രാജ്യത്ത് ഇൻഡസ്ട്രീസിന്റെ കാര്യം നോക്കണം, കള്ള് വ്യവസായത്തിന്റെ കാര്യം നോക്കണം, തൊഴിലാളികളുടെ കാര്യം നോക്കണം. അല്ലാതെ ഇവിടെ കള്ള് വ്യവസായം നടക്കുന്നത് തൊഴിലാളികൾക്കുവേണ്ടി മാത്രമല്ല. പക്ഷേ ആ തൊഴിലാളികൾക്ക് മുഴുവൻ ജോലി കൊടുക്കണം, അവർക്കാർക്കും ജോലി നഷ്ടപ്പെടാൻ പാടില്ല എന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. അത് ഗവൺമെന്റ് നിർബന്ധമായും പാലിക്കുകതന്നെ ചെയ്യും. കൺസോർഷ്യം കൊടുക്കുന്നതിന് ഗവൺമെന്റ് എതിരല്ല.

ശ്രീ. സി. കെ നാണു: ബഹുമാനപ്പെട്ട മന്ത്രി ഷാപ്പുകൾ നിർത്തലാക്കുന്നത് ഗവൺമെന്റിന്റെ ഘട്ടംഘട്ടമായുള്ള മദ്യനിരോധനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമാണെന്ന് പറഞ്ഞു. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ നമ്മുടെ സംസ്ഥാനത്ത് ബാറുകൾ ഇഷ്ടംപോലെ വർദ്ധിക്കുന്നു. അതുപോലെ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ കൂടുതൽ വർദ്ധിച്ചിട്ട് പാവപ്പെട്ട ആളുകൾക്ക് അവിടെ ക്യൂ നിന്ന് സാധനം വാങ്ങി ഉള്ളതിനേക്കാൾ കൂടുതൽ മദ്യപാനം നടത്തി അതിന്റെ ഫലമായിട്ടുള്ള വരുമാനം സ്റ്റേറ്റിനുണ്ടാകുന്നു. അതുകൊണ്ട് നമ്മൾ മദ്യനിരോധനത്തിലേക്കാണ് നീങ്ങുന്നത് എന്നുള്ളത് എന്തിന് പറയുന്നു? ഈ വസ്തുതകൾ നമ്മൾ അനുവദിക്കുന്നുണ്ടല്ലോ? പിന്നെ എന്തിനാണ് അത് പറയുന്നത്?

ശ്രീ. വക്കം പുരുഷോത്തമൻ: ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കണം, ഇന്ന് കള്ളവാറ്റ് നടക്കുന്നുവെന്ന് എല്ലാ ആളുകളും പറഞ്ഞു, കള്ളച്ചാരായം വിൽക്കുന്നുവെന്ന് എല്ലാ ആളുകളും പറഞ്ഞു. ഞാൻ അതിനെ എതിർക്കുന്നില്ല. എവിടെ prohibition ഉണ്ടാകുന്നുവോ അവിടെയെല്ലാം ഇത് നടന്നിരിക്കും. കള്ളവാറ്റ് ധാരാളമുണ്ടാകും. ഇതിനൊക്കെ പരിഹാരം എന്താണെന്നറിയാമോ? എം.എൽ.എ.-മാർ തന്നെ ആവശ്യപ്പെടാറുണ്ട്, അവരുടെ നിയോജകമണ്ഡലത്തിൽ ഒരു ഷാപ്പ് തുറക്കണമെന്ന്. എന്തിനാണ്? അദ്ദേഹത്തിനോ അദ്ദേഹത്തിന്റെ ആളുകൾക്കോ മദ്യപിക്കാനല്ല. അവിടെ കള്ളവാറ്റ് കുറയുന്നു. എവിടെ ഷാപ്പ് തുടങ്ങുന്നുവോ അവിടെ കള്ളവാറ്റ് കുറയുന്നു. അവിടെ വിഷം കഴിക്കുന്നതിന് പകരം അവർ നല്ല മദ്യം വാങ്ങി കഴിക്കുന്നു. അതുപോലെ ഇവിടെ ശ്രീ. രാജു എബ്രഹാം തന്നെ അന്തിക്കള്ള് അടച്ചുവിൽക്കണമെന്ന് പറഞ്ഞു. ഞാൻ അത് ചെയ്തതല്ലേ? നിങ്ങളെല്ലാവരുംകൂടി എന്നെ കൊല്ലാൻ വന്നിട്ടല്ലേ? ഞാൻ ഇവിടെ ആദ്യം പ്രഖ്യാപിച്ചത് ടിന്നിലടച്ച കള്ള് ഇൻഡ്യയുടെ എല്ലാ സംസ്ഥാനങ്ങളിലും അയയ്ക്കാം, ഇൻഡ്യയുടെ പുറത്തും അയയ്ക്കാം. ചെത്ത് തൊഴിലാളികൾക്ക് കൂടുതൽ പണി കിട്ടും എന്നുപറഞ്ഞ് ഞാൻ കൊണ്ടുവന്നതാണ്. എന്നെക്കൊണ്ട് അത് പിൻവലിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവരും കൂടി എന്റെ രക്തത്തിന് വേണ്ടി ദാഹിച്ചു. അതുപോലെതന്നെ ഇവിടെ പറഞ്ഞു, വിലകുറഞ്ഞ മദ്യം കിട്ടുന്നില്ല. വിലകുറഞ്ഞ മദ്യം കിട്ടാത്തത് E.N.A. (Extra Neutral Alcohol)-ക്ക് വിലകൂടിയതുകൊണ്ടാണ്. അത് കൂടിയപ്പോൾ ചെറുത് മാർക്കറ്റിൽ വരുന്നില്ല. ജോർജ് ചെറിയ മദ്യം ബിവറേജസ് കോർപ്പറേഷനിൽ ഓഫർ ചെയ്താൽ എടുക്കാനുള്ള ഏർപ്പാട് ചെയ്യാം. ചാരായം കലക്കിക്കൊണ്ട് വരരുത്. നല്ല മദ്യം വില കുറഞ്ഞതുണ്ടെങ്കിൽ ബിവറേജസ് കോർപ്പറേഷനെക്കൊണ്ട് ഞാൻ എടുപ്പിക്കാം. അവിടെ കിട്ടുന്നില്ലെന്നുള്ള പരാതിയാണ്. അവിടെ ഒരു കൺട്രോളുമില്ല. അവിടെ ആർക്ക് വേണമെങ്കിലും കൊണ്ടുവരാം. അതും ചെയ്യാൻ ആലോചിച്ചു. ഇവിടുത്തെ കള്ളച്ചാരായവും കള്ളവാറ്റും കുറയ്ക്കണമെന്നുണ്ടെങ്കിൽ വിലകുറഞ്ഞ മദ്യം, മദ്യം ഉപയോഗിക്കുന്ന ആളുകൾക്ക് കൊടുക്കണം. അതും ഞാൻ ആദ്യം പോളിസിയിൽ ഉൾപ്പെടുത്തിയതാണ്. സർക്കാർതന്നെ ബിവറേജസ് കോർപ്പറേഷനിൽ നേരിട്ട് വിലകുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കും. അപ്പോൾ എന്റെ ചോര കുടിക്കാൻ വന്നു. അതും വിത്ഡ്രാ ചെയ്തു. അത് വിത്ഡ്രാ ചെയ്തുവെങ്കിലും അതെല്ലാം നല്ല കാര്യമായിരുന്നുവെന്ന് ഇന്നും വിശ്വസിക്കുന്നവനാണ് ഞാൻ. പക്ഷേ നിങ്ങൾ പറഞ്ഞതെന്താണ്? ഇതെല്ലാം മദ്യരാജാക്കൻമാർക്ക് വേണ്ടിയാണെന്ന്. കള്ള് ടിന്നിലടച്ച് വിൽക്കുന്നത് ഏത് മദ്യരാജാക്കൻമാരെ സഹായിക്കാനാണ്; വിലകുറഞ്ഞ മദ്യം ഉണ്ടാക്കി വിൽക്കുന്നത് ഏത് മദ്യരാജാക്കൻമാരെ സഹായിക്കാനാണ്; ബിവറേജസ് കോർപ്പറേഷന്റെ കൂടുതൽ ഷാപ്പുകൾ തുടങ്ങുന്നത് ഏത് മദ്യരാജാക്കൻമാരെ സഹായിക്കാനാണ്? ഇതിൽപ്പറഞ്ഞ ഏതെങ്കിലും ഒരു ഐറ്റം മദ്യരാജാക്കൻമാരെ സഹായിക്കുന്നുണ്ടോ? നേരെമറിച്ച് എല്ലാവരുംകൂടി എന്റെ രക്തത്തിന് വേണ്ടി വന്നു. ഞാൻ പിൻവലിച്ചു. അതാണ് മദ്യരാജാക്കൻമാർക്ക് സഹായമായത്. ഓരോ വകുപ്പും മദ്യരാജാക്കൻമാർക്ക് സഹായകമായി. അതാണ് നടന്നത്. അതുകൊണ്ട് ഞാൻ കൂടുതലൊന്നും പറയുന്നില്ല. ശ്രീ. പ്രതാപവർമ്മ തമ്പാൻ ഇവിടെ കൂടുതൽ emphasis ചെയ്ത് പറഞ്ഞത് 'വാറ്റ്'-നെക്കുറിച്ചാണ്. 'വാറ്റ്'-നെക്കുറിച്ച് എനിക്ക് പറയാനുള്ളത്, 'വാറ്റ്' ഇൻഡ്യയിലെ മുഴുവൻ സ്ഥലത്തും നടപ്പിലാക്കുന്നുണ്ട്. ഇന്ന് ചില പത്രങ്ങളിൽ അഞ്ചാറ് സംസ്ഥാനത്ത് നടപ്പിലാക്കുന്നില്ലെന്ന് പറഞ്ഞു. അത് ശരിയല്ല. കഴിഞ്ഞ അഞ്ചാം തീയതി ഡൽഹിയിൽ ഉണ്ടായിരുന്നപ്പോൾ യു.പി.-യിൽ നടപ്പിലാക്കുന്നില്ലെന്ന് പറഞ്ഞു. പക്ഷേ യു.പി. മുഖ്യമന്ത്രി, ചെയർമാൻ അസിംദാസ് ഗുപ്തയുമായി സംസാരിച്ചു. അദ്ദേഹം അവിടെ ഉദ്യോഗസ്ഥൻമാരെ അയച്ച് ചർച്ച ചെയ്യാമെന്ന് പറഞ്ഞു. ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാമെന്ന് പറഞ്ഞു. തമിഴ്നാട്ടിൽ നടപ്പിലാക്കുന്നില്ല എന്നുപറഞ്ഞു. അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നു. ലേറ്റസ്റ്റായി ഇന്ന് ഇപ്പോൾ കേട്ടത് തമിഴ്നാട്ടിലും ഇത് നടപ്പിലാക്കുന്നുവെന്നാണ്. ഇൻഡ്യ മുഴുവൻ നടപ്പിലാക്കുമ്പോൾ നമുക്ക് നടപ്പിലാക്കാതിരിക്കാൻ നിർവ്വാഹമില്ല. ഇതിലെ കണ്ടീഷൻസ് എല്ലാവർക്കും ബാധകമാണ്. സംസ്ഥാനത്തിലെ മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്കും ബാധകമാണ്. സംസ്ഥാനത്തിന് മാറ്റം വരുത്താൻ അധികാരമുള്ള ഏക ഇനം, അതാത് സംസ്ഥാനത്തിന്റെ പ്രത്യേകതകളനുസരിച്ച് 10 സാധനങ്ങൾ ടാക്സ് ഫ്രീ ആക്കി ഡിക്ലെയർ ചെയ്യുക എന്നത് മാത്രമാണ് ഓരോ സംസ്ഥാനത്തിനും കൊടുത്തിരിക്കുന്ന അധികാരം. അതനുസരിച്ച് ഏറ്റവും പാവപ്പെട്ട വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഉപദ്രവം ഉണ്ടാകാതിരിക്കാൻ 10 സാധനങ്ങൾ ഇവിടെ എക്സംപ്റ്റ് ചെയ്തു. ബാക്കിയുള്ളവ എല്ലാ സ്ഥലത്തും ഒന്നുതന്നെയാണ്. 5 ലക്ഷം രൂപ ആക്കിയത് ചെറുകിട കച്ചവടക്കാർക്ക് മാത്രമാണ്. ഇത് ഇവിടെ മാത്രമല്ല, ഇൻഡ്യയിലുള്ള മുഴുവൻ ആളുകൾക്കുമുണ്ട്. ഇവരെ സഹായിക്കാൻ പോയതിൽ ഞാൻ ഇപ്പോൾ അപകടത്തിലായിരിക്കുകയാണ്. ഞാൻ നിങ്ങളുടെയെല്ലാം അഭിപ്രായത്തെ മാനിച്ച്, ഹൗസിന്റെ സെൻസ് മാനിച്ച്—ശ്രീ. സതീശനുമെല്ലാം വളരെ vehement ആയി പറഞ്ഞു—ആ സെൻസ് മാനിച്ചുകൊണ്ട് 5 ലക്ഷം രൂപ വരെ എക്സംപ്റ്റ് ചെയ്തിരുന്നത് 10 ലക്ഷം രൂപയാക്കി ഉയർത്തി. ഞാൻ 5-ാം തീയതി ഡൽഹിയിൽ നടന്ന യോഗത്തിൽ പോയി എല്ലാവരോടും അപേക്ഷിച്ചു, അതിനുമുൻപ്തന്നെ ഞാൻ പല ആളുകളെയും വിളിച്ച് സംസാരിച്ചു. അവിടെ ചെന്ന് വളരെ സ്ട്രോംഗായി ഇത് 10 ലക്ഷം രൂപയാക്കണം, ചെറുകിട കച്ചവടക്കാരെ നമുക്ക് ഉപദ്രവിക്കാൻ പറ്റില്ല എന്നുപറഞ്ഞു. ഒരു സംസ്ഥാനം പോലും എന്റെ അഭിപ്രായത്തോട് യോജിച്ചില്ല. വെസ്റ്റ് ബംഗാളും എഗ്രീ ചെയ്തില്ല. ഒരു സംസ്ഥാനവും എന്റെ അഭിപ്രായത്തോട് യോജിച്ചില്ല എന്നുമാത്രമല്ല ഇപ്പോൾ വന്നിരിക്കുന്ന സ്ഥിതി കേന്ദ്ര ഗവൺമെന്റിന്റെ നിലപാട്, ആ കേന്ദ്ര നിയമത്തിൽനിന്നും ആരെങ്കിലും ഇളവ് ചെയ്താൽ അത് എത്ര രൂപയുടെ ഇളവാണോ ചെയ്തത് അത് കോംപൻസേഷനായി തരില്ലെന്നാണ്. എന്നുവച്ചാൽ നമ്മളേതായാലും 5 ലക്ഷം രൂപയിൽനിന്ന് 10 ലക്ഷം രൂപയായി പ്രഖ്യാപിച്ചു. അതിൽ

(ചെയറിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

നിന്നും പുറകോട്ട് പോകാൻ ആഗ്രഹിക്കുന്നില്ല. 5 ലക്ഷം വരെയുണ്ടായിരുന്നത് 10 ലക്ഷമാക്കി ഞാൻ ഇവിടെ പ്രഖ്യാപിച്ചതുകൊണ്ട് എത്ര കോടി രൂപ നഷ്ടം വരുന്നുണ്ടോ അത്രയും നമുക്ക് കോംപൻസേഷൻ കിട്ടില്ല. അതാണ് ഇപ്പോഴത്തെ സ്ഥിതി. ചെറുകിട കച്ചവടക്കാരെ സഹായിക്കാൻ ഇൻഡ്യയിലെ ഒരു സംസ്ഥാനവും തയ്യാറാകാത്ത രീതിയിൽ കേരള ഗവൺമെന്റ് തയ്യാറായി. അതിനെതിരായിട്ടുള്ള സമരങ്ങളെപ്പറ്റി പറഞ്ഞു. ഒരേയൊരു സംഘടന മാത്രമാണ് ഇതിനോട് യോജിക്കാത്തത്. കച്ചവടക്കാരുടെ ഇടയിൽത്തന്നെ ധാരാളം സംഘടനകളുണ്ട്. ടാക്സ് കൊടുക്കുന്ന വിവിധ സംഘടനകളുണ്ട്. ബാക്കിയെല്ലാവരും യോജിച്ചു. വ്യാപാരി വ്യവസായി മാത്രമാണ് യോജിക്കാത്തത്. അവരോട് പല തവണ ചർച്ച ചെയ്തു. അവരെ മാത്രം വിളിച്ച് ചർച്ച ചെയ്യണമെന്ന് പറഞ്ഞു. അവരെ മാത്രം വിളിച്ച് ചർച്ച നടത്തി. പക്ഷേ അവർക്ക് ഇതിൽ എന്ത് മാറ്റം വരുത്തണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറയാനില്ല. അവർക്ക് ഒരേയൊരു മുദ്രാവാക്യമേയുള്ളു, ഇത് നടപ്പിലാക്കാൻ പാടില്ല. അത് നമുക്ക് എങ്ങനെ സ്വീകരിക്കാൻ പറ്റും? അത് നമുക്ക് സ്വീകരിക്കാൻ പറ്റില്ല. ഞാൻ ഗസ്റ്റ് ഹൗസിൽ നടത്തിയ കോൺഫറൻസിലും ഞാൻ മാത്രം നടത്തിയ കോൺഫറൻസിലും പറഞ്ഞു, ഇത് നമുക്ക് നടപ്പിലാക്കേണ്ടിയിരിക്കുന്നുവെന്ന്. നിങ്ങളുടെ ബുദ്ധിമുട്ടുകൾ പറയൂ, പ്രായോഗികമായി ഗവൺമെന്റിന് ചെയ്യാവുന്നതാണെങ്കിൽ നിങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ തയ്യാറാണ്. പക്ഷേ അവർ പറയുന്നത്, ഇത് നടപ്പിലാക്കാൻ പാടില്ല. ആ മുട്ടാപോക്കിന് എങ്ങനെയാണ് ഗവൺമെന്റ് വഴങ്ങുന്നത്? പക്ഷേ എങ്കിലും ഇവിടെ പറഞ്ഞു, അവരെ ഉപദ്രവിക്കാൻ പാടില്ല. ഞാൻ ഈ ഹൗസിന് വാക്ക് തരുന്നു, ആദ്യത്തെ ആറ് മാസം ഒരു ചെറുകിട കച്ചവടക്കാരന്റെയും കടകൾ പരിശോധിക്കുന്നതല്ല. ആദ്യത്തെ ആറ് മാസക്കാലം കടകൾ പരിശോധിക്കുകയോ അവരെ ഏതെങ്കിലും രീതിയിൽ ഹരാസ് ചെയ്യുകയോ ചെയ്യില്ല. യഥാർത്ഥത്തിൽ ഈ സ്കീമിന്റെ പ്രധാന ingredient തന്നെ ഇത് transparent ആവുക എന്നതാണ്. ഉദ്യോഗസ്ഥൻമാരുടെ ശല്യം കുറയും. കച്ചവടക്കാർക്ക് സ്വന്തമായി അവരുടെ ആദായവും അവർ അടയ്ക്കേണ്ട നികുതിയും തീരുമാനിച്ച് ഓഫീസിൽപ്പോലും പോകാതെ റിട്ടേൺസ് അടയ്ക്കാനുള്ള പ്രൊവിഷനുണ്ട്. അവരെ ഒരു ഉദ്യോഗസ്ഥനും തിരക്കി പോകില്ല. ഉദ്യോഗസ്ഥന് കൈക്കൂലി കൊടുക്കണ്ട. ഉദ്യോഗസ്ഥൻമാരെ കൂച്ചുവിലങ്ങിടുന്ന ഒരു നിയമമാണ്. വളരെയധികം ഉപദ്രവം കുറയും. ഇത് കൂടുതൽ transparent ആകുമ്പോൾ ഇതിൽ evasion വളരെ കുറയും. സെറ്റ് ഓഫിന്റെ കോംപൻസേഷൻ കിട്ടണമെങ്കിൽ 'വാറ്റ്'-ന്റെ പരിധിയിൽ വന്നാൽ മാത്രമേ കിട്ടുകയുള്ളു. 'വാറ്റ്'-ന്റെ പരിധിയിൽ വരാത്തതിന് സെറ്റ് ഓഫ് കിട്ടില്ല. അതുകൊണ്ടാണ് കേരളത്തിലും കർണ്ണാടകയിലും പോണ്ടിച്ചേരിയിലും ഇത് നടത്തുന്നുവെന്ന് അറിഞ്ഞപ്പോൾ അറച്ചുനിന്ന തമിഴ്നാട് പോലും 'വാറ്റ്' നടപ്പിലാക്കാൻ തയ്യാറായി വന്നത്. Essential ആയിട്ടുള്ള സാധനങ്ങൾ കിട്ടുന്നില്ലെന്ന് പറഞ്ഞു. സ്നേഹബുദ്ധ്യാ കച്ചവടക്കാരെ ഞാൻ ഉപദേശിക്കുകയാണ്, അങ്ങനെയൊരു നിലപാട് എടുക്കരുത്. അത് രാജ്യദ്രോഹപരമാണ്. അത് ഇവിടുത്തെ ആളുകളെ ഉപദ്രവിക്കുന്നതാണ്. അത് ഗവൺമെന്റിന് നോക്കി നിൽക്കാൻ കഴിയില്ല. നിങ്ങളോടെല്ലാം വളരെ സ്നേഹമാണുള്ളത്. നിങ്ങളോടുള്ള സ്നേഹം കൊണ്ടാണ് മറ്റൊരു സംസ്ഥാനത്തിനും ഇല്ലാത്ത ഇളവ് ഇവിടെ നൽകിയത്. പക്ഷേ സാധനം എടുക്കില്ല, ജനങ്ങളെ പട്ടിണിക്കിടാം എന്നുള്ള നിലപാട് ആരെങ്കിലും എടുത്താൽ ഗവൺമെന്റിന് കർശനമായ നിലപാടെടുക്കേണ്ടി വരും. Essential Commodities Act ഉണ്ട്, അതനുസരിച്ച് ഒരുപാട് നടപടികളെടുക്കാൻ കഴിയും. അതുകൊണ്ട് അങ്ങനെയുള്ള unpleasant ആയിട്ടുള്ള സ്റ്റെപ്പൊന്നും എടുക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് മാറിനിൽക്കുന്ന സംഘടന ഇതിനോട് യോജിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ശ്രീ. രാജൻ സ്വർണ്ണത്തിന്റെ കാര്യം പറഞ്ഞു,.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: ചെറുകിട manufacturers വലിയ ബുദ്ധിമുട്ടിലാണ്. സെയിൽസ് ടാക്സ് എക്സംപ്ഷൻ അവർക്കുണ്ടായിരുന്നു. 'വാറ്റ്' വന്നതോടുകൂടി ചെറുകിട manufacturers-ന് വലിയ നികുതി കൊടുക്കേണ്ടി വരും. 12% നികുതി കൊടുക്കേണ്ടി വരും. ഇതൊക്കെ അടച്ചുപൂട്ടാൻ നിർബന്ധിക്കപ്പെടും. ഞാനൊരു ഭേദഗതി കൊണ്ടുവന്നിരുന്നു. പാലക്കാട് തന്നെ അരിവാളുണ്ടാക്കുന്ന ഒരു ഫാക്ടറി അടച്ചുപൂട്ടാൻ പോവുകയാണ്. ട്രേഡേഴ്സിന് കൊടുത്ത ആനുകൂല്യം അവർക്ക് കൊടുക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : ഇവിടെ പ്രത്യേകമായി ഒരു നിയമം ഉണ്ടാക്കിയിട്ടില്ല. ഞാൻ അതിൽ പ്രത്യേകമായി ഒന്നും ചെയ്തിട്ടില്ല.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് ഗൗരവമായി പരിഗണിക്കേണ്ട ഒരു കാര്യമാണ്. കഴിഞ്ഞ കുറേ ദിവസങ്ങളായി ഔഷധ ഹോൾസെയിൽ വ്യാപാരികൾ നമ്മുടെ സമൂഹത്തിലെ ഔഷധ വിതരണം തന്നെ സ്തംഭിപ്പിക്കും വിധത്തിൽ പോവുകയാണ്. ജീവൻരക്ഷാ ഔഷധങ്ങൾ ലഭിക്കുന്നില്ല. സംഘടനകളുമായി ചർച്ച ചെയ്ത് ഒരു നിലപാട് സ്വീകരിക്കുന്നില്ലെങ്കിൽ 'വാറ്റ്'-ന്റെ പേരിൽ ഒരു ഏകോപന സമിതി.....

ശ്രീ. വക്കം പുരുഷോത്തമൻ: അവർ സമരമൊക്കെ പിൻവലിച്ചു.

ശ്രീ. കെ. സി. ജോസഫ്: ഇവിടെ ശ്രീ. തമ്പാൻ ഒരു കാര്യം ഉന്നയിച്ചു. അങ്ങ് ഉത്തരം പറഞ്ഞുകേട്ടില്ല. ഈ സഭയുടെ പൊതുവായ വികാരമാണ്. ഖാദിഗ്രാമ വ്യവസായങ്ങൾ, handmade goods-നെ നികുതിയിൽനിന്ന് ഒഴിവാക്കാമെന്ന് അങ്ങ് സമ്മതിച്ചു. ഫിനാൻസ് ബില്ലിൽ സബ്ജക്റ്റ് കമ്മിറ്റി അംഗീകാരമില്ലാതെ ഫിനാൻസ് ബില്ലിന്റെ ഷെഡ്യൂളിൽ ഇപ്പോൾ 25 ലക്ഷം രൂപ വിറ്റുവരവുള്ള ഗ്രാമവ്യവസായങ്ങളെ നികുതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചൈനീസ് സാധനങ്ങളും മറ്റും വരുന്ന ഒരു സാഹചര്യത്തിൽ ഈ ഖാദി മേഖലയെ തകർക്കുന്ന നിയമം ദയവായി പിൻവലിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഖാദിയുടെ പേരിൽ ഒരുപാട് വ്യവസായം നടക്കുന്നുണ്ട്. കൈകൊണ്ട് ചെയ്യുന്ന കാര്യങ്ങൾക്കെല്ലാം ഇളവ് ചെയ്തിട്ടുണ്ട്. പക്ഷേ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ചെയ്യുന്നവ ഖാദിയുടെ കാറ്റഗറിയിൽ വരുന്നെങ്കിലും അതിലൊന്നും ചെയ്യാനൊക്കില്ല. 25 ലക്ഷത്തിൽ കൂടുതൽ വരുമ്പോൾ അത് large scale ആണെന്ന് നമുക്ക് ആലോചിക്കാമല്ലോ? സ്വർണ്ണത്തിന്റെ കാര്യത്തിൽ ഒരു ശതമാനമാക്കിയത് All India-യിലാണ്. ഞാൻ മാത്രം ചെയ്തതല്ല. അതിനേക്കാൾ കൂടുതലായാൽ സ്വർണ്ണം വാങ്ങുന്നതിന് വില കൂടുതലാകും. ഒരു മാല വാങ്ങണമെങ്കിൽത്തന്നെ 25,000 രൂപയോളം വരും.

LIBRARY ARCHIVES Kerala Legislative Assembly

അതിന് നാല് ശതമാനമോ എട്ട് ശതമാനമോ കൊടുക്കണമെന്ന് പറഞ്ഞാൽ ഒരു ഭീമമായ തുക മാല വാങ്ങുന്നവർക്ക് ചെലവാക്കേണ്ടി വരും. അതുകൊണ്ട് അവിടെ evasion-ഉം കൂടുതൽ നടക്കുന്നു. Evasion ഒഴിവാക്കണം, ഇത് വാങ്ങുന്നവരുടെ burden കുറയ്ക്കണം. അതുകൊണ്ട് അഖിലേൻഡ്യാ തലത്തിൽത്തന്നെ എല്ലാ സംസ്ഥാനത്തും ഒരു ശതമാനമാക്കി കുറച്ചു.

<u>ശ്രീ. ടി. കെ. ബാലൻ:</u> സർ, ഗോൾഡിന്റെ 1 ശതമാനം നികുതിയെപ്പറ്റി പറഞ്ഞു. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ ചരിത്രത്തിൽ വളരെയേറെ വിവാദപരമായ റെയ്ഡാണ് പാലക്കാട്ട് അഞ്ചാറ് ദിവസം മുമ്പ് ഒരു പ്രശസ്തമായ ജുവലറിയിൽ നടന്നത്. കോടിക്കണക്കിന് രൂപയുടെ വെട്ടിപ്പ് കണ്ടുപിടിച്ചു. പക്ഷേ ഇപ്പോൾ ഒരിടത്തും അതിനെപ്പറ്റി ഒരു കാര്യവും പറയുന്നില്ല. എന്ത് സംഭവിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഒന്ന് അന്വേഷിച്ചാൽ മതി. ഇവിടെ റിപ്പൈ പറയേണ്ട.

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> എന്റെ നിർദ്ദേശത്തോടുകൂടി തന്നെയാണ് ആ വലിയ ജുവലറികൾ റെയ്ഡ് ചെയ്തത്. അതിന്റെ ഫലമായി ഞാൻ ഇതുവരെ മനസ്സിലാക്കിയിട്ടുള്ളത് ലക്ഷക്കണക്കിന് രൂപയുടെ അധികമായ ടാക്സ് ചുമത്താൻ കഴിഞ്ഞു എന്നാണ്. ബഹുമാനപ്പെട്ട ബാലൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഒന്നുകൂടി അതിനെപ്പറ്റി അന്വേഷിക്കാം. വൈദ്യന്മാരോട് മെക്കിട്ട് കയറരുതെന്ന് പറഞ്ഞു. എക്സൈസ് റെയ്ഡ് ചെയ്യുന്നു എന്ന് പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ഒരു വൈദ്യശാലയും റെയ്ഡ് ചെയ്യരുതെന്ന് ഞാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പക്ഷേ മദ്യത്തിന്റെ പേരിൽ, ചാരായ വിൽപ്പന നടത്തുന്നവരുണ്ടെങ്കിൽ എക്സൈസ് കമ്മീഷണറുടെ അനുവാദത്തോടുകൂടി അവിടെ കയറാം, അല്ലാതെ ഒരു വൈദ്യശാലയിലും കയറാൻ പാടില്ലെന്ന് പറയാൻ പറ്റില്ല. അരിഷ്ടത്തിന്റെ പേരിൽ ചാരായം വിറ്റാൽ നമുക്ക് നോക്കി നിൽക്കാൻ കഴിയില്ല. ഹെൽത്ത് മിനിസ്റ്ററും അത് വളരെ കാര്യമായി എന്നോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഒരു വൈദ്യശാലയിലും എക്സൈസുകാർ കയറാൻ പാടില്ല എന്ന് നിർദ്ദേശം കൊടുത്തിട്ടുള്ളത്. വാളയാർ ചെക്ക്പോസ്റ്റിനെ കുറിച്ച് ശ്രീ. വി. സി. കബീർ പറയുകയുണ്ടായി. വാളയാർ ചെക്ക് പോസ്റ്റിൽ കുഴപ്പമുണ്ട്. ഞാൻ സമ്മതിക്കുന്നു. പക്ഷേ ചീഫ് സെക്രട്ടറികൊണ്ടുവന്ന സാധനം പിടിച്ചത് എക്സൈസ് ഡിപ്പാർട്ടുമെന്റ് അല്ല. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റാണ്. അത് അദ്ദേഹം തെറ്റിദ്ധരിച്ചു പറഞ്ഞതാണ് അത് തിരുത്തണം. വാളയാർ ചെക്ക്പോസ്റ്റിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിക്കുന്നതാണ്. പക്ഷേ അതേ അവസരത്തിൽ നമുക്ക് കഴിഞ്ഞ വർഷത്തേക്കാൾ ചെക്ക്പോസ്റ്റുകളിൽ വളരെ കൂടുതൽ തുക കിട്ടിയിട്ടുണ്ട് എന്ന് വളരെ സന്തോഷത്തോടുകൂടി പറയാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ വർഷത്തേക്കാൾ 58 ശതമാനം കൂടുതൽ തുക ചെക്ക്പോസ്റ്റുകളിൽ നിന്നും ഈ വർഷം പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, വാളയാർ ചെക്ക്പോസ്റ്റ് കടന്നുവരുന്ന ബസ്സുകളുണ്ട്. തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നും വരുന്ന വോൾവോ ബസ്സുകളുടെ താഴെ ഏതാണ്ട് ഒരു ലോറിയിൽ കൊള്ളാവുന്നത്ര സാധനം ഓരോ ദിവസവും പാഴ്സൽ എന്നുപറഞ്ഞ് കടത്തിക്കൊണ്ടുവരുന്നുണ്ട്. ഇത് യാത്രക്കാരുടേതാണെന്നാണ് പറയുന്നത്. പക്ഷേ യാത്രക്കാരുടേതല്ല. കച്ചവടക്കാർക്ക് കൊണ്ടുവരികയാണ്. ഇത് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം അങ്ങ് മനസ്സിൽ കാണുന്നുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: അത് പരിശോധിക്കാം. വാളയാർ ചെക്ക് പോസ്റ്റിൽക്കൂടി അല്ലാതെയും ഒരുപാട് വരുന്നുണ്ട്. അതും എന്തുചെയ്യാൻ പറ്റുമെന്ന് പരിശോധിക്കുന്നതാണ്. ഗ്രാമവികസന പരിപാടി വന്നതിന്റെ ഭാഗമായി ഒരുപാട് ഇടറോഡുകൾ തമിഴ്നാടുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. അതുവഴി കടത്തുന്നുണ്ട്. ചില ആളുകൾ സ്വന്തം പുരയിടങ്ങളിൽ കൂടി കടത്തുന്നുണ്ട്. ഇതിനെല്ലാം എന്ത് നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റ് വളരെ കാര്യമായി ആലോചിക്കുകയാണ്. കർശനമായ നടപടികളെടുക്കാൻ തയ്യാറാണ്. ശ്രീ. പി. സി. ജോർജ്ജും ശ്രീ. ജോണി നെല്ലൂരും എല്ലാം കാർഷികാദായ നികുതിയെപ്പറ്റിയാണ് ഇപ്പോഴും പറയുന്നത്. ഇതിന് ഞാൻ വളരെ വിശദമായി സമാധാനം പറഞ്ഞതാണ്. ഇത് കുറയ്ക്കുകയായിരുന്നു. നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ വളരെ കുറച്ചതാണ്. അതിൽ കൂടുതലൊന്നും പറയേണ്ട. പക്ഷേ ഇത് ആര് പറഞ്ഞു എന്ന് അദ്ദേഹം ചോദിച്ചു. അസോസ്സിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരള ഉൾപ്പെടെ പല സംഘടനകളും പറഞ്ഞു. വൈരാഗ്യത്തിന്റെ കാര്യം പറഞ്ഞു. എനിക്ക് ആരോടും വിരോധമില്ല. എന്റെ നേച്ചർ അനുസരിച്ചുള്ള പെരുമാറ്റവും സംസാരവുമുണ്ട് എന്നല്ലാതെ ആരോടും വൈരാഗ്യമില്ല. കോമ്പൗണ്ടിംഗിന്റെ കാര്യം പറഞ്ഞു. കോമ്പൗണ്ട് ചെയ്യാൻ ആഗ്രഹിക്കുന്നു. കാരണം പതിനായിരക്കണക്കിന് കേസ്സുകൾ ഓരോ കോടതിയിലും കെട്ടിക്കിടക്കുകയാണ്. ഉദ്യോഗസ്ഥന്മാർക്ക് ആ കേസ്സുകൾ അന്വേഷിക്കാൻ കഴിയുന്നില്ല. ആ കേസ്സുകൾ അകാറ്റിലിൽ പോകുന്നു. ഉദ്യോഗസ്ഥന്മാർക്ക് മറ്റുള്ള നടപടികൾക്ക് സമയം കിട്ടുന്നില്ല. അതുകൊണ്ട് കോമ്പൗണ്ട് ചെയ്താൽ ശിക്ഷിക്കാൻ കഴിയും. കാശ് സർക്കാരിന് കിട്ടും. പക്ഷേ സർക്കാരിലുള്ള ഉദ്യോഗസ്ഥന്മാരല്ല ഇത് തീരുമാനിക്കുന്നത്. ഒരു ജുഡീഷ്യൽ ഓഫീസർ തന്നെയായിരിക്കും കോമ്പൗണ്ടിംഗിന്റെ കാര്യത്തിൽ തീരുമാനമെടുക്കുന്നത്. അതാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അതിൽ കൂടുതൽ പറയാനില്ല. ഗ്ലാസ്സിന്റെ കാര്യം പറഞ്ഞു. ശരിയാണ്. ആ നിർദ്ദേശം വന്നു. പ്ലാസ്റ്റിക് ബോട്ടിലിൽ വരുന്ന സാധനം എടുത്ത് നോക്കിയപ്പോൾ അതിൽ സിറിഞ്ച് ഉപയോഗിച്ച് എടുത്തിരിക്കുന്നു എന്ന് കണ്ടപ്പോൾ എന്റെയും കൂടി അനുവാദത്തോടുകൂടി തന്നെ അത് മാറ്റി ഗ്ലാസ്സാക്കാമെന്ന് പറഞ്ഞു. പക്ഷേ അത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അപകടകരമാണെന്ന് ബോധ്യപ്പെട്ടപ്പോൾ ഒരാഴ്ച മുമ്പ് തന്നെ ഒറിജിനൽ പ്ലാസ്റ്റിക് ബോട്ടിലിൽ തന്നെ എടുക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. Money Lenders Act-ൽ ബാങ്കിൽ നിന്നുള്ള പലിശയേക്കാൾ 2 ശതമാനമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും എല്ലാ ഷെഡ്യൂൾഡ് ബാങ്കുകളുടേയും ഇന്ററസ്റ്റ് റേറ്റ് റിസർവ്വ് ബാങ്ക് തീരുമാനിച്ചിരുന്നു. ഇപ്പോൾ അത് ഇല്ല. അതുകൊണ്ട് പല ബാങ്കുകളിലേയും പലിശ പലതാണ്. അതുമാത്രമല്ല ഇവിടെ കെ.എഫ്.സി. ബ്ലേഡ് കമ്പനിയാണെന്ന് പറഞ്ഞു. അവിടെത്തന്നെ ഒമ്പതര ശതമാനമേയുള്ളൂ. അതിനേക്കാൾ കുറവാണ് കെ.എസ്.എഫ്.ഇ.-യിൽ. ചില പ്രത്യേക ഐറ്റംസിന് 7 ശതമാനം മാത്രമേയുള്ളൂ. ഇന്ന് 7-ഉം 9-ഉം ശതമാനത്തിന് ബാങ്കുകളിൽ നിന്ന് പലിശയ്ക്ക് പണം കിട്ടുന്നുണ്ട്. ഒരു മാർജിൻ കൂടി വച്ചിട്ടാണ് 9 ശതമാനം. പക്ഷേ പല ഭാഗത്തു നിന്നും എനിക്ക് നിവേദനങ്ങൾ കിട്ടി. ഇന്നലെ ആളുകൾ ഇവിടെ വന്നു എന്നുള്ളത് ഒരു ഫാക്ടാണ്. രണ്ട് ഭാഗത്തു നിന്നും പലരും എന്നോട് പറഞ്ഞു. ഞാനായിട്ട് ഒരു തീരുമാനം എടുക്കുന്നില്ല. സബ്ജക്ട് കമ്മിറ്റിയെ വച്ചിട്ടുണ്ട്. അതിൽ കൺസൾട്ട് ചെയ്തിട്ട് അതിലെ കൺസെൻസസ് എന്താണെന്ന് അറിഞ്ഞിട്ട് ഒരു തീരുമാനം എടുക്കുന്നതാണ്. കെ.എസ്.ബി.സി.-യിൽ സെക്കൻഡ്സ് വിൽക്കുന്നു എന്നുപറഞ്ഞു. സർപ്രൈസ് ചെക്കിംഗ് നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യാം. ശ്രീ. കെ. കെ. നായർ കളള് ടിന്നിലടയ്ക്കണമെന്ന് പറഞ്ഞു. അതിന് മറുപടി പറഞ്ഞതാണ്. ശ്രീ. സി. ടി. അഹമ്മദ് അലി കെ.എഫ്.സി.-യുടെ കാര്യം പ്രത്യേകം പറഞ്ഞു. കെ.എഫ്.സി.-യിൽ നമുക്ക് അത്രയും കൺട്രോൾ ഇല്ല. കെ.എഫ്.സി.-യുടെ സെറ്റപ്പ് എന്നുപറയുന്നത് കേന്ദ്ര നിയമത്തിന്റെ ഫലമായുണ്ടായ സ്ഥാപനമാണ്. അതിൽ SIDBI-യുടെ മൂന്ന് ഡയറക്ടർമാരുണ്ട്. ചെയർമാനെ നിയമിക്കുന്നത് SIDBI ആണ്. പക്ഷേ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നത് സംസ്ഥാന സർക്കാരാണ്. പൊതുജനങ്ങൾക്ക് ഷെയറുണ്ട്. അവരുടെ ഡയറക്ടർ ബോർഡുണ്ട്. അവരാണ് തീരുമാനിക്കുന്നതെങ്കിലും ചില കാര്യങ്ങൾ പരിഗണനയ്ക്കായി അയച്ചു കൊടുക്കുന്നുണ്ട് എന്നല്ലാതെ അവരെ പരിപൂർണ്ണമായി നിയന്ത്രിക്കാറില്ല. പക്ഷേ അവരെ കുറെക്കൂടി നിയന്ത്രിക്കുന്നതിന് എന്ത് ചെയ്യാമെന്ന് ആലോചിക്കുന്നുണ്ട്. അത് പരിശോധിച്ചശേഷം തീരുമാനിക്കാം. ബാർ ലൈസൻസ് പുതുക്കാൻ A.I.C.യുടെ ചെല്ലാന്റെ ആവശ്യമില്ല, ഡി.ഡി. അടച്ചാൽ മതി അവർക്ക് പുതുക്കി കൊടുക്കും. ഡോ. തോമസ് ഐസക്കും ഇന്നലത്തെ കാര്യമാണ് ഇവിടെ വീണ്ടും പറഞ്ഞത്. ഇന്നലെത്തന്നെ വിശദമായ മറുപടി പറഞ്ഞതാണ്. അദ്ദേഹം

2.00 P. M.] ചോദിച്ചതിൽ ഒരു റെലവന്റ് ഫാക്ടുണ്ട്. ചീഫ് സെക്രട്ടറി പോകുമെന്നുള്ളത് നേരത്തെ അറിഞ്ഞുകൂടായിരുന്നോ എന്നുള്ളത്. ചീഫ് സെക്രട്ടറിയെ വിളിച്ചിരുന്നു എന്നുള്ളത് നേരത്തെ അറിയാമായിരുന്നു. അതുകൊണ്ടാണ് ചീഫ് സെക്രട്ടറിക്ക് ഒന്നും വരാൻ പാടില്ലെന്നുള്ളത് മാത്രമല്ല കേസിൽ നമ്മുടെ വാദം ശക്തിയായി ചെയ്യണമെന്നുള്ളതുകൊണ്ടാണ് റാവുവും,

നാഗേശ്വരറാവുവും പ്രഗൽഭരായ രണ്ട് പേരും, അവരുടെ പേര് ഞാൻ പറയുന്നില്ല ഏറ്റവും സീനിയറായ ലോയർമാരെ അവിടെ പോയി അറ്റന്റ് ചെയ്യാൻ പറഞ്ഞത്. നമുക്ക് നഷ്ടം വരാൻ പാടില്ല ചീഫ് സെക്രട്ടറിക്ക് ഒന്നും വരാൻ പാടില്ല എന്നുള്ളതുകൊണ്ടാണ് ഇത് ചെയ്തത്. അവർ ഉണ്ടായിരുന്നിട്ടും നമ്മൾ പ്രതീക്ഷിച്ചതിന് വിപരീതമായി ഫലം വന്നു എന്നുള്ളത് വേറെ കാര്യം. അതല്ലാതെ എനിക്ക് പറയാനില്ല. ഇക്കാര്യത്തിലൊക്കെ വളരെ നിഷ്പക്ഷമായിട്ടാണ് ഞാൻ ചെയ്തിട്ടുള്ളത്. ഇതിൽ ഒന്നും ആരേയും സഹായിക്കാൻ ഞാൻ ശ്രമിച്ചിട്ടില്ല. ലോട്ടറിയുടെ കാര്യം പറയുകയാണെങ്കിൽ ഞാൻ വന്നതുമുതൽ നിങ്ങൾക്കറിയാമല്ലോ ലോട്ടറിക്കെതിരായി കുരിശുയുദ്ധം നടത്തുകയല്ലേ ചെയ്യുന്നത്. എല്ലാ നടപടികളും സ്വീകരിച്ചു. പോലീസിനെ വിനിയോഗിച്ചു. ഇന്നലെ പറഞ്ഞു ഐ.ജി.-മാർക്കും കളക്ടർമാർക്കും പ്രത്യേക നിർദ്ദേശം കൊടുത്തു. പക്ഷെ ഇതിന് ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ ഇവിടെ ഇത് നടക്കാതിരിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. പോരായ്മകൾ എന്തെങ്കിലും ഉണ്ടെങ്കിൽ പരിഹരിക്കാം. ടാക്സ് ഇനിയും നമുക്ക് ഈടാക്കാം. നമ്മുടെ ഫിനാൻസ് ബില്ലിൽ പ്രൊവിഷനുണ്ട്. നമ്മൾ സെയിൽസ് ടാക്സിൽനിന്ന് വാറ്റിലേക്ക് പോകുന്നുണ്ടെങ്കിലും പഴയ കുടിശ്ശികകൾ കിട്ടേണ്ടത് അസ്സസ് ചെയ്ത് കളക്ട് ചെയ്യണമെന്നു ക്ലോസിൽ പ്രത്യേകമായി എഴുതിച്ചേർത്തിട്ടുണ്ട്. അതുകൊണ്ട് ഈ സമ്പ്രദായം വന്നതോടുകൂടി മറ്റുള്ളവരെല്ലാം രക്ഷപ്പെടുമെന്ന് ആരും പ്രതീക്ഷിക്കേണ്ട. ഈ പുതിയ നിയമം വന്നാലും പഴയ കുടിശ്ശിക തരാനുള്ള ആളുകൾ ആരാണെന്നു വച്ചാൽ അതൊക്കെ അസ്സസ് ചെയ്യാനും, ഈടാക്കാനും അധികാരമുണ്ട്. അതുകൊണ്ട് ആർക്കും ആശങ്ക വേണ്ട, ഭയം വേണ്ട. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. എല്ലാവരും കൂടി ഈ ഡിമാന്റുകൾ പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. സി. മൊയ്തീൻ, ശ്രീ. സാജു പോൾ, ശ്രീ. കെ. വി. കുഞ്ഞിരാമൻ, ശ്രീ. കെ. പി. സതീശ്ചന്ദ്രൻ, ശ്രീ. രാജു എബ്രഹാം, ശ്രീ. കെ. കെ. ജയചന്ദ്രൻ, ഡോ. തോമസ് ഐസക്, ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. എം. വി. ജയരാജൻ, ശ്രീ. എ. എ. അസീസ്, ശ്രീ. എം. കുമാരൻ, ശ്രീ. എൻ. രാജൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ V-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച കട്ട് മോഷനുകൾ പ്രസ്സ് ചെയ്യുന്നുണ്ടോ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

കട്ട്മോഷനുകൾ തള്ളിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :

അനുകൂലിക്കുന്നവർ : 71

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കളത്തിൽ അബ്ദുള്ള
3. ശ്രീ. പി. കെ. അബ്ദുറബ്ബ്
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. പി. അനിൽകുമാർ
6. ശ്രീ. എൻ. ഡി. അപ്പച്ചൻ
7. ശ്രീ. ഇ. എം. അഗസ്തി
8. ശ്രീ. കെ. ബാബു
9. ശ്രീ. ബാബു ദിവാകരൻ
10. ശ്രീ. പി. കെ. കെ. ബാവ
11. ശ്രീ. ടി. വി. ചന്ദ്രമോഹൻ
12. ശ്രീ. കെ. എ. ചന്ദ്രൻ
13. ശ്രീ. കെ. ബി. ഗണേഷ്കുമാർ
14. ശ്രീ. എം. പി. ഗംഗാധരൻ
15. ശ്രീ. പി. പി. ജോർജ്
16. ശ്രീ. ജോർജ് ജെ. മാത്യു
17. ശ്രീമതി കെ. ആർ. ഗൗരിയമ്മ
18. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
19. ശ്രീ. ഇസ്ഹാക് കുരിക്കൾ
20. ശ്രീ. കെ. സി. ജോസഫ്
21. ശ്രീ. ജോസഫ് എം. പുതുശ്ശേരി
22. ശ്രീ. പി. ജെ. ജോയി

LIBRARY ARCHIVES Kerala Legislative Assembly

23. ശ്രീ. വർക്കല കഹാർ
24. ശ്രീ. കെ. എൻ. എ. ഖാദർ
25. ശ്രീ. കെ. കെ. നായർ
26. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
27. ഡോ. എം. എ. കുട്ടപ്പൻ
28. ശ്രീ. ലൂഡി ലൂയിസ്
29. ശ്രീ. സി. മമ്മൂട്ടി
30. ശ്രീ. കെ. എം. മാണി
31. ശ്രീ. കെ. മുഹമ്മദാലി
32. ശ്രീ. കെ. മോഹൻകുമാർ
33. ശ്രീ. എ. കെ. മണി
34. ശ്രീ. സി. മോയിൻകുട്ടി
35. ശ്രീ. ആര്യാടൻ മുഹമ്മദ്
36. ശ്രീ. എം. മുരളി
37. ശ്രീ. എഴുകോൺ നാരായണൻ
38. ശ്രീ. കെ. കെ. ഷാജു
39. ശ്രീ. കടവൂർ ശിവദാസൻ
40. ശ്രീമതി ശോഭനാ ജോർജ്
41. ശ്രീ. സ്റ്റീഫൻ ജോർജ്
42. ശ്രീ. ഡി. സുഗതൻ
43. ശ്രീ. എ. സുജനപാൽ
44. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
45. ശ്രീ. വി. ജെ. പൗലോസ്
46. ശ്രീ. അടൂർ പ്രകാശ്
47. ശ്രീ. ടി. എൻ. പ്രതാപൻ
48. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
49. ശ്രീ. വക്കം പുരുഷോത്തമൻ
50. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
51. ശ്രീമതി രാധാരാഘവൻ
52. ശ്രീ. എം. വി. രാഘവൻ
53. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
54. ശ്രീ. യു. സി. രാമൻ
55. ശ്രീ. തമ്പാനൂർ രവി

LIBRARY ARCHIVES Kerala Legislative Assembly

56. ശ്രീ. റോഷി അഗസ്റ്റിൻ
57. ശ്രീ. ടി. പി. എം. സാഹിർ
58. ശ്രീ. എൻ. ശക്തൻ
59. ശ്രീ. പി. ശങ്കരൻ
60. ശ്രീമതി മാലേത്ത് സരളാദേവി
61. ശ്രീ. വി. ഡി. സതീശൻ
62. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
63. ശ്രീ. എൻ. സുന്ദരൻ നാടാർ
64. ശ്രീ. സി. എഫ്. തോമസ്
65. പ്രൊഫ. കെ. വി. തോമസ്
66. ശ്രീ. പി. ടി. തോമസ്
67. ശ്രീ. തോമസ് ചാഴികാടൻ
68. ശ്രീ. തോമസ് ഉണ്ണിയാടൻ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. കെ. സി. വേണുഗോപാൽ
71. ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ : 30

1. ശ്രീ. എ. എ. അസീസ്
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീ. ടി. കെ. ബാലൻ
5. ശ്രീ. ബിനോയ് വിശ്വം
6. ശ്രീ. വി. കെ. ചന്ദ്രൻ
7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. ടി. കെ. ദേവകുമാർ
9. ശ്രീ. പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. കെ. കെ. ജയചന്ദ്രൻ
12. ശ്രീ. എം. വി. ജയരാജൻ
13. ശ്രീ. എം. കുമാരൻ
14. ശ്രീ. കെ. വി. കുഞ്ഞിരാമൻ
15. ശ്രീ. വി. കെ. സി. മമ്മത്കോയ
16. ശ്രീ. മത്തായി ചാക്കോ

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. കെ. പി. മോഹനൻ
18. ശ്രീ. എ. സി. മൊയ്തീൻ
19. ശ്രീ. സി. കെ. നാണു
20. ശ്രീ. പി. നാരായണൻ
21. ശ്രീ. കെ. രാധാകൃഷ്ണൻ
22. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
23. ശ്രീ. എൻ. രാജൻ
24. ശ്രീ. രാജു എബ്രഹാം
25. ശ്രീ. ടി. പി. രാമകൃഷ്ണൻ
26. ശ്രീ. സാജു പോൾ
27. ശ്രീ. കെ. പി. സതീശ്ചന്ദ്രൻ
28. ശ്രീ. എ. സി. ഷൺമുഖദാസ്
29. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
30. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല

മി. സ്പീക്കർ

അനുകൂലിക്കുന്നവർ : 71

പ്രതികൂലിക്കുന്നവർ : 30

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ: ശ്രീ. എ. സി. മൊയ്തീൻ, ശ്രീ. എൻ. രാജൻ, ശ്രീ. എം. കുമാരൻ, ശ്രീ. കെ. വി. കുഞ്ഞിരാമൻ, ശ്രീ. രാജു എബ്രഹാം, ശ്രീ. കെ. പി. സതീശ്ചന്ദ്രൻ, ശ്രീ. കെ. കെ. ജയചന്ദ്രൻ, ശ്രീ. സാജു പോൾ, ഡോ. തോമസ് ഐസക്, ശ്രീ. എം. വി. ജയരാജൻ, ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. എ. എ. അസീസ് എന്നീ അംഗങ്ങൾ VIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച കട്ട്മോഷനുകൾ പ്രസ് ചെയ്യുന്നുണ്ടോ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

കട്ട്മോഷനുകൾ സഭ തള്ളിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ V-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :

അനുകൂലിക്കുന്നവർ : 71

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കളത്തിൽ അബ്ദുള്ള
3. ശ്രീ. പി. കെ. അബ്ദുറബ്ബ്
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. പി. അനിൽകുമാർ
6. ശ്രീ. എൻ. ഡി. അപ്പച്ചൻ
7. ശ്രീ. ഇ. എം. അഗസ്തി
8. ശ്രീ. കെ. ബാബു
9. ശ്രീ. ബാബു ദിവാകരൻ
10. ശ്രീ. പി. കെ. കെ. ബാവ
11. ശ്രീ. ടി. വി. ചന്ദ്രമോഹൻ
12. ശ്രീ. കെ. എ. ചന്ദ്രൻ
13. ശ്രീ. കെ. ബി. ഗണേഷ്കുമാർ
14. ശ്രീ. എം. പി. ഗംഗാധരൻ
15. ശ്രീ. പി. പി. ജോർജ്
16. ശ്രീ. ജോർജ് ജെ. മാത്യു
17. ശ്രീമതി കെ. ആർ. ഗൗരിയമ്മ
18. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
19. ശ്രീ. ഇസ്ഹാക് കുരിക്കൾ
20. ശ്രീ. കെ. സി. ജോസഫ്
21. ശ്രീ. ജോസഫ് എം. പുതുശ്ശേരി
22. ശ്രീ. പി. ജെ. ജോയി
23. ശ്രീ. വർക്കല കഹാർ

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. കെ. എൻ. എ. ഖാദർ
25. ശ്രീ. കെ. കെ. നായർ
26. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
27. ഡോ. എം. എ. കുട്ടപ്പൻ
28. ശ്രീ. ലൂഡി ലൂയിസ്
29. ശ്രീ. സി. മമ്മൂട്ടി
30. ശ്രീ. കെ. എം. മാണി
31. ശ്രീ. കെ. മുഹമ്മദാലി
32. ശ്രീ. കെ. മോഹൻകുമാർ
33. ശ്രീ. എ. കെ. മണി
34. ശ്രീ. സി. മോയിൻകുട്ടി
35. ശ്രീ. ആര്യാടൻ മുഹമ്മദ്
36. ശ്രീ. എം. മുരളി
37. ശ്രീ. എഴുകോൺ നാരായണൻ
38. ശ്രീ. കെ. കെ. ഷാജു
39. ശ്രീ. കടവൂർ ശിവദാസൻ
40. ശ്രീമതി ശോഭനാ ജോർജ്
41. ശ്രീ. സ്റ്റീഫൻ ജോർജ്
42. ശ്രീ. ഡി. സുഗതൻ
43. ശ്രീ. എ. സുജനപാൽ
44. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
45. ശ്രീ. വി. ജെ. പൗലോസ്
46. ശ്രീ. അടൂർ പ്രകാശ്
47. ശ്രീ. ടി. എൻ. പ്രതാപൻ
48. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
49. ശ്രീ. വക്കം പുരുഷോത്തമൻ
50. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
51. ശ്രീമതി രാധാരാഘവൻ
52. ശ്രീ. എം. വി. രാഘവൻ
53. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
54. ശ്രീ. യു. സി. രാമൻ
55. ശ്രീ. തമ്പാനൂർ രവി
56. ശ്രീ. റോഷി അഗസ്റ്റിൻ

LIBRARY ARCHIVES Kerala Legislative Assembly

57. ശ്രീ. ടി. പി. എം. സാഹിർ
58. ശ്രീ. എൻ. ശക്തൻ
59. ശ്രീ. പി. ശങ്കരൻ
60. ശ്രീമതി മാലേത്ത് സരളാദേവി
61. ശ്രീ. വി. ഡി. സതീശൻ
62. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
63. ശ്രീ. എൻ. സുന്ദരൻ നാടാർ
64. ശ്രീ. സി. എഫ്. തോമസ്
65. പ്രൊഫ. കെ. വി. തോമസ്
66. ശ്രീ. പി. ടി. തോമസ്
67. ശ്രീ. തോമസ് ചാഴികാടൻ
68. ശ്രീ. തോമസ് ഉണ്ണിയാടൻ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. കെ. സി. വേണുഗോപാൽ
71. ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ : 30

1. ശ്രീ. എ. എ. അ്സീസ്
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീ. ടി. കെ. ബാലൻ
5. ശ്രീ. ബിനോയ് വിശ്വം
6. ശ്രീ. വി. കെ. ചന്ദ്രൻ
7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. ടി. കെ. ദേവകുമാർ
9. ശ്രീ. പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. കെ. കെ. ജയചന്ദ്രൻ
12. ശ്രീ. എം. വി. ജയരാജൻ
13. ശ്രീ. എം. കുമാരൻ
14. ശ്രീ. കെ. വി. കുഞ്ഞിരാമൻ
15. ശ്രീ. വി. കെ. സി. മമ്മത്കോയ
16. ശ്രീ. മത്തായി ചാക്കോ
17. ശ്രീ. കെ. പി. മോഹനൻ

2/654/2012—33a.

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. എ. സി. മൊയ്തീൻ
19. ശ്രീ. സി. കെ. നാണു
20. ശ്രീ. പി. നാരായണൻ
21. ശ്രീ. കെ. രാധാകൃഷ്ണൻ
22. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
23. ശ്രീ. എൻ. രാജൻ
24. ശ്രീ. രാജു എബ്രഹാം
25. ശ്രീ. ടി. പി. രാമകൃഷ്ണൻ
26. ശ്രീ. സാജു പോൾ
27. ശ്രീ. കെ. പി. സതീശ്ചന്ദ്രൻ
28. ശ്രീ. എ. സി. ഷൺമുഖദാസ്
29. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
30. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ

അനുകൂലിക്കുന്നവർ : 71

പ്രതികൂലിക്കുന്നവർ : 30

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതാണ്.

(തുടർന്ന് മാർച്ച് 17-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 2.05-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly